സാമൂഹിക അകലം പാലിക്കുക

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

ISSN 2582-2764

നം. 02/2020 | ഏപ്രിൽ 2020 | തിരുവനന്തപുരം | പേജ് 20 | വില 10 രൂപ




പൗരത്വ ബില്ലിലൂടെ സംഘപരിവാർ ഇന്ത്യക്ക് തീ കൊടുക്കുന്നു » 04

ഡൽഹിയുടെ രോദനങ്ങൾ » 15

Break the Chain

ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

# നാം അതിജീവിക്കും

**പി.ശ്രീരാമകൃഷ്ണൻ**, സ്പീക്കർ

ലോകം ഇപ്പോൾ മറ്റൊരു ചരിത്ര സന്ധിയിലാണ്. ചരിത്രം പരിശോധിച്ചാൽ, ജനലക്ഷങ്ങളെ കൊന്നൊടുക്കിയ മഹാമാരികൾ, പകർച്ചവ്യാധികൾ, ദുരന്തങ്ങൾ പല കാലങ്ങളിലും ഉണ്ടായിട്ടുണ്ടല്ലോ! പ്ലേഗ്, കോളറ, മലേറിയ, കുഷ്ഠം, സാർസ് അങ്ങനെ പല മഹാമാരികളും വന്നു. പരിഭ്രാന്തരായെങ്കിലും പതുക്കെ മനുഷ്യൻ അതിനെയെല്ലാം അതിജീവിക്കുക തന്നെ ചെയ്തു. ഇവയെ എങ്ങനെ വരുതിയിലാക്കാമെന്ന് ഇന്ന് നമുക്കറിയാം. ഇപ്പോൾ ലോകമാകെ കൊറോണയെക്കുറിച്ചുള്ള ആശങ്കയിലാണ്. ആദ്യത്തെ ദുരന്താവസ്ഥയിൽ നിന്ന് ചൈന പതിയെ മടങ്ങിത്തുടങ്ങി. അങ്ങനെ പതിയെ എല്ലാം പൂർവസ്ഥിതിയിലാകും.



ചൈനയിൽ ഇരുപതിനായിരത്തിലധികം പേർക്ക് കോവിഡ് 19-ന്റെ സാന്നിദ്ധ്യം കണ്ടെത്തിയ ജനുവരി അവസാനവാരം ഇറ്റലിയിൽ കേവലം രണ്ടാളിലാണ് രോഗം സ്ഥിരീകരിച്ചിരുന്നത്. ഇപ്പോൾ ചൈനയേക്കാൾ ഭീഷണമായ അവസ്ഥയിലേക്ക് ഇറ്റലി മാറിക്കഴിഞ്ഞു. അതായത്, ഇന്ത്യയെ സംബന്ധിച്ച് ഏറ്റവും ഗൗരവത്തോടെ മുൻകരുതലെടുക്കേണ്ട സമയമാണിത്. സാമ്പത്തികമായി രാജ്യം നേരിടുന്ന വെല്ലുവിളികളോടൊപ്പം കൊറോണ ഉണ്ടാക്കിയേക്കാവുന്ന ആഘാതം വളരെ വലുതാണ്. ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിലെ ജനജീവിതവും ആരോഗ്യവും ഏറ്റവും കരുതലോടെ കണക്കിലെടുക്കേണ്ട സമയമാണ്. രോഗം പടരാതിരിക്കാൻ അതീവശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ചങ്ങലയിൽ കണ്ണി ചേരും പോലെ ഒരാളിൽ നിന്ന് അടുത്ത ആളിലേക്ക്, അയാളിൽനിന്ന് മറ്റു പലരിലേക്ക് എന്നിങ്ങനെ അത് സംക്രമിക്കുമ്പോൾ കണ്ണി മുറിക്കുക എന്നതിനു തന്നെയാണ് പ്രഥമ പരിഗണന കൊടുക്കേണ്ടത്. വിദേശത്തുനിന്നു വന്നവരും രോഗലക്ഷണങ്ങളുള്ളവരും മാത്രമല്ല, രോഗലക്ഷണങ്ങളുള്ളവരുമായും രോഗസാധ്യതയുള്ളവരുമായും സമ്പർക്കം പുലർത്തിയവരും സ്വമേധയാ ആരോഗ്യവകുപ്പിന്റെ ഐസൊലേഷൻ നിർദ്ദേശങ്ങൾ പാലിക്കാൻ തയ്യാറാകണം. ഇത് ഒരു വ്യക്തിയുടെയോ അയാളുടെ കുടുംബത്തിന്റെയോ ആരോഗ്യപ്രശ്നം മാത്രമല്ല. ഒരാളുടെ അശ്രദ്ധ, ഒരു പ്രദേശത്തെ മുഴുവൻ പ്രതിസന്ധിയിലാക്കിയത് നമ്മൾ കണ്ടതാണ്. അതുകൊണ്ട് ഇടയ്ക്കിടെ കൈ കഴുകിയും സാനിറ്റൈസർ ഉപയോഗിച്ചും നമ്മൾ കൊറോണ വാഹകരോ രോഗസംക്രമണത്തിന്റെ കണ്ണികളോ ആകുന്നത് തടയേണ്ടത് രാജ്യസുരക്ഷയ്ക്ക് തന്നെ പരമപ്രധാനമാണ്.

കേരളത്തെ സംബന്ധിച്ച് വളരെ സൂക്ഷ്മതയോടെ നമ്മൾ കൊറോണ ഭീഷണിയെ ഒരിക്കൽ മറികടന്നുവെന്നത് ആത്മവിശ്വാസവും ധൈര്യവും പകരുന്നതാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ വീണ്ടും നമ്മൾ ആശങ്കയിലാകുമ്പോഴും 'നമ്മൾ ഈ ചങ്ങലക്കണ്ണിയെ മുറിച്ചിടുക തന്നെ ചെയ്യും' എന്ന് ഓരോരുത്തരും ഉറപ്പിച്ചു പറയുന്നത് ആശ്വാസകരമാണ്. ജാഗ്രത കൂടിയേ കഴിയൂ. "ശാരീരിക അകലം, സാമൂഹിക ഒരുമ" കേവലം മുദ്രാവാക്യം മാത്രമായിരിക്കാതെ നമ്മുടെ പ്രവർത്തന മാനദണ്ഡമാകേണ്ടതുണ്ട്. നമ്മോടു തന്നെയും മറ്റുള്ളവരോടുമുള്ള കരുതലായി ഈ ശാരീരിക അകലത്തെ മനസ്സിലാക്കണം. അതു പാലിക്കുന്നതിലൂടെ നമ്മൾ സാധിക്കുന്നത് സാമൂഹികമായ ഒരുമയാണ്. ശാരീരിക അകലം പാലിക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ടായിരിക്കും എന്നുള്ളതുകൊണ്ടു തന്നെ ആദ്യപ്രതിരോധം എന്ന നിലയ്ക്കാണ് വിദ്യാലയങ്ങൾക്ക് അവധി പ്രഖ്യാപിച്ചത്. അതിന്റെ തുടർ നടപടിയെന്നോണം ആൾക്കൂട്ടങ്ങളും വലിയ ഒത്തുചേരലുകളും ഒഴിവാക്കിയേ മതിയാകൂ. ഒരു വ്യക്തിയുടെ സഞ്ചാരപഥം കണ്ടെത്തുക തന്നെ എത്രയോ ശ്രമകരമാണ് എന്നിരിക്കെ ആ സഞ്ചാരപഥങ്ങളിൽനിന്ന് ആരംഭിക്കുന്ന അനേകം സഞ്ചാരപഥങ്ങൾ, ഒന്നിൽനിന്ന് മറ്റനേകത്തിലേക്ക് എന്ന കണക്കിന് ഇരട്ടിക്കുമ്പോൾ നിയന്ത്രണാതീതമായ അവസ്ഥയിലേക്ക് കാര്യങ്ങൾ മാറുമെന്നത് ഓർക്കണം. ഭയമല്ല, ജാഗ്രത തന്നെയാണ് വേണ്ടത്. ഏറ്റവും അത്യന്താപേക്ഷിതമായത് മാത്രം ചെയ്യുക - അത് യാത്രയിലായാലും ഭക്ഷണത്തിലായാലും മറ്റു ചെലവുകളിലായാലും.

ഇപ്പോൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നും 'കേരളമോഡൽ' എന്ന അഭിനന്ദനസൂചകമായ പ്രതികരണങ്ങൾ ഉണ്ടാകുന്നുണ്ട്. കേരള സർക്കാരും ആരോഗ്യവകുപ്പും മുഖ്യമന്ത്രിയും ആരോഗ്യവകുപ്പ് മന്ത്രിയുമടക്കമുള്ള മന്ത്രിസഭാംഗങ്ങളും അതിലുപരി ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലം തന്നെയാണ് ഇത്. ജനങ്ങളുടെ മുമ്പിൽ, അവരുടെ ആശങ്കകൾ ദൂരീകരിക്കാനും അതേസമയം ജാഗ്രത പുലർത്തേണ്ടതിന്റെ ഗൗരവം വ്യക്തമാക്കാനും തയ്യാറായി ആരോഗ്യമന്ത്രി ഇരിക്കുമ്പോൾ അത് ഈ മഹാമാരിയെ നേരിടാൻ ജനങ്ങളോടൊപ്പം സർക്കാരും സജ്ജമാണ് എന്നതിന്റെ സാക്ഷ്യം തന്നെയാണ്. ഭീതിപരത്തുംവിധം പലയിടത്തുനിന്നും ഓരോ മൊബൈൽ ഫോണിലേക്കും വരുന്ന വ്യാജസന്ദേശങ്ങളെയല്ല, ശരിയായ ഉറവിടത്തെയാണ് വിവരങ്ങൾക്ക് ആശ്രയിക്കേണ്ടത് എന്ന പ്രഖ്യാപനം കൂടിയാണ് അത്. അതിനായി കേരള ഗവൺമെന്റ് GoK Direct എന്ന മൊബൈൽ ആപ്ലിക്കേഷൻ കൊണ്ടുവരികയും കൊറോണയുമായി ബന്ധപ്പെട്ട വിവരങ്ങളും നിർദ്ദേശങ്ങളും ദിശ ഹെൽപ് ലൈൻ ലിങ്ക് വഴി ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു. ഇത് വലിയൊരു ചുവടുവെയ്പ് തന്നെയാണ്. പുതിയ കൊറോണ കേസ് റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ

(...ശേഷം പേജ് 2)




## കോവിഡ് 19 : നിയമസഭയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന **ഹെൽപ് ഡെസ്ക്**



തിരുവനന്തപുരം : കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങളുടെ സഹായവും പിന്തുണയും ലഭ്യമാക്കാനുള്ള ഹെൽപ് ഡെസ്ക് നിയമസഭയിൽ ആരംഭിച്ചു.

24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക് നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ നിർദ്ദേശപ്രകാരമാണ് ആരംഭിച്ചത്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെയും ഇന്ത്യയുടെയും പലഭാഗത്തുനിന്നും പലവിധ സഹായമാവശ്യപ്പെട്ട് നിരവധിപേർ നിയമസഭാ സെക്രട്ടേറിയേറ്റിനേയും സ്പീക്കറുടെ ഓഫീസിനെയും ബന്ധപ്പെടുന്നുണ്ട്. ലോക കേരള സഭയിലെ അംഗങ്ങളും ബന്ധപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നത്. സർക്കാർ തയ്യാറാക്കിയ ഏകോപന സംവിധാനവും വാർ റൂം ഉൾപ്പെടെയുള്ള സംവിധാനങ്ങളും ബന്ധപ്പെടുന്നവർക്ക് ഉറപ്പുവരുത്തുന്നതിനുള്ള കേന്ദ്രമായാണ് ഹെൽപ് ഡെസ്ക് പ്രവർത്തിക്കുകയെന്ന് സ്പീക്കർ അറിയിച്ചു.

തിരുവനന്തപുരം കോർപ്പറേഷന്റെ സാമൂഹിക അടുക്കളയിലേക്ക് നിയമസഭയിൽനിന്നും ഭക്ഷണപ്പൊതികൾ നൽകാനും തീരുമാനമായി. നിയമസഭാ ജീവനക്കാരുടെ പങ്കാളിത്തത്തിൽ തയ്യാറാക്കുന്ന ഭക്ഷണപ്പൊതികളാണ് കൈമാറുക.

കൂടാതെ കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന ഒരു ഇൻഫോടൈൻമെന്റ് മൊബൈൽ ആപ്പും നിയമസഭയിൽ ഒരുങ്ങുന്നുണ്ട്. നിയമസഭയുടെ ഡിജിറ്റൽ ഐടി വിങിന്റെ നേതൃത്വത്തിൽ വീടുകളിലിരിക്കുന്ന കുട്ടികൾക്ക് പ്രത്യേക ഡിജിറ്റൽ പരിശീലന പരിപാടിയാണ് പ്രധാനമായും ആപ്പിലൂടെ ഉദ്ദേശിക്കുന്നത്. വെർച്വൽ ക്ലാസ്റൂം ഉൾപ്പെടെയുള്ള സംവിധാനമുള്ള ആപ്പിന്റെ സേവനം ഉടൻ ലഭ്യമാകുമെന്നും സ്പീക്കർ അറിയിച്ചു. മാനസിക ഉല്ലാസത്തിനും, സംഘർഷം കുറയ്ക്കുന്നതിനുമുള്ള ആപ്പിൽ രക്ഷിതാക്കൾക്കുള്ള കുടുംബ കൗൺസിലിങ് സംവിധാനവും ഒരുക്കും. കോവിഡ് 19 സമൂഹവ്യാപനം തടയാനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണെന്നും സ്പീക്കർ വ്യക്തമാക്കി.



പകൽ സമയം വിളിക്കാവുന്ന നിയമസഭ ഹെൽപ് ഡെസ്ക് നമ്പറുകൾ- 0471- 2512160, 2512674

9447412853
9497171040
9497849643

രാത്രി (6 പി.എം. - 7 എ.എം.) വിളിക്കാവുന്ന ഹെൽപ് ഡെസ്ക് നമ്പറുകൾ

0471 2513014
9746460051
9745518845

(...തുടർച്ച പേജ് 1)

രോഗിയുടെ റൂട്ട് മാപ് സഹിതം വിവരങ്ങൾ നല്കി, രോഗസാധ്യതയുള്ളവരെ കണ്ടെത്താനും വേണ്ട മുൻകരുതലുകൾ എടുക്കാനും കേരളത്തിന് കഴിയുന്നുണ്ട് എന്നത് വരും ദിവസങ്ങളിൽ നിർണായകമായ കാര്യമാണ്.

നമുക്കറിയാം കേരളം പോലെ ഒരു സംസ്ഥാനത്ത് നിത്യജീവനത്തിന് വഴി കണ്ടെത്തേണ്ടുന്നവരായ കർഷകരും തൊഴിലാളികളുമാണ് ഏറെയും. വഴിയോര ക്കച്ചവടം മുതൽ മൾട്ടിപ്ലക്സ് തിയേറ്ററുകൾ വരെയും പ്രതിസന്ധിയിലാകുന്നു. കെ.എസ്.ആർ.ടി.സി മുതൽ ഓട്ടോഡ്രൈവർമാർ വരെ സാമ്പത്തികബാധ്യതയെ നേരിടേണ്ട അവസ്ഥയുണ്ട്. ഉത്സവാഘോഷങ്ങൾ ഉപേക്ഷിക്കപ്പെടുമ്പോൾ രോഗം തടയാനാവുമെന്നത് ആശ്വാസമാണെങ്കിലും ഈ ഉത്സവങ്ങളെ ആശ്രയിച്ച് കഴിയുന്ന വഴിവാണിഭക്കാരെയും കലാകാരന്മാരെയും ആശങ്കകൾ വിട്ടൊഴിയുന്നില്ലല്ലോ. പ്രളയത്തിന് ശേഷം വീണ്ടും കൊറോണയുടെ നിയന്ത്രണങ്ങളിൽ സാമ്പത്തികമാന്ദ്യം പിടിമുറുക്കുമ്പോഴുള്ള ജനങ്ങളുടെ പ്രതിസന്ധിയെ വകവയ്ക്കാതെ ഒരു ജനാധിപത്യ ഭരണകൂടത്തിന് സേഫ്റ്റിയെക്കുറിച്ച് സംസാരിക്കാനാകില്ലല്ലോ. മുഖ്യമന്ത്രിയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപനം ആശ്വാസം മാത്രമല്ല, രോഗത്തെ ചെറുക്കാനുള്ള ആത്മവിശ്വാസം കൂടിയാണ് തരുന്നത്. വിദേശത്തുനിന്നു വരുന്നവരെ പ്രത്യേകം ശ്രദ്ധിക്കണം എന്നു പറയുമ്പോഴും വിദേശികളോട് ശത്രുക്കളോടെന്ന പോലെ പെരുമാറരുത് എന്ന് പറയുന്നതിലെ ആ കരുതൽ, രോഗിയെ ചേർത്തു പിടിച്ച് രോഗത്തെ തുരത്താനുള്ള ആ ആർജ്ജവമാണ് കേരളത്തിലെ ആരോഗ്യവകുപ്പിന്റെ ശക്തി.

ഏതൊന്നിനേയും വളരെ പോസിറ്റീവായി ഏറ്റെടുക്കുന്നവരാണ് മലയാളികൾ എന്ന് നിസ്സംശയം പറയാം. അതിനാലാണല്ലോ ലോകത്തിന്റെ ഏത് കോണിൽ പോയാലും മലയാളി അവിടുത്തെ ആളായി ജീവിച്ചു കാണിക്കുന്നത്. കഷ്ടനഷ്ടങ്ങൾക്കിടയിലും പരസ്പര സഹകരണത്തിനും ജാതിമത ഭേദമെന്യേയുള്ള കരുതലിനുമുള്ള അവസരമായി പ്രളയത്തെ കാണാനാണ് മലയാളികൾ ശ്രമിച്ചത്. ഭീതിയുളവാക്കുന്നതും മനുഷ്യത്വ വിരുദ്ധവുമായ അഭിപ്രായ പ്രകടനങ്ങൾ ഉണ്ടെങ്കിലും അതിലുപരി കൊറോണ കൊണ്ടുവന്ന സാമൂഹിക സാംസ്കാരിക സാമ്പത്തിക പ്രതിസന്ധികളുടെ നല്ല വശങ്ങൾ കാണാനുള്ള ആശാവഹമായ ഒരു സമീപനം ഉണ്ട്. ആചാരങ്ങളുടേയും പരസ്പര മത്സരങ്ങളുടേയും ജീവിത നെട്ടോട്ടങ്ങളുടേയും നിരർത്ഥകതയെ ബോദ്ധ്യപ്പെടുത്താൻ കൊറോണയ്ക്കായെന്നും ഗതാഗതവും വ്യവസായവും കുറഞ്ഞ് പരിസ്ഥിതിക്ക് അനുകൂലമാകുന്നുവെന്നുമൊക്കെയുള്ള ട്രോളുകൾ ഒരു തരത്തിൽ ഏത് പ്രതിസന്ധിയേയും നേരിടാനുള്ള മലയാളിയുടെ കരുത്തിനെയാണ് കുറിക്കുന്നത്. ആ കരുത്താണ് നമ്മൾ പൊതുപ്രവർത്തകരിലും ആംബുലൻസ് ഡ്രൈവർമാരിലും ലാബ് ടെക്നീഷ്യൻമാരിലും ഡോക്ടർമാരിലും നഴ്സ് മാരിലും പോലീസുകാരിലും ഐസൊലേഷനിലാവാൻ സ്വയം തയ്യാറാവുന്ന ഓരോരുത്തരിലും ആരോഗ്യവകുപ്പിലും മുഖ്യമന്ത്രിയിലും എല്ലാം കാണുന്നത്. അതിനാൽ തന്നെ സധൈര്യം പറയാം - ഒരു ചങ്ങലയിലും നമ്മെ തളയ്ക്കാനാകില്ല. നമ്മൾ ചങ്ങല പൊട്ടിച്ചെറിയുക തന്നെ ചെയ്യും. നാം അതിജീവിക്കും,

# കൊറോണ വൈറസ് ബാധ നേരിടാൻ സംസ്ഥാനം സുസജ്ജം

Break the Chain

**ചൈനയിൽ പൊട്ടിപ്പുറപ്പെട്ട് ലോകത്തിന് ഭീഷണിയുയർത്തുന്ന നോവൽ കൊറോണ വൈറസ് (കോവിഡ്-19 വൈറസ്) കേരളത്തിലും റിപ്പോർട്ടു ചെയ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനം സ്വീകരിച്ച മുൻകരുതലുകളും നിയന്ത്രണമാർഗ്ഗങ്ങളും സംബന്ധിച്ച് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി കെ.കെ. ശൈലജ ടീച്ചർ 2020 ഫെബ്രുവരി 3 ന് ചട്ടം 300 പ്രകാരം സഭയിൽ പ്രസ്താവന നടത്തുകയുണ്ടായി.**

നോവൽ കൊറോണ വൈറസ് സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും നടത്തുകയും യുദ്ധകാലാടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങളും രോഗപ്രതിരോധത്തിനുള്ള രൂപരേഖകളും തയ്യാറാക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള വാർത്ത വന്നു തുടങ്ങിയപ്പോൾത്തന്നെ സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സാമാർഗ്ഗരേഖ, പരിശീലനത്തിനുള്ള മാർഗ്ഗരേഖകൾ, അവബോധ പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

നിരവധി മലയാളികൾ ചൈനയിൽ പഠനത്തിനും ജോലിക്കും മറ്റുമായുള്ള സാഹചര്യത്തിൽ നോവൽ കൊറോണ വൈറസ് ബാധിച്ച ആരെങ്കിലും ചൈനയിൽ നിന്ന് വന്നാൽ അത് ഇവിടെ വ്യാപിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്തായിരുന്നു ഈ മുന്നൊരുക്കങ്ങൾ. തിരിച്ചു വരുന്ന ആളിന്റെയും അവരുടെ ബന്ധുക്കളുടെയും പൊതുജനങ്ങളുടെയും ജീവൻ രക്ഷിക്കാനുള്ള മുന്നൊരുക്കമാണ് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എടുത്തത്. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി വലിയ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിയത്. കൂടാതെ ചൈനയിൽ നിന്നും മടങ്ങിവന്നവർ അതത് മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെടാൻ നിർദ്ദേശം നൽകി. നിപ വൈറസ് അതിജീവിച്ചത് സംസ്ഥാനത്തിന് മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ നിർണ്ണായകമായെന്ന് ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ 2020 ജനുവരി 18 മുതൽ ആരംഭിച്ചു. സംസ്ഥാനത്ത് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു.

കേരളത്തിലെ എയർപോർട്ടുകൾ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കി. എന്തെങ്കിലും രോഗ ലക്ഷണങ്ങൾ കണ്ടാൽ അവരെ പ്രത്യേകമായി നിരീക്ഷിക്കാൻ തീരുമാനിച്ചു.

നോവൽ കൊറോണ വൈറസ് പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങളും ലോകാരോഗ്യസംഘടന അംഗീകരിച്ച ചികിത്സാ മാനദണ്ഡങ്ങളും പുറത്തിറക്കി. രോഗം സ്ഥിരീകരിക്കുന്നതിനു മുമ്പേതന്നെ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് കൺട്രോൾ റൂമും, ജില്ലാ കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ടെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ദിവസവും യോഗം കൂടിയാണ് ഓരോ ദിവസത്തെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതെന്നും മന്ത്രി അറിയിച്ചു. നിരീക്ഷണത്തിലുള്ളവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലാക്കി വിഭജിച്ചാണ് നിരീക്ഷണം




ക്രമീകരിച്ചിട്ടുള്ളത്.

ടിവി, റേഡിയോ, പത്രങ്ങൾ, സോഷ്യൽ മീഡിയ, സിനിമാതീയേറ്റർ, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിലൂടെ പരസ്യം, ലഘു വീഡിയോകൾ എന്നിവ വഴി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും മെഡിക്കൽ കോളേജുകളിലും ജില്ലയിലെ പ്രധാന ജനറൽ, ജില്ലാ ആശുപത്രികളിലും കൊറോണ വൈറസ് ഒ.പി.യും ഐസൊലേഷൻ വാർഡുകളും തയ്യാറാക്കിയതായും മന്ത്രി അറിയിച്ചു. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മാസ്ക്, കൈയുറ, സുരക്ഷാ കവചങ്ങൾ തുടങ്ങിയ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തി. രോഗലക്ഷണങ്ങൾ ഉള്ളവരുടെ രക്ത സാമ്പിളുകൾ പൂനെയിലെ ദേശീയ വൈറോളജി ലാബിലേക്ക് അയച്ചു.

എയർപോർട്ടുകൾ, സീപോർട്ടുകൾ എന്നിവ കേന്ദ്രീകരിച്ച് ഹെൽത്ത് ഓഫീസർമാർ പ്രാഥമിക പരിശോധന നടത്തുകയും രോഗലക്ഷണങ്ങൾ ഉള്ളവരെ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രിയിലേക്ക് അയയ്ക്കുകയും രോഗലക്ഷണങ്ങൾ ഇല്ലാത്തവർക്ക് ബോധവത്കരണം നൽകുകയും 28 ദിവസം വീടുകളിൽ തന്നെ നിരീക്ഷണത്തിൽ കഴിയാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തതായി മന്ത്രി അറിയിച്ചു. തിരുവനന്തപുരം വിമാനത്താവളത്തിൽ സർവയലൻസ് സംവിധാനം ആരംഭിക്കുകയും 4 മെഡിക്കൽ ഓഫീസർമാരേയും 6 പാരാമെഡിക്കൽ ജീവനക്കാരേയും നിയോഗിക്കുകയുമുണ്ടായി. കൊറോണ രോഗം ബാധിച്ച വിദ്യാർത്ഥി യാത്രയിലും മറ്റും ബന്ധപ്പെട്ടിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ നിരീക്ഷണത്തിൽ വയ്ക്കാനും തീരുമാനിച്ചു.

നോവൽ കൊറോണ സ്ഥിരീകരിച്ച ദിവസം ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, കൃഷി, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ മന്ത്രിമാരെയും സ്വകാര്യആശുപത്രികളെയും ഉൾപ്പെടുത്തി തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഉന്നതതല യോഗം വിളിച്ചുചേർക്കുകയും സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി പ്രതിരോധ



പ്രവർത്തനങ്ങൾ നടത്തുകയുമുണ്ടായി. രണ്ടാമത്തെ കേസ് ആലപ്പുഴയിൽ സ്ഥിരീകരിച്ചതിനെത്തുടർന്ന് ആലപ്പുഴയിലും പ്രത്യേക യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

രോഗലക്ഷണങ്ങളോ എന്തെങ്കിലും സംശയങ്ങളോ ഉണ്ടെങ്കിൽ ബന്ധപ്പെടാനായി ദിശ 1056 (ടോൾഫ്രീ) 0471 255 2056 എന്ന നമ്പരുകളും അതത് ആശുപത്രികളിലെ നോഡൽ ഓഫീസർമാരുടെ ഫോൺ നമ്പരുകളും നൽകിയിട്ടുണ്ട്.

Break the Chain
അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

# ചിറയിൻകീഴിൽ ഭരണഘടന പഠനവേദിയും സൗജന്യ നിയമസഹായകേന്ദ്രവും



ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ആരംഭിച്ച ഭരണഘടന പഠനവേദിയുടെയും സൗജന്യ നിയമസഹായകേന്ദ്രത്തിന്റെയും ഉദ്ഘാടനം അഞ്ചുതെങ്ങ് നെടുങ്കണ്ട ശ്രീനാരായണ ട്രെയിനിങ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു.

ഭരണഘടനയിലൂടെ നിലവിൽ വന്നിട്ടുള്ള മൗലിക അവകാശങ്ങൾ സംബന്ധിച്ചും ഭരണഘടനാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ജനങ്ങളെ ബോധവാന്മാരാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയും അതിനോടൊപ്പം മണ്ഡലത്തിലെ ജനങ്ങളുടെ നിയമപരമായ തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുകൂടി ഉപകാരപ്പെടുന്നവിധം ശനി, ഞായർ ദിവസങ്ങളിൽ എം.എൽ.എ. ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സെന്റർ ഫോർ ലീഗൽ എയ്ഡ് ഇൻ ചിറയിൻകീഴ് കോൺസ്റ്റിറ്റ്യുവൻസിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ഇതോടെ തുടക്കമായി.

ലോ ആൻറ് ജസ്റ്റിസ് റിസർച്ച് ഫൗണ്ടേഷന്റെ സഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. അടൂർ പ്രകാശ് എം.പി.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന യോഗത്തിൽ വിവിധ നിയമവിദഗ്ധർ , ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ , വിവിധ ബാർ അസോസിയേഷൻ പ്രസിഡന്റുമാർ, രാഷ്ട്രീയ സാമൂഹിക നേതാക്കന്മാർ തുടങ്ങിയവർ പങ്കെടുത്തു.

തുടർന്നുള്ള ദിവസങ്ങളിൽ സൗജന്യ എൽ.എൽ.ബി. എൻട്രൻസ് കോച്ചിംഗ് കൂടാതെ മണ്ഡലത്തിലെ കുടുംബശ്രീ പ്രവർത്തകരുടെയും യുവജനങ്ങളുടെയും നിയമവിദ്യാർത്ഥികളുടെയും റസിഡൻസ് അസോസിയേഷൻ ഭാരവാഹികളുടെയും സഹായത്തോടുകൂടി 8 ഗ്രാമപഞ്ചായത്തുകളിലും സംഘടിപ്പിക്കുന്ന നിയമ അദാലത്തുകളിലും ശില്പശാലകളിലും പങ്കെടുക്കാൻ പൊതുജനങ്ങൾക്ക് അവസരം ലഭിക്കും.



## 'ചിരി വരയിലെ കുഞ്ഞുമാണി' പ്രകാശനം ചെയ്തു

മുൻ ധനമന്ത്രി കെ.എം.മാണിയെക്കുറിച്ചുള്ള കാർട്ടൂണിസ്റ്റ് ഹക്കുവിന്റെ കാർട്ടൂണുകളുടെ സമാഹരണം 'ചിരി വരയിലെ കുഞ്ഞുമാണി' ഡെപ്യൂട്ടി സ്പീക്കർ പ്രകാശനം ചെയ്തു. കെ.എം.മാണിയെപ്പറ്റിയുള്ള നൂറ്റിനാല്പതിലധികം കാർട്ടൂണുകളാണ് സമാഹാരത്തിലുള്ളത്. കാർട്ടൂണിസ്റ്റ് ഹക്കുവിന്റെ ഒൻപതാമത്തെ കാർട്ടൂൺ സമാഹാരമാണിത്.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ



# ആലപ്പുഴ ബൈപ്പാസ് യാഥാർത്ഥ്യമാകുന്നു

**ജി.സുധാകരൻ അമ്പലപ്പുഴ**

പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിൽ ആലപ്പുഴ ബൈപ്പാസ് പൂർത്തീകരണഘട്ടത്തിലേക്ക് കടക്കുകയാണ്. ഒരുപക്ഷേ ഇന്ത്യയിൽ ആദ്യമായിരിക്കാം കടൽതീരത്തിലൂടെ ഇത്ര നീളം കൂടിയ ഫ്ളൈ ഓവർ ഉൾപ്പെടെയുള്ള ബൈപ്പാസ് പൂർത്തിയാകുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബൈപ്പാസിന്റെ നിർമ്മാണ ഘട്ടങ്ങളിലുണ്ടായ നിരവധി തടസ്സങ്ങൾ പരിഹരിച്ചാണ് ആലപ്പുഴ ബൈപ്പാസ് പൂർത്തീകരണഘട്ടത്തിലേക്ക് എത്തിയിരിക്കുന്നത്. പതിറ്റാണ്ടുകൾ കൊണ്ട് ബൈപ്പാസ് നിർമ്മാണത്തിന്റെ 15.3 % പ്രവൃത്തി നിർവ്വഹിച്ചിരുന്നിടത്ത്, ഈ സർക്കാർ അധികാരത്തിലെത്തി മൂന്ന് വർഷക്കാലം കൊണ്ടാണ് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ആകെ പ്രവൃത്തിയുടെ 96.5 % പൂർത്തീകരണത്തിലേക്ക് എത്തിച്ചത്. ബൈപ്പാസിന്റെ നിർമ്മാണത്തുകയുടെ പകുതി വിഹിതം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണമാണ് ആലപ്പുഴ ബൈപ്പാസിൽ പൂർത്തീകരിക്കുവാനുള്ള പ്രധാന പ്രവൃത്തി. റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട് മെയിന്റനൻസ് ആന്റ് സൂപ്പർവിഷൻ ചാർജ് ആയി 7.13 കോടി രൂപ അടയ്ക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിൽ റെയിൽവേ ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായ കാലതാമസം പ്രവൃത്തിയുടെ പൂർത്തീകരണത്തിന് തടസ്സമായി. മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 7.13 കോടി രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ റെയിൽവേയ്ക്ക് 2019 ഏപ്രിൽ 11 ന് തുക കൈമാറിയതാണ്. എന്നാൽ ഇതിനു ശേഷവും ഈ പ്രവൃത്തിയിൽ റെയിൽവേയുടെ ഭാഗത്ത് നിന്നും കാലതാമസം ഉണ്ടായി.

2020 ജനുവരി മാസം അവസാനത്തോടെ ഒരു റെയിൽവേ ഓവർ ബ്രിഡ്ജിന്റെ 5 ഗർഡറുകളും സ്ഥാപിച്ചിരുന്നു. രണ്ടാമത്തെ റെയിൽവേ ഓവർ ബ്രിഡ്ജ് സ്ഥാപിക്കേണ്ട സ്ഥലം നേരിട്ട് സന്ദർശിച്ചു. അവശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2020 ഏപ്രിൽ മാസം അവസാനത്തോടെ ബൈപ്പാസിന്റെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രവൃത്തി പൂർത്തീകരിക്കാൻ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സഹായകരമായ നടപടികൾ റെയിൽവേ കൈക്കൊണ്ടതിനുള്ള നന്ദി രേഖപ്പെടുത്തുന്നു.

റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് ആലപ്പുഴയിലെ ജനങ്ങളുടെ ചിരകാല സ്വപ്നമായ ആലപ്പുഴ ബൈപ്പാസ് ഉടൻ യാഥാർത്ഥ്യമാക്കും.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# വികസന നിറവിൽ തൃപ്പൂണിത്തുറ

**എം.സ്വരാജ് തൃപ്പൂണിത്തുറ**


തൃപ്പൂണിത്തുറയുടെ ചിരകാല സ്വപ്നമായിരുന്ന വൈക്കം റോഡിന്റെ വികസനം. തിരക്കേറിയ ഏറ്റുമാനൂർ- എറണാകുളം പാതയിൽ പൂത്തോട്ട മുതൽ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെയുള്ള 13.9 കിലോമീറ്റർ നാലുവരിപ്പാതയാക്കാനുള്ള പദ്ധതി കാൽ നൂറ്റാണ്ടിലധികമായി കടലാസിലുറങ്ങുകയായിരുന്നു. നീണ്ടകാലത്തെ കാത്തിരിപ്പിനൊടുവിൽ സ്വപ്നം യാഥാർത്ഥ്യമാവുകയാണ്.

സംസ്ഥാന ബജറ്റിൽ വൈക്കം റോഡ് വികസനത്തിനായി 300 കോടി രൂപ വകയിരുത്തിയതോടെയാണ് നാടിന്റെ ദീർഘകാലാവശ്യത്തിന് ജീവൻ വച്ചത്. 22 മീറ്ററായി റോഡ് വികസിപ്പിക്കുമ്പോൾ ഏകദേശം 30 ഏക്കർ സ്ഥലമേറ്റെടുക്കേണ്ടി വരും. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ചെലവ് 672.67 കോടിയായി ഉയർന്നു. പദ്ധതിക്കായി ഏറ്റെടുക്കേണ്ട സ്ഥലം ഇതിനോടകം അതിർത്തി നിശ്ചയിച്ച് കല്ലിട്ടു തിരിച്ചു കഴിഞ്ഞു. റോഡ് വികസനം യാഥാർത്ഥ്യമാവാൻ കാലതാമസമില്ലാതെ സ്ഥലമേറ്റെടുക്കേണ്ടതുണ്ട്. വൈക്കം റോഡ് വികസനത്തിന് സ്ഥലമേറ്റെടുക്കാൻ കിഫ്ബി ബോർഡ് അനുമതി നൽകിക്കഴിഞ്ഞു. സ്ഥലമേറ്റെടുക്കാനാവശ്യമായ 450 കോടി രൂപയാണ് അനുവദിച്ചത്. തൃപ്പൂണിത്തുറയുടെ വികസന ചരിത്രത്തിലെ സുപ്രധാന മുഹൂർത്തമാണിത്. തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനിലേയ്ക്ക് മെട്രോ റെയിൽ നീട്ടുന്നതിന് 356 കോടി രൂപ അനുവദിക്കപ്പെട്ടതിന് പിന്നാലെ വൈക്കം റോഡ് വികസനത്തിനും അംഗീകാരം ലഭിക്കുമ്പോൾ വികസന നിറവിലാണ് തൃപ്പൂണിത്തുറ.




മിനപൊളിസ് സ്റ്റാർ ട്രൈബ്യൂൺ 12.03.2020. സ്റ്റീവ് സാകിന്റെ കാർട്ടൂൺ .

പ്രതിപക്ഷ നേതാവിന്റെ പേജ്




# പൗരത്വ ബില്ലിലൂടെ സംഘപരിവാർ ഇന്ത്യക്ക് തീ കൊടുക്കുന്നു

**രമേശ് ചെന്നിത്തല** പ്രതിപക്ഷ നേതാവ്

സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഏറ്റവും ഇരുണ്ട കാലത്തിലൂടെയാണ് നമ്മുടെ രാജ്യം കടന്നു പോകുന്നത്. പൗരത്വത്തിന്റെ അടിസ്ഥാനം മതമാണെന്ന് പ്രഖ്യാപിക്കുന്ന ഭീതിജനകവും ആസുരവുമായ ഒരു കാലത്താണ് നാം ജീവിക്കുന്നത്. 1955 ലെ ഇന്ത്യൻ പൗരത്വ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ളാദേശ് എന്നീ രാജ്യങ്ങളിൽ നിന്നും 2014 ഡിസംബർ 31 ന് മുമ്പ് ഇന്ത്യയിലേക്ക് കുടിയേറിയ മുസ്‌ലീങ്ങൾ ഒഴികെയുള്ള ആറ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഇന്ത്യൻ പൗരത്വം നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ഇന്ത്യയെ ഒരു മതാധിഷ്ഠിത രാജ്യമാക്കുന്നതിനുള്ള സംഘപരിവാർ ഗൂഢാലോചനയുടെ ആദ്യ ചുവട്‌വയ്പാണ്.

ഇന്ത്യയെ ഇന്ത്യയായും നമ്മെ ഇന്ത്യാക്കാരായും നിലനിർത്തുന്നത് നമ്മുടെ ഭരണഘടനയാണ്. ഭരണഘടന തുടങ്ങുന്നത് തന്നെ 'We the people of India ' എന്ന വാചകത്തിലാണ് . ഒരിന്ത്യാക്കാരന്റെ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമാണത്. 'We' അഥവാ 'നമ്മൾ' എന്നതിനെ ഇല്ലാതാക്കി അതിന് പകരം 'നമ്മളും അവരും' എന്ന ദ്വന്ദ്വ (duality ) ത്തെ സൃഷ്ടിക്കുക എന്നതാണ് ഈ നിയമനിർമ്മാണത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം. ഇവിടെ വെല്ലുവിളി നേരിടുന്നത് ഭരണഘടന തന്നെയാണ് . ഭരണഘടന വെല്ലുവിളി നേരിടുക എന്നാൽ നാമോരോരുത്തരുടെയും ജീവിതം വെല്ലുവിളി നേരിടുന്നു എന്നാണർത്ഥം. ഇന്ത്യക്കാരായി ജീവിക്കാനുള്ള നമ്മുടെ മൗലികാവകാശം സംഘപരിവാർ നിയന്ത്രണത്തിലുള്ള മോദി സർക്കാർ കവർന്നെടുക്കുകയാണ്.

പൗരത്വ ഭേദഗതി ബിൽ അവതരിപ്പിച്ചുകൊണ്ട് ലോക്സഭയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി നടത്തിയ പ്രസംഗം രാഷ്ട്രത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള നമ്മുടെ ആശങ്കകൾ കൂടുതൽ വളർത്തുകയാണ്. വളരെ നിരാശയോടും ഭീതിയോടും ദു:ഖത്തോടും കൂടിയാണ് ആഭ്യന്തര മന്ത്രിയുടെ പ്രസംഗം ഞാൻ കേട്ടത്. ചരിത്രത്തിലാദ്യമായി കേന്ദ്ര മന്ത്രിസഭയിലെ ഒരു മന്ത്രി, ഒരു ന്യൂനപക്ഷ മത വിഭാഗത്തിന്റെ എണ്ണം കൂടുന്നതിനെക്കുറിച്ച് ലോക്സഭയിൽ പ്രസംഗത്തിനിടെ ആശങ്കപ്പെടുന്നു. മറ്റൊരു മത വിഭാഗത്തിന്റെ എണ്ണം കൂടാത്തതിൽ നിരാശപ്പെടുന്നു. എത്രയോ വർഷം പാർലമെന്റിൽ അംഗമായിരുന്നയാളാണ് ഞാൻ.ഇന്നേവരെ ഒരു മന്ത്രിയും പാർലമെന്റിൽ ഇത്തരത്തിലൊരു പ്രസംഗം നടത്തിയിട്ടില്ല.

ജനാധിപത്യവും മതേതരത്വവും ഇരട്ടപെറ്റ മക്കളാണെന്നാണ് പണ്ഡിറ്റ് നെഹ്റു എപ്പോഴും പറയാറുണ്ടായിരുന്നത്. ഒരു ജനാധിപത്യ സമൂഹം നിലനിൽക്കണമെങ്കിൽ മതേതരത്വം അതിൽ സ്വാഭാവികമായി ഇഴുകിച്ചേരണം. അല്ലാതെ ജനാധിപത്യത്തിന് നിലനിൽപ്പില്ല. ഇന്ത്യ ഒരു ജനാധിപത്യ രാജ്യമായി നിലനിൽക്കണമെങ്കിൽ അതിന് മതേതരമായ ഒരു സാമൂഹ്യഘടന അത്യാവശ്യമാണ്. രാജ്യത്തെ ഏകാധിപത്യത്തിലേക്ക് കൊണ്ട് പോകണമെന്നാഗ്രഹിക്കുന്നവർ ആദ്യം തകർക്കുന്നത് മതേതര സംവിധാനത്തെയാണ്. കാരണം, മതേതരത്വം ഇല്ലാതായാൽ ജനാധിപത്യം കരയ്ക്ക് പിടിച്ചിട്ട മീനിനെപ്പോലെ സ്വാഭാവികമായി ഇല്ലാതാകും. സംഘപരിവാറിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യവും അത് തന്നെയാണ്. ഇന്ത്യയുടെ മതേതര ചട്ടക്കൂട് തകർത്താൽ ആർ. എസ് .എസ്. വെറുക്കുന്ന, ജനാധിപത്യം എന്ന സങ്കൽപം തനിയെ ഇല്ലാതായി പോകുമെന്നവർക്കറിയാം.

പെരുംനുണകളുടെ ഹിമാലയമാണ് പാർലമെന്റിനകത്തും ബി.ജെ.പി. സൃഷ്ടിച്ചത്. രാജ്യത്തെ മതാടിസ്ഥാനത്തിൽ വിഭജിച്ചത് കോൺഗ്രസാണെന്ന പച്ചക്കള്ളം ഒരു ഉളുപ്പുമില്ലാതെ പാർലമെന്റിൽ അമിത് ഷാ തട്ടിവിടുകയായിരുന്നു. ദ്വിരാഷ്ട്ര വാദം ആദ്യമുന്നയിച്ചത് ആർ.എസ്. എസിന്റെയും ബി. ജെ. പിയുടെയും



പൂർവ്വികനായ ഹിന്ദുമഹാസഭയായിരുന്നു. 1923 ൽ എഴുതിയ 'ഹിന്ദുത്വ' എന്നു പേരുള്ള പ്രബന്ധത്തിൽ വി.ഡി.സവർക്കർ ആണ് ആദ്യമായി ഹിന്ദുക്കളും മുസ്‌ലീങ്ങളും രണ്ട് രാഷ്ട്രങ്ങളാണെന്ന് പ്രഖ്യാപിച്ചത്. 1925 ൽ സ്ഥാപിതമായ ആർ. എസ്. എസ്. ആകട്ടെ ഹിന്ദുരാഷ്ട്രം എന്ന തങ്ങളുടെ ആശയം പകർത്തിയത് സവർക്കറുടെ ഈ പ്രബന്ധത്തിൽ നിന്നുമായിരുന്നു. അതിന് കൃത്യം പതിനാറ് വർഷങ്ങൾക്ക് ശേഷം മുഹമ്മദാലി ജിന്ന ഹിന്ദു മഹാസഭയുടെ ഈ ആശയം ഏറ്റെടുത്തു. ആൾ ഇന്ത്യാ കോൺഗ്രസ് കമ്മിറ്റി അവസാനനിമിഷം വരെ ദ്വിരാഷ്ട്രവാദത്തിന് എതിരായിരുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും ഇന്ത്യയെന്ന ശരീരത്തിലെ രണ്ട് കണ്ണുകളാണ്. ഒരു കണ്ണിന് എങ്ങിനെ മറ്റൊരു കണ്ണിന്റെ ശത്രുവാകാൻ കഴിയും എന്നാണ് ഗാന്ധിജി ചോദിച്ചത്.

മതത്തെ പൗരത്വവുമായി ബന്ധപ്പെടുത്തുന്നത് ഇരുണ്ട കാലത്തേക്കുള്ള തിരിച്ചുപോക്കാണ്. മതമുള്ളവനും മതമില്ലാത്തവനും ഇന്ത്യൻ പൗരനായി തുല്യാവകാശത്തോടെ ജീവിക്കാൻ കഴിയുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. എന്നാൽ മൂന്ന് രാജ്യങ്ങളിൽ നിന്ന് മാത്രം കുടിയേറുന്ന മുസ്‌ലീങ്ങൾ അല്ലാത്ത ജനവിഭാഗങ്ങൾക്ക് ഇന്ത്യൻ പൗരത്വത്തിന് അർഹതയുണ്ട് എന്ന് പറയുമ്പോൾ ഇതാദ്യമായി ഒരു നിയമത്തിലൂടെ ഇന്ത്യയിലെ ജനങ്ങളെ മുസ്‌ലീങ്ങൾ എന്നും മുസ്‌ലീമല്ലാത്തവർ എന്നും വേർതിരിക്കുകയാണ്. 'Indianness' എന്ന സങ്കൽപമിവിടെ ചോദ്യം ചെയ്യപ്പെടുകയാണ്. ഇന്ത്യയുടെ മഹത്തായ സ്വാതന്ത്ര്യ സമരത്തെയാണ് ആ സമരം ഉയർത്തിയ മഹത്തായ ആശയങ്ങളെയാണ് മോദിയും അമിത്ഷായും കൂടി ഈ ഒറ്റ ബില്ലിലൂടെ റദ്ദ് ചെയ്തത്.

1948 ൽ ഇസ്രായേൽ രൂപീകരിച്ചപ്പോൾ ലോകമെങ്ങുമുള്ള ജൂതൻമാർക്ക് ഇസ്രായേലിലേക്ക് കുടിയേറാം എന്ന് അവിടുത്തെ സയണിസ്റ്റ് ഭരണകൂടം ആഹ്വാനം ചെയ്തു. അതേ സ്വരവും ഭാവവും നിലപാടുമാണ് ഇന്ത്യയിലെ ബി ജെ പി ഭരണകൂടത്തിനുള്ളത്. ഇസ്രായേൽ മോഡലിൽ ഒരു ഹിന്ദുരാഷ്ട്രമാണ് ആർ. എസ്. എസിന്റെയും സംഘപരിവാർ സർക്കാരിന്റെയും സ്വപ്നം. രാജ്യം എന്നത് ഭൂമി ശാസ്ത്രപരമായ അതിരുകളല്ല, മറിച്ച് സംസ്കാരമാണ് എന്ന് ആർ.എസ് .എസ്. നിരന്തരം പറയുന്നത് ഈ ഇസ്രായേൽ മാതൃക മുന്നിൽ കണ്ടുകൊണ്ടാണ്. ലോകമെങ്ങുമുള്ള ജൂതർക്ക് ഇസ്രായേൽ പോലെ ലോകമെങ്ങുമുള്ള ഹിന്ദുക്കൾക്ക് ഇന്ത്യ. അത് ഒരിക്കലും അനുവദിക്കരുത്.

ആദ്യം അവരുടെ മുന്നിലെ മാതൃക ഹിറ്റ്ലറുടെ നാസി ജർമനിയായിരുന്നു. ജർമനി തകർന്നപ്പോൾ ഇസ്രായേലിൽ അവർ തങ്ങളുടെ പുതിയ മാതൃക കണ്ടെത്തി. രണ്ട് ദിനോസറുകൾ മാത്രം വാഴുന്ന ജുറാസിക് പാർക്ക് എന്നാണ് മോദി- അമിത് ഷാ ഭരണത്തെ രാജ്യസഭയിൽ കോൺഗ്രസ് നേതാവ് കപിൽ സിബൽ വിശേഷിപ്പിച്ചത്. ദിനോസറുകൾ വംശനാശം വന്ന ജീവികളാണ്. അവയുടെ ഫോസിലുകൾ ഇപ്പോൾ കാഴ്ചബംഗ്ളാവുകളിൽ മാത്രമേയുള്ളു. 2024 കഴിയുമ്പോൾ മോദിയും അമിത്ഷായും മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയത്തിന്റെ ഫോസിലുകളെ നമുക്ക് ചരിത്രത്തിന്റെ കാഴ്ചബംഗ്ളാവിൽ പോയി മാത്രം കാണാൻ കഴിയണം. എങ്ങനെയാണ് ഐതിഹാസികമായ പോരാട്ടത്തിലൂടെ ഈ ദിനോസറുകളിൽ നിന്ന് നമ്മുടെ രാഷ്ട്രത്തെയും അതിന്റെ ജീവനാഡികളായ മതേതരത്വത്തെയും, ജനാധിപത്യത്തെയും നമ്മൾ രക്ഷിച്ചതെന്ന് പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കണം.

എന്തുകൊണ്ടാണ് ഇവർ രാജ്യത്തെയും ജനങ്ങളെയും മതാടിസ്ഥാനത്തിൽ വിഭജിക്കുകയും പരസ്പരം വിദ്വേഷം വളർത്തുകയും ചെയ്യുന്നത്? ഇന്ത്യയിലെ ജി.ഡി.പി. സർവ്വകാല തകർച്ചയിലാണ്. കഴിഞ്ഞ വർഷം ഒരു കോടി ആളുകൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്. നോട്ട് നിരോധനത്തെത്തുടർന്ന് ഇന്ത്യയിലെ 80 ശതമാനം ആളുകൾ ജോലിയെടുക്കുന്ന അസംഘടിത മേഖല തകർന്ന് തരിപ്പണമായി. വിലക്കയറ്റം പത്ത് വർഷത്തിനിടെ ഏറ്റവും ഉയർന്ന നിലയിലായി. നഗരങ്ങളും ഗ്രാമങ്ങളും ഒരുപോലെ ദരിദ്രമായി. എല്ലാ മേഖലകളും അമ്പേ തകർന്നു. വാഹനവിപണി കുത്തനെ ഇടിയുന്ന അവസ്ഥയായി. രാഹുൽ ബജാജിനെപ്പോലുള്ള ഒരു വ്യവസായിക്ക് പരസ്യമായി പൊട്ടിത്തെറിക്കേണ്ട അവസ്ഥ വന്നു. ജി.എസ്.ടി. നികുതി വരുമാനം പ്രതീക്ഷിച്ചതിലും 40% താഴെ നിൽക്കുന്നു (നവംബർ വരെ) ഇതിനിടയിൽ 1.45 ലക്ഷം കോടി രൂപ കോർപ്പറേറ്റ് നികുതിയിളവിലൂടെ നഷ്ടമായി. നോട്ടുനിരോധനവും ജി.എസ്.ടി.യും ഉണ്ടാക്കിയ തിരിച്ചടിയും കാർഷികമേഖലയുടെ തകർച്ചയും കൂടിയായപ്പോൾ രാജ്യം തകർച്ചയുടെ വക്കിലെത്തി. ഇതിനെയൊക്കെ നേരിടാൻ മോദി- അമിത് ഷാ കൂട്ടുകെട്ടിന്റെ കയ്യിൽ ഒരൊറ്റ ആയുധമേയുള്ളു. അതാണ് മതത്തിന്റെ പേരിലുള്ള വിഭജനം. മതത്തിന്റെ പേരിൽ രാജ്യത്തെയും ജനങ്ങളെയും വിഭജിക്കുക എന്നാൽ രാജ്യത്തിന് തീ കൊടുക്കുക എന്നാണർത്ഥം. രാജ്യത്തിന് തീ കൊടുത്ത് കാതലായ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടാനാണ് മോദി- ഷാ കൂട്ടുകെട്ട് ശ്രമിക്കുന്നത്.

രാജ്യം മുഴുവൻ പൗരത്വ ബില്ലിനെതിരെ വലിയ പ്രക്ഷോഭങ്ങൾ നടക്കുകയാണ്. ഇന്ത്യാക്കാരായി ജീവിക്കാനുള്ള നാമോരോരുത്തരുടെയും അവകാശത്തെ ആരുടെയും കാൽക്കീഴിൽ വയ്ക്കാൻ തയ്യാറല്ലെന്ന വലിയ പ്രഖ്യാപനം കൂടിയാണ് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും രാജ്യത്തിന്റെ മറ്റ് പല ഭാഗങ്ങളിലും ഈ ബില്ലിനെതിരെ നടക്കുന്ന വൻ പ്രക്ഷോഭത്തിൽ മുഴങ്ങിക്കേൾക്കുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസും, മുസ്‌ലീം ലീഗ് അടക്കമുള്ള മതേതര ജനാധിപത്യകക്ഷികളും ബില്ലിനെതിരെ നിയമ യുദ്ധത്തിനിറങ്ങിയിരിക്കുകയാണ്. പ്രതിപക്ഷ നേതാവെന്ന നിലയിൽ ഈ കേസിൽ ഞാനും കക്ഷി ചേരുകയാണ്. ഒരു വ്യക്തി എന്ന നിലയിലും കോൺഗ്രസ് പ്രവർത്തകൻ എന്ന നിലയിലും ഞാൻ എന്നോടും, എന്റെ പ്രസ്ഥാനത്തോടും രാജ്യത്തിനോടും പുലർത്തേണ്ട ബാധ്യതയാണത്. അതിനാലാണ് പൗരത്വ ബില്ലിനെതിരെ സുപ്രീം കോടതിയിൽ നടക്കുന്ന നിയമപോരാട്ടത്തിൽ വ്യക്തിപരമായി കക്ഷി ചേരാൻ തീരുമാനിച്ചത്.

രണ്ടാം രാഷ്ട്രവിഭജനത്തെ തടുക്കാൻ ഒരു രണ്ടാം സ്വാതന്ത്ര്യസമരം തന്നെ വേണം. ഏതെങ്കിലും മതവിഭാഗത്തിന് വേണ്ടി ആ വിഭാഗം നടത്തുന്ന സമരമല്ല, മറിച്ച് എല്ലാ ഇന്ത്യാക്കാർക്കും വേണ്ടി ഇന്ത്യക്കാർ നടത്തുന്ന സമരമാണിത്. ഇതിൽ നമുക്ക് വിജയിച്ചേ മതിയാകൂ. നമ്മൾ വിജയിച്ചാലേ ഇന്ത്യ അതിജീവിക്കൂ. നമ്മുടെ രാഷ്ട്രത്തിന്റെ അതിജീവനത്തിനായി നമുക്കൊരുമിക്കാം.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# പൊന്നാനി ഹാർബർ പ്രവർത്തനസജ്ജമായി

**പി. ശ്രീരാമകൃഷ്ണൻ പൊന്നാനി**

ഉദ്ഘാടനം കഴിഞ്ഞ് നാളുകൾ ഏറെയായിട്ടും മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കാൻ കഴിയാതിരുന്ന പൊന്നാനി തുറമുഖത്ത് ബോട്ടുകൾ അടുത്തുതുടങ്ങി. വർഷങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിലാണ് ഹാർബറിന് ശാപമോക്ഷം ലഭിച്ചത്. പൊന്നാനിയിൽ മുഴവൻ ബോട്ടുകളും ഇനി പുതിയ ഹാർബറിലെത്തും.

കോടികൾ ചെലവഴിച്ച് ഹാർബർ നിർമ്മിച്ചെങ്കിലും തിരകളിൽ തട്ടി ബോട്ടുകൾക്ക് കേടുപാടുകൾ സംഭവിച്ചതോടെ മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ നിന്ന് അകന്നുപോയി. ബോട്ടുടമകളും മത്സ്യത്തൊഴിലാളികളുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നടത്തിയ ചർച്ചയിലാണ് പ്രശ്നപരിഹാരമായത്. മൂന്നരക്കോടി ചെലവിൽ ഹാർബറിൽ നിർമ്മിച്ച 73 മത്സ്യസംഭരണ പുരകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുകയും ചെയ്തു.

തിരയിൽത്തട്ടി ബോട്ടുകൾക്ക് കേടുപാടു സംഭവിക്കാതിരിക്കാൻ പുതുതായി നിർമ്മിക്കുന്ന വാർഫിന്റെ പണി പൂർത്തിയായിവരുന്നു. അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ എന്നിവയും നിർമ്മാണഘട്ടത്തിലാണ്. പുതുതായി ലൈറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. പോലീസിന്റെ സേവനവും ഹാർബറിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊന്നാനിക്ക് സമർപ്പിച്ച തുറമുഖത്ത് ബോട്ടുകൾ അടുപ്പിക്കാൻ പറ്റാത്ത അവസ്ഥയായിരുന്നതിനാൽ ബോട്ടുകൾ കരയ്ക്കടുക്കാനും മത്സ്യം കയറ്റുന്നതിനും ഇറക്കുന്നതിനും പഴയ കേന്ദ്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇതുമൂലം വല അറ്റകുറ്റപ്പണികേന്ദ്രം മാത്രമായാണ് പുതിയ തുറമുഖം പ്രവർത്തിച്ചിരുന്നത്.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# മത്സ്യത്തൊഴിലാളികൾക്കുള്ള പുനർഗേഹം പദ്ധതി



**വി.ശശി ചിറയിൻകീഴ്**

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുനർഗേഹം പുനരധിവാസ പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് ആദ്യഘട്ടത്തിൽ അനുവദിച്ച 155 ഗുണഭോക്താക്കളിൽ 118 കുടുംബങ്ങളും ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ്.

കടലിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചിറയിൻകീഴ് മണ്ഡലത്തിനുള്ളിലെ അഞ്ചുതെങ്ങ്, മാമ്പള്ളി, പൂത്തുറ, കായിക്കര, നെടുങ്കണ്ട, അരിവാളം, താഴംപള്ളി എന്നീ മത്സ്യഗ്രാമങ്ങളിൽ നിന്നുള്ള കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നത്.

സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയാണ് ലഭിക്കുക. സ്ഥലം വാങ്ങുന്നതിന് പരമാവധി നാല് ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 6 ലക്ഷം രൂപയും വീതമാണ് ലഭിക്കുക. സ്ഥലം വാങ്ങാൻ ഒരു സെന്റിന് അറുപതിനായിരം മുതൽ രണ്ട് ലക്ഷം രൂപ വരെ ലഭിക്കും. സ്ഥലം വാങ്ങുന്നതിന് നാല് ലക്ഷം രൂപയിൽ കുറവ് ആണെങ്കിൽ ബാക്കി തുകകൂടി വീട് നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. തീരദേശ മേഖലയായ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ ജീവിതദുരിതം തിരിച്ചറിഞ്ഞാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ചിറയിൻകീഴ് മണ്ഡലത്തിൽ നിന്നും നാളിതുവരെ അപേക്ഷിച്ച 2080 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# ജനങ്ങളോടൊപ്പം സാർത്ഥകമായ 1305 ദിനങ്ങൾ

**എം.മുകേഷ് കൊല്ലം**

കൊല്ലം നിയോജകമണ്ഡലത്തിലെ സമഗ്രവികസനം ലളിതമായി വിവരിക്കുന്ന കലണ്ടർ ചടയമംഗലം എം.എൽ.എ. മുല്ലക്കര രത്നാകരൻ നോർക്ക റൂട്ട്സ് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ കെ.വരദരാജന് നൽകി പ്രകാശനം നിർവ്വഹിച്ചു.



സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി സുദേവൻ, മേയർ ഹണി ബഞ്ചമിൻ, എക്സ്. ഏണസ്റ്റ് തുടങ്ങിയവർ സംബന്ധിച്ചു.

കൊല്ലം കുടിവെള്ള പദ്ധതി 236 കോടി, കൊല്ലം സർക്കിൾ കുടിവെള്ള ട്രാൻസ്മിഷൻ മെയിൻ മാറ്റി സ്ഥാപിക്കൽ 38 കോടി, ആശ്രാമം ലിങ്ക് റോഡ് 114 കോടി, ആശ്രാമം ലിങ്ക് റോഡ് നാലാം ഘട്ടം 150 കോടി, പെരുമൺ പാലം 60 കോടി, ശ്രീനാരായണ നവോത്ഥാന സാംസ്കാരിക സമുച്ചയം കൊല്ലം ആശ്രാമത്തു സ്ഥാപിക്കാൻ 60 കോടി , ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി വികസനം 183 കോടി , വിക്ടോറിയ ആശുപത്രി സമഗ്രവികസനം 109 കോടി , പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം 21 കോടി 30 ലക്ഷം, ക്യു.എസ്.എസ്.എസ്. കോളനി നവീകരണം 12 കോടി, തീരദേശ റോഡുകൾ, ഫിഷ് മാർക്കറ്റുകൾ എന്നിവയുടെ നവീകരണവും ജില്ലാ ആശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മാണവും 20 കോടി, അഷ്ടമുടി, ആശ്രാമം, തങ്കശ്ശേരി-കൊല്ലം ബീച്ച് ടൂറിസം വികസനം 20 കോടി , കൊല്ലം എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ളാറ്റ് നിർമ്മാണം 20 കോടി, പ്രധാന പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണം 80 കോടി, കൊല്ലം മണ്ഡലത്തിലെ സമഗ്രവികസനത്തിന് എം.എൽ.എ. ഫണ്ട് 24 കോടി, പട്ടികജാതി കോളനികളുടെ നവീകരണം ഒരു കോടി 25 ലക്ഷം തുടങ്ങി 1142.55 കോടി രൂപയുടെ നിരവധിയായ വികസനപ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്നര വർഷക്കാലം കൊണ്ട് കൊല്ലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.



## സാമാജികർ പകർത്തിയത്

**പ്രകൃതി, പരിസ്ഥിതി എന്നിവ സംബന്ധിച്ച് സാമാജികർ പകർത്തിയ ചിത്രങ്ങൾ**

**മുൻ എം.എൽ.എ. എം.വി. ശ്രേയാംസ് കുമാർ പകർത്തിയ ദൃശ്യങ്ങൾ** (12, 13 കേരള നിയമസഭകളിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നുള്ള അംഗമായിരുന്നു)



# അസാധാരണമായൊരു രാജി

ഒരു നിയമസഭാ സാമാജികന് പ്രത്യേക കാരണം കാണിക്കാതെ എപ്പോൾ വേണമെങ്കിലും അംഗത്വം രാജിവയ്ക്കാവുന്നതാണ്. പ്രത്യേക ഫാറത്തിൽ സ്വന്തം കൈപ്പടയിൽ എഴുതി സ്പീക്കറെ അറിയിക്കണമെന്നേയുള്ളൂ. രാജിവയ്ക്കുന്നതിനുള്ള കാരണം രേഖപ്പെടുത്താൻ പാടില്ല. രാജി സ്വമേധയാലുള്ളതും യഥാർത്ഥവുമാണെന്ന് അംഗം സ്പീക്കറെ നേരിട്ട് അറിയിക്കുകയും സ്പീക്കർക്ക് അതിന് വിപരീതമായ തരത്തിൽ വിവരമൊന്നും ലഭിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ സ്പീക്കർ ഉടൻ തന്നെ രാജി സ്വീകരിക്കുന്നു. രാജിക്കത്ത് സ്പീക്കർ സ്വീകരിക്കുന്നതിനുമുമ്പ് ഏതു സമയത്തും അംഗത്തിന് രാജി പിൻവലിക്കാവുന്നതാണെന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു.



അംഗത്വം രാജിവച്ചിരിക്കുന്നതായി അംഗം അറിയിക്കുകയും സ്പീക്കർ അത് സ്വീകരിക്കുകയും ചെയ്താൽ രാജിവിവരം സ്പീക്കർ സഭയെ അറിയിക്കുന്നതാണ് നടപടിക്രമം. ഭാവിയിലെ ഒരു തീയതി പ്രാബല്യത്തിലാണ് രാജിവയ്ക്കുന്നതെന്ന് അംഗം രാജിക്കത്തിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിൽ ആ തീയതി പ്രാബല്യത്തിൽ രാജി പ്രയോഗത്തിൽ വരുന്നു. അംഗത്തിന്റെ രാജി സ്പീക്കർ സ്വീകരിച്ചു കഴിഞ്ഞാൽ ആ വിവരം ഉടൻ തന്നെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു. അപ്രകാരം ഉണ്ടായ ഒഴിവു നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനുവേണ്ടി വിജ്ഞാപനത്തിന്റെ പകർപ്പ് തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

എന്നാൽ രാജിക്കത്ത് സ്പീക്കർ അംഗീകരിക്കുകയും രാജിവിവരം സഭയിൽ അറിയിക്കുകയും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തതിനുശേഷം രാജി പിൻവലിക്കുകയും കോടതി ഉത്തരവിലൂടെ രാജി അസാധുവാക്കുകയും ചെയ്ത സംഭവം കേരള നിയമസഭയിലുണ്ടായിട്ടുണ്ട്. രണ്ടാം കേരള നിയമസഭയിലായിരുന്നു അപൂർവ്വമായ രാജി അരങ്ങേറിയത്. കേരള നിയമസഭയിൽ പാറശ്ശാല നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച കുഞ്ഞുകൃഷ്ണൻ നാടാർ 1963 നവംബർ 23 ന് രാജിക്കത്ത് സമർപ്പിച്ചു. 1963 ഡിസംബർ 1 പ്രാബല്യത്തിൽ രാജിവയ്ക്കുന്നു എന്നറിയിച്ചുകൊണ്ടുള്ള കത്താണ് സ്പീക്കർക്കു നൽകിയത്. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്ന സമയമായതിനാൽ തൊട്ടടുത്ത സമ്മേളന ദിവസമായ നവംബർ 26 ന് സ്പീക്കർ കത്ത് സഭയിൽ വായിച്ചു. ധ്യാനത്തിനും മതപരമായ ആവശ്യങ്ങൾക്കും കൂടുതൽ സമയം ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ 1963 ഡിസംബർ 1 പ്രാബല്യത്തിൽ നിയമസഭാംഗത്വം രാജിവയ്ക്കുന്നുവെന്നായിരുന്നു കത്തിന്റെ ഉള്ളടക്കം. രാജി അംഗീകരിച്ച സാഹചര്യത്തിൽ രാജിയെത്തുടർന്ന് പാറശ്ശാല നിയോജകമണ്ഡലത്തിൽ അംഗത്വം ഒഴിവു വന്നതായി ഡിസംബർ 5 ലെ വിജ്ഞാപനമായി 1963 ഡിസംബർ 10 ലെ കേരള ഗസറ്റിൽ രാജി വിവരം പ്രസിദ്ധപ്പെടുത്തി.

കുഞ്ഞുകൃഷ്ണൻ നാടാർ രാജി പിൻവലിക്കുന്നതായി നവംബർ 29 തീയതിയായ കത്ത് നവംബർ 30 ന് സ്പീക്കർക്കു നൽകി. രാജി അംഗീകരിച്ചതിനെത്തുടർന്ന് പാറശ്ശാല നിയോജകമണ്ഡലത്തിൽ ഒഴിവു വന്നതായി ഗസറ്റ് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനാൽ രാജിക്കത്ത് പിൻവലിക്കുന്ന കാര്യം പരിഗണിക്കാനാവില്ലെന്ന് സ്പീക്കർ നിലപാടെടുത്തു. എന്നാൽ, രാജിവയ്ക്കുവാൻ നിശ്ചയിച്ചിരുന്ന തീയതിക്കു മുമ്പായി രാജി പിൻവലിച്ചുകൊണ്ടുള്ള കത്ത് സ്പീക്കർക്ക് നൽകിയതിനാൽ നിയമസഭാംഗമായി തുടരണമെന്ന തീരുമാനത്തിൽ അംഗം ഉറച്ചു നിന്നു. ഭരണഘടനയുടെ അനുച്ഛേദം 226 പ്രകാരം ഹൈക്കോടതിക്ക് സിദ്ധിച്ചിട്ടുള്ള അധികാരം വിനിയോഗിച്ച് ഡിസംബർ 10 ലെ ഗസറ്റ് വിജ്ഞാപനം അസാധുവായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ അദ്ദേഹം കേസ് ഫയൽ ചെയ്തു (ഒ.പി.നമ്പർ 2459/1963).

പുനർചിന്തനത്തിന്റെ അടിസ്ഥാനത്തിൽ രാജി പിൻവലിക്കുന്നതിന് ഉദ്ദേശിക്കുന്നില്ലെന്ന് കാണിച്ച് കുഞ്ഞുകൃഷ്ണൻ നാടാർ ഡിസംബർ 5 ന് സ്പീക്കർക്ക് വീണ്ടും കത്ത് നൽകി. നിയമസഭാംഗത്വം ഒഴിവാക്കുന്നതിന് അനുച്ഛേദം 190(3)(ബി) ൽ വ്യവസ്ഥ ചെയ്യുന്നപ്രകാരം 'അംഗത്വം രാജി വച്ചതായി' സ്വന്തം കൈപ്പടയിൽ എഴുതി അറിയിച്ചിട്ടില്ലായെന്നും അതുകൊണ്ടുതന്നെ ഒഴിവു വന്നതായി കണക്കാക്കാൻ കഴിയില്ലെന്നും സാമാജികരുടെ എല്ലാ അവകാശങ്ങളും നൽകിക്കൊണ്ട് അംഗമായി തുടരാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഡിസംബർ 12 നും അദ്ദേഹം കത്ത് നൽകിയിരുന്നു.

കുഞ്ഞുകൃഷ്ണൻ നാടാരുടെ പരാതിയിൽ നിയമസഭാ സെക്രട്ടേറിയറ്റ് ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ ഭരണഘടനയുടെ അനുച്ഛേദം 190(3) പ്രകാരം ഒരു നിയമസഭാംഗം രാജിവച്ചതായി സ്പീക്കർക്ക് കത്ത് നൽകുകയും സ്പീക്കർ അത് സ്വീകരിക്കുകയും ചെയ്യുമ്പോൾ അംഗത്വം ഒഴിവാകുന്നതാണെന്ന് വിശദമാക്കി. 1963 ഡിസംബർ 5 നും 12 നും കുഞ്ഞുകൃഷ്ണൻ നാടാർ സ്പീക്കറെ അഭിസംബോധന ചെയ്തു നൽകിയ കത്തുകളും നിയമസഭാ സെക്രട്ടറി കോടതിയിൽ ഹാജരാക്കി.

ഡിസംബർ 1 ന് രാജിവയ്ക്കുന്നതായി നവംബർ 23 ന് കുഞ്ഞുകൃഷ്ണൻ നാടാർ നൽകിയ കത്ത് അദ്ദേഹത്തിന്റെ രാജിതാൽപര്യം മുൻകൂറായി അറിയിക്കുന്ന ഒന്നായി കണക്കാക്കാനേ കഴിയുകയുള്ളൂ എന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഡിസംബർ 5, 12 തീയതികളിൽ പരാതിക്കാരൻ സ്പീക്കർക്കു നല്കിയ കത്തുകളിൽ വ്യത്യസ്തമായൊരു രാജി സംബന്ധിച്ചല്ല, മറിച്ച് മുൻകത്തുകളിൽ പരാമർശിച്ചിട്ടുള്ള കാര്യം തന്നെയാണ് പ്രതിപാദ്യവിഷയമെന്ന് കോടതി കണ്ടെത്തി. സഭാംഗത്വം ഒഴിവു വന്നതായി കണക്കാക്കാൻ കഴിയില്ലെന്നും കോടതി നിരീക്ഷിച്ചു. ഡിസംബർ 5, 12 തീയതികളിൽ ബഹു.സ്പീക്കർക്ക് കത്ത് നൽകിയ കാര്യം സത്യവാങ്മൂലത്തിൽ നിന്നും മറച്ചുവച്ച കാരണത്താൽ കുഞ്ഞുകൃഷ്ണൻ നാടാർക്ക് കോടതിച്ചെലവ് അനുവദിച്ചില്ല. 'Addressed to the Speaker' എന്നതിന്റെ അർത്ഥം കോടതി വ്യാഖ്യാനിക്കുകയുണ്ടായി. കത്തിന്റെ ഉള്ളടക്കത്തിൽ അത് സ്പീക്കർക്ക് നൽകുന്നതാണ് എന്ന് വ്യക്തമായാൽ മതിയെന്നും അത് സ്പീക്കർക്ക് ലഭിച്ചുവോ എന്നത് അപ്രസക്തമാണെന്നും അഡ്വക്കേറ്റ് ജനറൽ വാദിച്ചു. ഇത് കോടതി അംഗീകരിച്ചില്ല. ഭരണഘടനയുടെ അനുച്ഛേദം 190(3), Murray യുടെ A New English Dictionary എന്നിവ പരാമർശിച്ചുകൊണ്ട് 'addressed to the Speaker' എന്നാൽ 'Conveyed to the Speaker' എന്നാണെന്നും കത്തിന്റെ ശീർഷകത്തിൽ 'Speaker' എന്ന് എഴുതുന്നതല്ലെന്നും കോടതി വ്യക്തമാക്കി. കേരള നിയമസഭയിലെ പാറശ്ശാല സീറ്റ് 1963 ഡിസംബർ 1 മുതൽ ഒഴിവു വന്നതായുള്ള ഡിസംബർ 10 ലെ ഗസറ്റ് വിജ്ഞാപനം അസാധുവാക്കുന്നതായും കോടതി വിധിച്ചു. 1964 ജനുവരി 23 ന് ജസ്റ്റിസ് എം.മാധവൻ നായർ അംഗമായ ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത് (AIR 1964 Ker 194).

കുഞ്ഞുകൃഷ്ണൻ നാടാരുടെ നിയമസഭാംഗത്വത്തിന് ഭംഗം വരുത്തുന്ന സാഹചര്യം ഉണ്ടാകാത്തതിനാൽ തുടർന്ന് അദ്ദേഹത്തിന് സത്യപ്രതിജ്ഞ ചെയ്യേണ്ടി വന്നില്ല. അദ്ദേഹത്തിന്റെ രാജിക്കത്ത് നിയമസഭാ ചട്ടം ഭേദഗതി ചെയ്യുന്നതിന് കാരണമായി.

നിയമസഭാ സാമാജികരുടെ രാജി ഭാവിയിലെ ഒരു തീയതി മുതൽക്കേ പ്രാബല്യത്തിൽ വരികയുള്ളൂ എന്നുള്ളപ്പോൾ ആ വിവരം രാജി പ്രാബല്യത്തിൽ വരുന്ന തീയതിക്കു ശേഷം മാത്രമേ ബുള്ളറ്റിനിലും ഗസറ്റിലും പ്രസിദ്ധപ്പെടുത്താവൂ എന്ന് ചട്ടം ഭേദഗതി ചെയ്തു.

# കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സംബന്ധിച്ച നടപടിക്രമം

കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നത് രാജ്യത്തെ പരമാധികാര ആഡിറ്റ് സ്ഥാപനമാണ്. സി. ആൻഡ് എ.ജി.യുടെ ആഡിറ്റ് അധികാരപത്രത്തിനുള്ളിൽ അദ്ദേഹത്തിനുവേണ്ടി നടത്തപ്പെടുന്ന ആഡിറ്റിന്റെ വ്യാപ്തിയും പരിധിയും നിശ്ചയിക്കുന്ന ഏക അധികാരി സി. ആൻഡ് എ.ജി. യാണ്. രാഷ്ട്രപതി കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴിയാണ് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ നിയമിക്കപ്പെടുന്നത്. സുപ്രീം കോടതിയിലെ ഒരു ജഡ്ജിയെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്ന അതേ വിധത്തിലും അതേ കാരണങ്ങൾക്കും മാത്രമേ അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവൂ. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരമാണ് രാഷ്ട്രപതി സി. ആൻഡ് എ.ജി.യെ നിയമിക്കുന്നത്. കേന്ദ്രഭരണപ്രദേശങ്ങൾക്കായി അക്കൗണ്ടന്റ് ജനറൽ - സെൻട്രൽ റവന്യൂ'പ്രവർത്തിക്കുന്നു. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്റ്റ് പ്രകാരം പ്രവിശ്യകൾക്കായി നിയമിക്കപ്പെട്ട അക്കൗണ്ടന്റ് ജനറൽമാർ ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ നിന്നും സ്വതന്ത്രമായിരുന്നു.

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും കണക്കുകൾ ആഡിറ്റ് ചെയ്യേണ്ട ഉത്തരവാദിത്വം അക്കൗണ്ടന്റ് ജനറലിനാണ്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 148 പ്രകാരം സ്ഥാപിതമായ ഒരു പദവിയാണ് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നത്. സി. ആൻഡ് എ.ജി.യുടെ ചുമതലകളും അധികാരങ്ങളും 1971-ലെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ (ചുമതലയും അധികാരങ്ങളും സേവന വ്യവസ്ഥകളും) നിയമം വഴി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2007-ലെ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് റഗുലേഷനിലും സി. ആൻഡ് എ.ജി.യുടെ ചുമതലകളേയും അധികാരങ്ങളേയും സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. സി. ആൻഡ് എ.ജി. എന്നത് ഒരു പാർലമെന്ററി ഉദ്യോഗമല്ല. നേരിട്ട് സഭയോട് ഉത്തരവാദിത്വപ്പെട്ടിട്ടില്ല. മന്ത്രി വഴി മാത്രം സഭയിൽ പ്രതിനിധീകരിക്കാവുന്ന ഒരു അധികാര സ്ഥാനമാണിത്. രാഷ്ട്രപതിയുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥനാണ് എന്നതിനാൽ അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ രാഷ്ട്രപതിക്കാണ് സമർപ്പിക്കുന്നത്. രാഷ്ട്രപതി അത് മന്ത്രി വഴി സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ മൂന്നു തരം റിപ്പോർട്ടുകളാണ് സഭയിൽ സമർപ്പിക്കുന്നത്. കൊമേഴ്സ്യൽ റിപ്പോർട്ട്, ഗവൺമെന്റ് വകുപ്പുകളെ സംബന്ധിക്കുന്ന സിവിൽ റിപ്പോർട്ട്, റവന്യൂ വരവ് സംബന്ധിച്ച റിപ്പോർട്ട് എന്നിവയാണവ. കൊമേഴ്സ്യൽ റിപ്പോർട്ട് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച നിയമസഭാ കമ്മിറ്റി പരിശോധിക്കുന്നു. മറ്റുള്ളവ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുമ്പാകെ വരുന്നവയാണ്. സി ആന്റ് എ.ജി. മേശപ്പുറത്ത് വയ്ക്കുന്ന റിപ്പോർട്ടുകളുടെ കൂടെ അപ്രോപ്രിയേഷൻ അക്കൗണ്ട്സിന്റെയും ഫൈനാൻസ് അക്കൗണ്ട്സിന്റെയും വിശദവിവരങ്ങളും ഉണ്ടാകും.

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയ്ക്ക് വേണ്ടി സംസ്ഥാനങ്ങളിൽ അക്കൗണ്ടന്റ് ജനറൽമാർ പ്രവർത്തിക്കുന്നു. പ്രധാനപ്പെട്ട വകുപ്പുകൾ ബജറ്റ് വിഹിതമനുസരിച്ചാണോ ചെലവ് ചെയ്യുന്നത്, ഓരോ പ്രവൃത്തിക്കും വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നത് അക്കൗണ്ടന്റ് ജനറൽ പരിശോധിക്കും. തൃപ്തികരമല്ലെങ്കിൽ എ.ജി. ആഡിറ്റ് തടസ്സങ്ങൾ രേഖപ്പെടുത്തും. ഇക്കാര്യത്തിൽ വകുപ്പിന് എന്താണ് പറയാനുള്ളത് എന്നറിയാൻ വിശദീകരണം ആരായും. വകുപ്പു മേധാവി ഇതു സംബന്ധിച്ച മറുപടി എ.ജി.ക്ക് നൽകുന്നു. മറുപടി തൃപ്തികരമെങ്കിൽ അത് സ്വീകരിക്കും. തൃപ്തികരമല്ലെങ്കിൽ ആഡിറ്റ് ഖണ്ഡികയിൽ ഈ ക്രമക്കേട് കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി ഗവർണർക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഗവർണറുടെ നിർദ്ദേശ പ്രകാരം റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു കഴിഞ്ഞാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിങ് കമ്മിറ്റി എന്നിവ റിപ്പോർട്ടിലെ ചെലവ് ചെയ്തതും ആഡിറ്റ് തടസ്സമുള്ളതുമായ ഭാഗങ്ങൾ പരിശോധനയ്ക്ക് എടുക്കുന്നു. ആഡിറ്റ് തടസ്സങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി രണ്ടു മാസത്തിനകം കമ്മിറ്റിക്ക് നൽകുന്നു. കമ്മിറ്റി ബന്ധപ്പെട്ട ഓരോ ആഡിറ്റ് ഖണ്ഡികകളും സർക്കാർ നൽകുന്ന മറുപടിയും പരിശോധിച്ച് ഉദ്യോഗസ്ഥരെ വിസ്തരിച്ച് തെളിവെടുപ്പ് നടത്തുന്നു. പാഴ്ചെലവുകൾ വരുത്തുകയോ പണം ഫലപ്രദമായി ചെലവാക്കാതിരിക്കുകയോ, തക്കതായ കാരണമില്ലാതെ അധികചെലവ് വരുത്തുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ നിയമസഭാ കമ്മിറ്റി ശിപാർശ ചെയ്യുന്നു. ക്രമക്കേടുകൾ സംബന്ധിച്ച ശിപാർശകൾ ഉൾപ്പെടുന്ന റിപ്പോർട്ട് കമ്മിറ്റി തയ്യാറാക്കി സഭയിൽ സമർപ്പിക്കുന്നു. തുക വകമാറ്റി ചെലവഴിച്ചതു സംബന്ധിച്ച് പരിശോധിക്കണമെന്നും അതു കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സർക്കാരിനുണ്ടായ നഷ്ടം കുറ്റക്കാരിൽ നിന്നും തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമൊക്കെയായിരിക്കും ശിപാർശയുടെ സ്വഭാവം. ശിപാർശകൾ പൊതുവേ സർക്കാർ നടപ്പാക്കാറുണ്ട്. ശിപാർശകളിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് നിയമസഭാ കമ്മിറ്റിയേയും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനേയും അറിയിക്കണമെന്ന നിബന്ധനയുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2018 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ടാണ് 2020 ഫെബ്രുവരി 12-ന് സഭയുടെ മേശപ്പുറത്ത് വച്ചത്. ഇതിൽ പോലീസിന്റെ വെടിക്കോപ്പ്, ആയുധശേഖരത്തിൽ നിന്ന് വെടിയുണ്ടകൾ, തോക്കുകൾ എന്നിവ കാണാതായി എന്നതുൾപ്പെടെയുള്ള കണ്ടെത്തലുകളുണ്ടായിരുന്നു. റിപ്പോർട്ട് പുറത്തു വരുന്നതിന് തലേ ദിവസം പ്രതിപക്ഷ എം.എൽ.എ. പി.ടി.തോമസ് റിപ്പോർട്ടിലെ പോലീസുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ ചിലത് നിയമസഭയിൽ ഉന്നയിച്ചിരുന്നു. ഇക്കാരണത്താൽ റിപ്പോർട്ട് ചോർന്നുവെന്ന് വിവാദമുണ്ടായി. റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം അക്കൗണ്ടന്റ് ജനറൽ പത്രസമ്മേളനം നടത്തിയിരുന്നു. റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദീകരിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ മാധ്യമങ്ങളെ കാണുന്നത് ഇതാദ്യമല്ലായെങ്കിലും വകുപ്പ് മേധാവിയെ പേരെടുത്ത് പറഞ്ഞത് അസാധാരണമായി വിലയിരുത്തപ്പെട്ടു. സി. ആൻഡ് എ.ജി. യുടെ അധികാരങ്ങളും പ്രവർത്തനരീതിയും ചോദ്യം ചെയ്യപ്പെടുന്നതിന് ഈ റിപ്പോർട്ട് ഇടയാക്കി. റിപ്പോർട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ചോർന്നിട്ടില്ലെന്ന് സ്പീക്കർ വ്യക്തമാക്കി.

പോലീസിന്റെ വെടിയുണ്ടകൾ കാണാതായ സംഭവത്തിൽകേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചതിൽ ഇതു സംബന്ധിച്ച കേസ് പരിഗണിക്കുമ്പോൾ ഹൈക്കോടതി അതൃപ്തി പ്രകടിപ്പിച്ചു. സി.ആൻഡ് എ.ജി. റിപ്പോർട്ട് നിയമസഭയ്ക്ക് കൈമാറേണ്ടതാണെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുമ്പോൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതു സംബന്ധിച്ച് ചീഫ് ജസ്റ്റിസ് എസ്. മണികുമാർ അധ്യക്ഷനായ ബഞ്ച് ചോദിച്ചു. കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## പതിനെട്ടാം സമ്മേളനം: ആദ്യ ഇ- നിയമസഭാ സമ്മേളനം

പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനം 2020 ജനുവരി 29 ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിച്ച് 2020 ഫെബ്രുവരി 12 ന് അവസാനിച്ചു. ജനുവരി 31 ന് സഭാംഗമായിരുന്ന മുൻമന്ത്രി തോമസ് ചാണ്ടിയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി സഭ പിരിഞ്ഞു. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ഫെബ്രുവരി 7 ന് സഭയിൽ അവതരിപ്പിച്ചു. 'കടലാസ് രഹിത നിയമസഭ' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായുള്ള 'ഇ-നിയമസഭ' പദ്ധതിയ്ക്ക് പതിനെട്ടാം സമ്മേളനത്തിൽ തുടക്കം കുറിച്ചു.

സഭ സമ്മേളിച്ച പത്തു ദിവസങ്ങളിൽ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ച ചെയ്യുന്നതിനായി മൂന്നു ദിവസവും ബജറ്റിന്റെ പൊതുചർച്ചയ്ക്കായി മൂന്നു ദിവസവും വിനിയോഗിച്ചു. 2019-20 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിച്ചു. 2020 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2020 ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ(ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ എന്നിവ പാസാക്കി. സഭാ സമ്മേളനത്തിൽ 8 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. കാർഷിക മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് സണ്ണി ജോസഫ് എം.എൽ.എ. നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ഫെബ്രുവരി 10 ന് പരിഗണിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

210 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളും 2592 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 23 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകി. സഭാതലത്തിൽ 161 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു. എല്ലാ ചോദ്യങ്ങൾക്കും അതത് ദിവസം തന്നെ മറുപടി നൽകിയ മന്ത്രിമാരെ സ്പീക്കർ അഭിനന്ദിച്ചു.

14 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 81 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്നുള്ള സാഹചര്യം സംബന്ധിച്ച് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഫെബ്രുവരി 2 ന് സഭയിൽ പ്രസ്താവന നടത്തി. ആദായ നികുതി നിയമത്തിലെ ആറാം വകുപ്പ് പ്രവാസി ഇന്ത്യാക്കാരെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര ബജറ്റ് നിർദ്ദേശം ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ഫെബ്രുവരി 6 ന് സഭ ഏകകണ്ഠമായി പാസാക്കി.

# ലോക കേരളസഭ രണ്ടാം സമ്മേളനം



രണ്ടാം സമ്മേളനത്തിന്റെ ഏറ്റവും പ്രധാന തീരുമാനമായി വരേണ്ടകാര്യം ലോക കേരള സഭ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ സ്ഥാനത്ത് ലോക കേരള സഭാ നിയമം യാഥാർത്ഥ്യമാക്കുക എന്നതാണ്. ലോക കേരള സഭാ ബില്ലിന്റെ പ്രഥമ കരട് വികസിപ്പിച്ച് നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക എന്നതാണ് ഒരു പ്രധാന അജണ്ട. ലോക കേരളത്തിന്റെ പൊതുജനാധിപത്യവേദി എന്ന നിലയ്ക്ക് നിയമപരമായ ദാർഢ്യം നൽകാനുദ്ദേശിച്ചുള്ളതാണ് ഈ ബില്ല്. വളരെ ഗൗരവത്തോടെയാണ് ലോക കേരള സഭയുടെ അഭിപ്രായങ്ങളെയും തീരുമാനങ്ങളെയും സർക്കാർ കാണുന്നത്. മന്ത്രിമാർ, വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരുടെ തന്നെ സാന്നിദ്ധ്യം എന്നിവ തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. തീരുമാനങ്ങൾ സർക്കാരും തദ്ദേശ സമിതികളും നടപ്പാക്കുക തന്നെ ചെയ്യും.

**പിണറായി വിജയൻ**, മുഖ്യമന്ത്രി

ലോക കേരളസഭയുടെ രണ്ടാം സമ്മേളനം 2020 ജനുവരി 01, 02, 03 തീയതികളിൽ തിരുവനന്തപുരത്ത് ചേർന്നു. കേരളത്തിന്റെ സാംസ്കാരിക പെരുമ വിളിച്ചോതുന്ന ദൃശ്യവിരുന്നിന്റെ അകമ്പടിയോടെ നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രണ്ടാം ലോക കേരളസഭ സമ്മേളനം ഉദ്ഘാടനം ചെയ്തു. ശാസ്ത്രമേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും പ്രവർത്തിക്കുന്ന പ്രവാസി മലയാളികൾ നമ്മുടെ സർവ്വകലാശാലകളിലെ ഗവേഷകരുമായും വിദ്യാർത്ഥികളുമായും കൂടുതൽ സഹകരണം സ്ഥാപിക്കണമെന്ന് ഗവർണർ പറഞ്ഞു. കേരളത്തിന്റെ സുസ്ഥിര വികസനത്തിൽ പ്രവാസികളുടെ പങ്ക് അദ്ദേഹം എടുത്തു പറയുകയുണ്ടായി. സൂര്യാ കൃഷ്ണമൂർത്തി ഒരുക്കിയ അഗ്നി-ദ-ഫയർ മ്യൂസിക് മെഗാഷോയും പ്രശസ്ത നർത്തകി ആശാ ശരത്തും സംഘവും അവതരിപ്പിച്ച നൃത്തവും ഉദ്ഘാടനപരിപാടിക്ക് മിഴിവേകി.

നിയമസഭാ സമുച്ചയത്തിലെ നവീകരിച്ച ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് 47 രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള 351 പ്രതിനിധികൾ സമ്മേളിച്ചത്. ജനുവരി 2 ന് ചീഫ് സെക്രട്ടറിയുടെ ഔദ്യോഗിക പ്രഖ്യാപനത്തോടെയാണ് രണ്ടാം ലോക കേരളസഭ നടപടികൾ ആരംഭിച്ചത്. സഭാനടപടികൾ സംബന്ധിച്ച സ്പീക്കർ പി.ശ്രീരാമകൃഷ്ണന്റെ പ്രഖ്യാപനത്തിനുശേഷം മുഖ്യമന്ത്രി പിണറായി വിജയൻ സഭാനടപടികളുടെ ഉദ്ഘാടനവും ലോക കേരളസഭ സമീപനരേഖ സമർപ്പണവും നടത്തി. ലോക കേരളസഭയുടെ പ്രസിദ്ധീകരണമായ 'ലോക മലയാളം' ചടങ്ങിൽ പ്രകാശനം ചെയ്തു. തുടർന്നു നടന്ന ചടങ്ങിൽ ജർമ്മനിയിലെ ട്യൂബിംഗൻ സർവ്വകലാശാലാ പ്രൊഫസർ ഡോ.ഹൈക്കെ ഊബർലിൻ, ഹെർമൻ ഗുണ്ടർട്ടിന്റെ കൈവശമുണ്ടായിരുന്ന ഡിജിറ്റൽ രൂപത്തിലുള്ള ചരിത്രരേഖകൾ മുഖ്യമന്ത്രിക്ക് കൈമാറി. ഉദ്ഘാടനത്തിനുശേഷം ഒന്നാം ലോക കേരള സഭയെത്തുടർന്നുള്ള നേട്ടങ്ങളുടെ വീഡിയോ അവതരണം നടത്തി. ഉച്ചയ്ക്കുശേഷം ഏഴ് മേഖലാ യോഗങ്ങളും വിഷയാടിസ്ഥാനത്തിലുള്ള എട്ട് മേഖലാ സമ്മേളനങ്ങളും ചേരുകയുണ്ടായി. ലോകകേരളസഭയ്ക്ക് നിയമപ്രാബല്യം നൽകുന്നതിനുള്ള ബില്ലിന്റെ കരട് ഡോ.ആസാദ് മൂപ്പൻ അവതരിപ്പിച്ചു. ബില്ല് നിയമമാകുന്നതിന് സർക്കാരിന്റെ അടിയന്തരശ്രദ്ധ ഉണ്ടാകുമെന്ന് സമ്മേളനം പ്രത്യാശ പ്രകടിപ്പിച്ചു. ഹിന്ദുസ്ഥാനി സംഗീതജ്ഞ സാമിയ മെഹ്ബൂബ് അഹമ്മദിന്റെ സംഗീത വിരുന്ന് സമ്മേളനത്തിന്റെ രണ്ടാം ദിനത്തെ അവിസ്മരണീയമാക്കി. തുടർന്ന് 'പ്രവാസി സംഗീതിക' എന്ന മൾട്ടിമീഡിയ മെഗാഷോ അരങ്ങേറി.

ജനുവരി 3 ന് രാവിലെ മേഖലായോഗങ്ങളുടെയും വിഷയാടിസ്ഥാനത്തിലുള്ള സമിതികളുടെയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. റിപ്പോർട്ടിന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി പറഞ്ഞു. സ്പീക്കർ പി.ശ്രീരാമകൃഷ്ണന്റെ സമാപന പ്രഖ്യാപനത്തോടെ രണ്ടാം ലോക കേരളസഭ നടപടികൾക്ക് തിരശീല വീണു.

# മലയാളത്തിലുള്ള നിയമങ്ങൾക്ക് ചട്ടങ്ങളും മലയാളത്തിൽ വേണം: സ്പീക്കർ

മലയാളത്തിലുള്ള നിയമങ്ങൾക്ക് മലയാളത്തിൽ തന്നെ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സ്പീക്കറുടെ റൂളിംഗ്. ഫെബ്രുവരി 5 ന് സഭയുടെ മേശപ്പുറത്തുവച്ച കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയവയായിരുന്നു. അവയുടെ മൂലനിയമങ്ങളായ 2019 ലെ കേരള സൂക്ഷ്മ - ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമവും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമവും മലയാളത്തിലാണ് പ്രസിദ്ധീകരിച്ചതും പാസാക്കിയതും. മലയാളത്തിലുള്ള നിയമങ്ങൾക്ക് ഇംഗ്ലീഷിൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതുകൊണ്ട് ഭേദഗതി നിർദ്ദേശിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതായി എം.ഉമ്മർ ക്രമപ്രശ്നമുന്നയിച്ചിരുന്നു. ഇതു സംബന്ധിച്ച് 2016 ജൂലൈ 18 ലെ റൂളിംഗ് നിലനിൽക്കേയാണ് ഇത്തരം വീഴ്ച വരുത്തിയതെന്നും ഇപ്രകാരം സമർപ്പിച്ച ചട്ടങ്ങൾ പിൻവലിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമായിരുന്നു അംഗത്തിന്റെ ആവശ്യം. വ്യവസായവകുപ്പ് മന്ത്രിയും തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയും ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വിശദീകരിച്ചു. മലയാളത്തിലുള്ള ചട്ടങ്ങൾ ഉടൻ പ്രസിദ്ധീകരിക്കുന്നതാണെന്നും മന്ത്രിമാർ അറിയിച്ചു.

സംസ്ഥാന നിയമസഭ പാസാക്കുന്ന നിയമങ്ങൾക്കനുസൃതമായി ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ എന്നിവ തയ്യാറാക്കുന്നതിന് ഏല്പിച്ചു കൊടുത്ത




നിയമനിർമ്മാണാധികാരം ഉപയോഗിച്ച് സർക്കാർ ഇവ നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. ചട്ടങ്ങൾ നിയമസഭ പാസാക്കിയ മൂലനിയമങ്ങൾക്കനുസൃതമായിരിക്കണം. മൂലനിയമം മലയാളത്തിലാണെങ്കിൽ ചട്ടങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. അംഗങ്ങളുടെ അറിവിലേക്കായി ഇംഗ്ലീഷ് പരിഭാഷയും നൽകുന്നു. മൂലനിയമം ഇംഗ്ലീഷിലാണെങ്കിൽ ചട്ടങ്ങൾ ഇംഗ്ലീഷിൽ തയ്യാറാക്കി മലയാള പരിഭാഷ കൂടി നൽകുന്നതാണ് കീഴ്വഴക്കം.

സഭ പാസാക്കിയ മലയാളത്തിലുള്ള നിയമങ്ങൾക്ക് ചട്ടങ്ങൾ ആദ്യം ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കുന്നത് അനുവദിക്കാനാകില്ലായെന്നും മലയാളത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളുടെ ഇംഗ്ലീഷ് ഭാഷ്യം ആവശ്യമെങ്കിൽ ഭരണഘടനയുടെ 348-ാം അനുച്ഛേദം 3-ാം ഖണ്ഡ പ്രകാരം അവയുടെ പരിഭാഷ കൂടി പുറപ്പെടുവിക്കുകയാണ് വേണ്ടതെന്നും സ്പീക്കർ നിർദ്ദേശിച്ചു. ഇത് അംഗങ്ങളുടെ ന്യായമായ അവകാശമാണെന്നും ഈ അവകാശം നിഷേധിക്കുന്ന സാഹചര്യം ഇനി ഉണ്ടായാൽ ബന്ധപ്പെട്ടവർക്കെതിരേ അവകാശലംഘനത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും സഭാനാഥൻ മുന്നറിയിപ്പ് നൽകി. ഫെബ്രുവരി 12 നായിരുന്നു സ്പീക്കറുടെ റൂളിംഗ്.

പതിനാലാം നിയമസഭയുടെ ആദ്യ സമ്മേളനത്തിലും മലയാളത്തിലുള്ള നിയമങ്ങൾക്ക് ചട്ടങ്ങൾ മലയാളത്തിൽ തന്നെ ആദ്യം പുറപ്പെടുവിക്കണമെന്ന റൂളിംഗ് നൽകിയിരുന്നു. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടുമായി ബന്ധപ്പെട്ട് 2016 ജൂൺ 28 ന് സഭയുടെ മേശപ്പുറത്ത് വച്ച സ്റ്റാറ്റ്യൂട്ടറി റൂളുകൾ ഇംഗ്ലീഷിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നും ഇത് 2015 ലെ മലയാളഭാഷ വ്യാപനവും പരിപോഷണവും നിയമത്തിന്റെ ലംഘനമാണെന്നും ക്രമപ്രശ്നമുണ്ടായിരുന്നു. 2016 ജൂലൈ 18 നായിരുന്നു എം. ഉമ്മർ ഇതു സംബന്ധിച്ച ക്രമപ്രശ്നം ഉന്നയിച്ചത്.

Break the Chain
അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# സഭാ സമിതിയുടെ തീരുമാനങ്ങളുടെ രഹസ്യസ്വഭാവം നഷ്ടപ്പെടുത്തുന്നത് അവകാശ ലംഘനം – സ്പീക്കർ



നിയമസഭാ സമിതികളുടെ തീരുമാനങ്ങളുടെ രഹസ്യസ്വഭാവം നഷ്ടപ്പെടുത്തുന്നത് സഭയുടെയും സഭാ സമിതികളുടെയും പ്രത്യേക അവകാശം ലംഘിക്കുന്നതിന് തുല്യമാണെന്ന് നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സഭ അംഗീകരിക്കുന്നതിന് മുൻപ് മാധ്യമചർച്ചയ്ക്ക് വിധേയമാകുന്നതിന് അവസരം നൽകിയത് അത്യന്തം നിർഭാഗ്യകരമാണെന്നും സഭയുടെ അന്തസ്സിന് നിരക്കാത്തതാണെന്നും സ്പീക്കർ സഭയെ ഓർമ്മപ്പെടുത്തി. സഭയുടെ അവകാശലംഘനത്തിന്റെ പേരിൽ നടപടി സ്വീകരിക്കാൻ പര്യാപ്തമായ ഇത്തരം നടപടികൾ യാതൊരു കാരണവശാലും ആവർത്തിക്കാൻ പാടില്ലെന്നും സഭാനാഥൻ റൂളിംഗ് നൽകി.

കാര്യോപദേശക സമിതിയുടെ യോഗതീരുമാനങ്ങൾ മന്ത്രി മാധ്യമങ്ങൾക്കു മുമ്പിൽ വെളിപ്പെടുത്തിയത് സഭാ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ ലംഘനമാണെന്ന് എം.ഉമ്മർ ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. ജനുവരി 31 ന് കാര്യോപദേശക സമിതിയുടെ യോഗം കഴിഞ്ഞ് പുറത്തുപോയപ്പോൾ പ്രതിപക്ഷ നേതാവ് നൽകിയിരുന്ന ഉപക്ഷേപം സംബന്ധിച്ച് സർക്കാർ കൈക്കൊണ്ട നിലപാട് വിശദീകരിക്കുകയാണുണ്ടായതെന്നും സമിതിയുടെ യോഗ തീരുമാനം സംബന്ധിച്ച ഒരു കാര്യവും മാധ്യമങ്ങളോട് സംസാരിച്ചിട്ടില്ലെന്നും മന്ത്രി എ.കെ. ബാലൻ സഭയിൽ മറുപടി നൽകി. കാര്യോപദേശക സമിതിയിലെ ചർച്ചയുടെ വിശദാംശം നിയമസഭയിലെ മീഡിയാറൂമിൽ നടത്തിയ പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയത് പ്രതിപക്ഷ നേതാവാണെന്നും സ്പീക്കർ വീഡിയോ ക്ലിപ്പുകൾ പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഫെബ്രുവരി 3-ാം തീയതി ഇതു സംബന്ധിച്ച് പ്രതിപക്ഷ നേതാവിന്റെ ലേഖനം പ്രസിദ്ധീകരിച്ചിട്ടുള്ളതും മന്ത്രി സഭയുടെ ശ്രദ്ധയിൽപ്പെടുത്തി.

വീഡിയോ ക്ലിപ്പിംഗുകൾ മന്ത്രിയുടെ വാദത്തെ ശരിവയ്ക്കുന്നവയായിരുന്നുവെന്നും കാര്യോപദേശക സമിതിയുടെ തീരുമാനം മന്ത്രി പത്രക്കാരോട് വെളിപ്പെടുത്തിയെന്ന തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാകണം പ്രതിപക്ഷ നേതാവ് മീഡിയാ റൂമിൽ നടന്ന പത്രസമ്മേളനത്തിൽ സമിതിയിൽ നടന്ന ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തിയതെന്നും സ്പീക്കർ സഭയെ അറിയിച്ചു. എന്നാൽ ഫെബ്രുവരി 3-ാം തീയതിയിലെ ഒരു ദിനപത്രത്തിൽ 'ഗവർണറെ തിരിച്ചു വിളിക്കണമെന്ന പ്രമേയം നിരാകരിച്ചതിനു പിന്നിൽ' എന്ന പ്രതിപക്ഷ നേതാവിന്റെ ലേഖനത്തിൽ കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെയും സമിതി കൈക്കൊണ്ട തീരുമാനത്തേയും സംബന്ധിച്ച വ്യക്തമായ പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നുവെന്ന് സ്പീക്കർ സഭയെ അറിയിച്ചു. നിയമസഭാ സമിതിയുടെ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതുവരെ സമിതിയുടെ ഒരംഗത്തിനോ മറ്റാർക്കെങ്കിലുമോ യോഗനടപടി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താൻ അനുമതിയില്ലെന്നും അതുവരെ സഭാ സമിതിയുടെ യോഗ നടപടികളുടെ രഹസ്യസ്വഭാവം നിലനിർത്തണമെന്നുമുള്ള ലോക്സഭാ സ്പീക്കറുടെ നിർദ്ദേശം സ്പീക്കർ ഉദ്ധരിച്ചു. നിയമസഭാ സമിതികളുടെ പ്രവർത്തനം ഗൗരവതരവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടിയാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്ന് സ്പീക്കർ ഓർമ്മിപ്പിച്ചു. കാര്യോപദേശക സമിതിയുടെ തീരുമാനങ്ങളുടെ രഹസ്യസ്വഭാവം നഷ്ടപ്പെടുത്തിയതും അതു വഴി സഭയുടെയും സഭാ സമിതികളുടെയും അവകാശം ലംഘിച്ചതുമായ പരാതികൾ മുൻകാലങ്ങളിലുണ്ടായിട്ടില്ല. ഗവർണറെ തിരിച്ചു വിളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയത്തിന് പ്രതിപക്ഷ നേതാവ് നൽകിയ നോട്ടീസ് പരിഗണിക്കുന്നതു സംബന്ധിച്ച് കാര്യോപദേശക സമിതിയുടെ തീരുമാനമാണ് ഇത്തരത്തിൽ പരാമർശവിധേയമായത്.

## സഭാ പ്രസംഗങ്ങളിലൂടെ......

**രാഷ്ട്രത്തിന്റെ ഭാവി പൗരന്മാരെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസം പരമപ്രധാനമാണ്. വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന അസ്വസ്ഥതകൾ ഇല്ലാതാക്കാൻ കോളേജുകൗൺസിലുകളിൽ വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉമ്മൻ ചാണ്ടി 1972 മാർച്ച് 10 ന് പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് വിദ്യാഭ്യാസ വകുപ്പു മന്ത്രിയായിരുന്ന സി.എച്ച് മുഹമ്മദ് കോയ നടത്തിയ പ്രസംഗം**

സഭയുടെ എല്ലാ ഭാഗത്തു നിന്നും ഏകകണ്ഠമായുള്ള അഭിപ്രായമാണ് ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഉന്നയിച്ചിട്ടുള്ളത്. ആ അഭിപ്രായങ്ങളോട് എനിക്ക് യാതൊരു വിയോജിപ്പുമില്ല. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട പുതുപ്പള്ളി മെമ്പർ കഴിഞ്ഞ യൂണിവേഴ്സിറ്റി നിയമം മുഖേന കേരള സംസ്ഥാനത്തു നടത്തിയ മാതൃകാപരമായ, വിജയകരമായ പരീക്ഷണത്തെ സംബന്ധിച്ചു പറയുകയുണ്ടായി. വിദ്യാർത്ഥികൾക്ക് സെനറ്റിൽ പ്രാതിനിധ്യം നൽകാനുള്ള കേരള യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥ ഇന്ത്യയിലെ മറ്റൊരു സർവ്വകലാശാലയിലും അതുവരെ ഏർപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസ്ഥയാണ്. യു.എസ്.എ. യിലെയും യൂറോപ്യൻ സർവ്വകലാശാലകളിലേയും ക്യാമ്പസിലുണ്ടാകുന്ന അസ്വാസ്ഥ്യങ്ങൾക്കുള്ള കാരണം നമ്മുടെ രാജ്യത്തെപ്പോലെ വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിച്ച ആശങ്കകളോ, അല്ലെങ്കിൽ സ്കൂളുകളിലും കോളേജുകളിലുമെല്ലാമുള്ള ഉപകരണത്തിന്റെ ദൗർലഭ്യമോ അല്ല. അവരുടെ ഭാവി ഇന്നത്തെ കാലഘട്ടത്തിൽ സുരക്ഷിതമായി നിൽക്കുകയാണ്. അവിടെയുള്ള വിദ്യാലയങ്ങളും കോളേജുകളുമെല്ലാം നല്ല സൗകര്യങ്ങളോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ആ അസ്വാസ്ഥ്യങ്ങൾക്കെല്ലാം കാരണം, വിദ്യാർത്ഥികളുടെ പാർട്ടിസിപ്പേഷനെ സംബന്ധിച്ചുള്ള അവരുടെ ന്യായമായ നിർബന്ധമാണ്. ഈ സർവ്വകലാശാലകളെല്ലാം തന്നെ ക്രമമായി ഈ പാർട്ടിസിപ്പേഷനിൽ വിശ്വസിക്കുകയും അവർക്കനുകൂലമായ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗജേന്ദ്ര ഗാഡ്ക്കർ കമ്മിറ്റി ഈ പാർട്ടിസിപ്പേഷനെ സംബന്ധിച്ച് പരിശോധന നടത്തി അനുകൂലമായ തീരുമാനമെടുത്ത് റിപ്പോർട്ട് ചെയ്യുന്നതിനു മുൻപുതന്നെ ഇങ്ങനെയൊരു നടപടി നാം ഇവിടെ എടുത്തു എന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരമായ ഒരു കാര്യമാണ്. ഇന്ന് ഈ നടപടി എടുക്കുമ്പോൾ ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞതുപോലെ ആത്മാർത്ഥതയുള്ള വിദ്യാഭ്യാസവിദഗ്ധന്മാർ തന്നെ ഇതൊരു ആപൽക്കരമായ കാൽവയ്പായിരിക്കുമെന്ന് എന്നോടു പറയുകയുണ്ടായി. ' ആറ്റിലേക്കച്യുതാ ചാടല്ലേ ചാടല്ലേ' എന്ന രീതിയിലുള്ള വിലക്കപ്പെട്ട വാക്കുകളാണ് അന്ന് ഈ പ്രാതിനിധ്യം നൽകുന്നതിനുണ്ടായിരുന്നത്. എന്നാൽ അതു കൊടുത്തത് വളരെ പ്രയോജനപ്പെടുകയാണ് ചെയ്തത്.



ആപ്രാതിനിധ്യത്തോടുകൂടിയ ഒരു കോംപ്രിഹെൻസീവ് ലെജിസ്ലേഷൻ കോഴിക്കോട് സർവ്വകലാശാലയ്ക്കും അതുപോലെതന്നെ കുറെ മാറ്റം വരുത്തിക്കൊണ്ട്, സർവ്വകലാശാലകളെ സംബന്ധിച്ചുള്ള പുതിയ ചിന്താഗതി കഴിയുന്നത്ര ഉൾപ്പെടുത്തിക്കൊണ്ട് കേരള സർവ്വകലാശാലയ്ക്കും കൊണ്ടുവരണമെന്ന് ഞങ്ങൾ തീരുമാനിച്ചു. ആ ബില്ല് മന്ത്രിസഭ അംഗീകരിച്ചുകഴിഞ്ഞു. ഈ സെഷനിൽതന്നെ – സമയത്തിന്റെ കാര്യത്തിലും മറ്റും വേണ്ടത്ര സഹകരണം ഉണ്ടാവുമെന്നാണ് എന്റെ പ്രതീക്ഷ – ഈ ബില്ലുകളെല്ലാം പാസ്സാക്കിയെടുക്കണം. അല്ലെങ്കിൽ അവതരിപ്പിച്ചു സംസാരിക്കുകയെങ്കിലും വേണമെന്ന് എനിക്ക് വളരെ ആഗ്രഹമുണ്ട്. ഇങ്ങനെ നിയമനിർമ്മാണം വരുമ്പോൾ കൗൺസിലുകളെ സംബന്ധിച്ച് കോടതിവിധികളുടെയും മറ്റും വെളിച്ചത്തിൽ ചില മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞിട്ടുണ്ട്. ഇന്ന് കൗൺസിലുകൾ ഏതാണ്ട് ആലങ്കാരികമായി നിൽക്കുകയാണെന്നുള്ള അഭിപ്രായം സഭയുടെ എല്ലാ ഭാഗത്തു നിന്നും പ്രകടിപ്പിക്കപ്പെട്ടുകണ്ടു. സഭയുടെ ഈ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ട് ഭേദഗതികൾ കൊണ്ടുവരുന്നതാണ്. ഏതായാലും സെനറ്റിൽ പ്രാതിനിധ്യം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോളേജുകളിലും പ്രാതിനിധ്യം വേണം. കോളേജുകളിലെ അസ്വസ്ഥതകൾ കുറെയൊക്ക ഈയൊരു പ്രാതിനിധ്യം കൊണ്ട് അവസാനിക്കുമെന്നുവരെ ചില മെമ്പർമാർ ശുഭപ്രതീക്ഷ പ്രകടിപ്പിക്കുകയുണ്ടായി. അത്രയൊന്നും പോവുകയില്ലെങ്കിലും വിദ്യാർത്ഥികളുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ അവസരം ലഭിക്കുമെന്നുള്ളതുകൊണ്ട് പല കുഴപ്പങ്ങളും ഒഴിവാക്കാൻ സാധിക്കും. വിദ്യാഭ്യാസ മണ്ഡലത്തിലുള്ള കുഴപ്പങ്ങൾ ഒഴിവാക്കണമെന്ന് എല്ലാവർക്കും ആഗ്രഹമുള്ളത് ശുഭലക്ഷണമാണ്. ഈയൊരു പോരായ്മകൊണ്ട് കുഴപ്പമുണ്ടാകാൻ പാടില്ലെന്ന് എനിക്ക് നിർബന്ധമുണ്ട്. അതുകൊണ്ട് ഈ നിയമനിർമ്മാണം ഉണ്ടാകുമ്പോൾ ഇക്കാര്യങ്ങൾ കൂടി ഉൾപ്പെടുത്താൻ സാധിക്കുമെന്നു പ്രസ്താവിച്ചുകൊണ്ട് ഈ സഭയുടെ വികാരങ്ങൾ മുഴുവൻ ഈ ഗവൺമെന്റ് കണക്കിലെടുക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ഒന്നു മുതൽ ഏഴ് വരെയുള്ള നിയമസഭകളിൽ മലപ്പുറം ജില്ലയിലെ വിവിധ മണ്ഡലങ്ങളെ പ്രതിനിധീകരിച്ച മുൻ മുഖ്യമന്ത്രി കൂടിയായ സി.എച്ച്. മുഹമ്മദ് കോയ, ഉപ മുഖ്യമന്ത്രി, സ്പീക്കർ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, ലോക്സഭാംഗം എന്നീ നിലകളിൽ കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന വ്യക്തിത്വമാണ്. 1980-82 കാലഘട്ടത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായും 1958-59 കാലത്ത് ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയിലും പ്രവർത്തിച്ചിട്ടുണ്ട്)

# മേരി പുന്നൻ ലൂക്കോസ് എന്ന ആദ്യ സ്ത്രീശബ്ദം

സ്ത്രീകളുടെഉന്നതവിദ്യാഭ്യാസവുംപൊതുപ്രവർത്തനവും സംസ്കാരത്തിന്റെ അടയാളമായി കണക്കാക്കാത്ത കാലഘട്ടം. അടിച്ചമർത്തലുകളുടെ അസ്വാതന്ത്ര്യത്തിൽ നിന്നുകൊണ്ട് ഒരു സ്ത്രീക്ക് അപ്രാപ്യമായിരുന്നത് നേടിയെടുത്ത് ചരിത്രത്തിലിടം നേടിയ മേരി പുന്നൻ ലൂക്കോസ്. കേരളത്തിലെ ആദ്യ വനിതാ ബിരുദധാരിണി, തിരുവനന്തപുരം മഹാരാജാസ് കോളേജിലെ ആദ്യ വിദ്യാർത്ഥിനി, തിരുവിതാംകൂറിൽ നിന്നും ഉപരിപഠനത്തിനായി ഇംഗ്ലണ്ടിൽ പോയ ആദ്യ വനിത, വൈദ്യ ബിരുദം നേടിയ ആദ്യ മലയാളി വനിത, ഇന്ത്യയിലെ ആദ്യ വനിതാ നിയമസഭാംഗം, ലോകത്തിലെ ആദ്യ വനിതാ സർജന്റ് ജനറൽ...... സുവർണ്ണ ലിപികളിൽ എഴുതിച്ചേർത്ത വിശേഷണങ്ങൾ അനവധി. ഇവ മേരി പുന്നൻ ലൂക്കോസിനെ തേടിയെത്തിയതായിരുന്നില്ല, മറിച്ച് കഠിനാധ്വാനത്തിലൂടെയും ഉൾക്കരുത്തിലൂടെയും എത്തിപ്പിടിക്കുകയായിരുന്നു. വിരൽത്തുമ്പിൽ വിജ്ഞാനവും ലോകമെമ്പാടും അവസരങ്ങളുമുള്ള നവയുഗ യുവതയ്ക്ക് മേരിപുന്നൻ ലൂക്കോസ് ഒരു പാഠപുസ്തകമായിരിക്കും.

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമത്തിൽ ഒരു സമ്പന്ന കുടുംബത്തിൽ 1886 ആഗസ്റ്റ് 2ന് ഡോ. റ്റി. ഇ. പുന്നന്റെ മകളായി ജനിച്ചു. മാതാവ് അസുഖബാധിതയായതിനാൽ മേരി വളർന്നതും പഠിച്ചതും അച്ഛനോടൊപ്പം തിരുവനന്തപുരത്ത്. പാശ്ചാത്യ വൈദ്യബിരുദം നേടിയ ഡോ.പുന്നൻ തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഡോക്ടർ ആയിരുന്നു. തിരുവനന്തപുരം ഹോളി ഏഞ്ചൽസ് ഹൈസ്കൂളിൽ പഠിച്ച് ഉയർന്ന മാർക്കോടെ മെട്രിക്കുലേഷൻ പാസ്സായെങ്കിലും പെൺകുട്ടിയായതിനാൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) പ്രവേശനം ലഭിച്ചില്ല. അതിനാൽ സ്കൂളിൽ തന്നെ പഠനം തുടർന്ന് FA(First Examanination in Arts) പരീക്ഷ പാസായി. സ്ത്രീ എന്ന കാരണത്താൽ സയൻസ് വിഷയം പഠിക്കുന്നതിനുള്ള അപേക്ഷ മഹാരാജാസ് കോളേജ് നിരസിച്ചു. ഡോ.പുന്നന് തിരുവിതാംകൂർ കൊട്ടാരവുമായുള്ള ബന്ധത്തിന്റെ ഫലമായി മേരിക്ക് ബി.എ. ചരിത്രത്തിന് പ്രവേശനം ലഭിച്ചു. അങ്ങനെ മേരി പുന്നൻ മഹാരാജാസ് കോളേജിലെ ആദ്യ വിദ്യാർത്ഥിനിയായി. 1909 ൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ പുരുഷാധിപത്യ കലാലയങ്ങളിലെ ആദ്യ ബിരുദധാരിണി.

പിതാവിനെപ്പോലെ ഡോക്ടറാകാനായിരുന്നു മേരിയുടെ മോഹം. ഇന്ത്യയിലെ അന്നത്തെ സാഹചര്യങ്ങളിൽ വൈദ്യപഠനം സ്ത്രീകൾക്ക് അപ്രാപ്യമായിരുന്നു. മേരി പുന്നൻ എം.ബി.ബി.എസ്. പഠനത്തിനായി ലണ്ടൻ യൂണിവേഴ്സിറ്റിയിൽ ചേർന്നു. തുടർന്ന് ഗൈനക്കോളജിയിൽ ബിരുദാനന്തര ബിരുദത്തിന് ഡബ്ലിനിൽ ചേർന്ന് ഉന്നത വിജയത്തോടെ MRCOG നേടി. ശിശുരോഗരംഗത്തെ എക്കാലത്തെയും പ്രശസ്ത സ്ഥാപനമായ ലണ്ടൻ ഓർമണ്ട് സ്ട്രീറ്റിൽ നിന്നും ശിശുരോഗ ചികിത്സയിലും മേരി പ്രാവീണ്യം നേടി. അതിനുശേഷം 1916 വരെ ബ്രിട്ടണിലെ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ചു.

1916 ൽ ഡോ.മേരി പുന്നൻ തിരുവനന്തപുരത്ത് തിരിച്ചെത്തിയപ്പോൾ പിതാവ് മേരിയെ വിട്ടു പോയിരുന്നു. ഇതിനെക്കുറിച്ച് മേരിയുടെ വാക്കുകൾ 'ഞാൻ ലണ്ടനിലേക്ക് പോയത് ഒരു രാജ്ഞിയെപ്പോലെയും തിരിച്ചു വന്നത് ഒരു അനാഥയായുമാണ്' എന്നാണ്.തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ബ്രിട്ടീഷുകാർക്ക് മാത്രമായുണ്ടായിരുന്ന ഒഴിവിലേയ്ക്ക് മഹാരാജാവിന്റെ ശിപാർശയോടെ ഗൈനക്കോളജിയുടെ സൂപ്രണ്ടായി 1916 ൽ നിയമിതയായി. അഡ്വക്കേറ്റായ കെ.കെ.ലൂക്കോസിനെ 1917 ൽ വിവാഹം ചെയ്തു. ലൂക്കോസ് പിൽക്കാലത്ത് തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായി.

തിരുവിതാംകൂറിലെ ആരോഗ്യമേഖലയുടെ തലവനായി ആദ്യ നിയമനം. 1924 ൽ ആക്ടിംഗ് സർജൻ ജനറലായി. 1938 ൽ 32 ഗവൺമെന്റ് ആശുപത്രികൾ, 40 ഗവൺമെന്റ് ഡിസ്പെൻസറികൾ, 20 പ്രൈവറ്റ് ആശുപത്രികൾ എന്നിവയുടെ ചുമതലയുള്ള സർജൻ ജനറലായി ചുമതലയേറ്റു. ലോകത്തിലെ തന്നെ ആദ്യവനിതാ സർജൻ ജനറലാണ് മേരി പുന്നൻ ലൂക്കോസ്. (അമേരിക്കയിൽ ഒരു വനിത സർജൻ ജനറലാകുന്നത് 1990 ലാണ്).

നൂറ് കിടക്കകളും മറ്റു സജ്ജീകരണങ്ങളും ഉള്ള തൈക്കാട് ആശുപത്രിയിൽ ബൽജിയം, ഇറ്റലി എന്നീ രാജ്യങ്ങളിൽ നിന്നുള്ള നഴ്സുമാരായിരുന്നു ജോലി ചെയ്തിരുന്നത്. പത്തോ പതിനഞ്ചോ പേരെ രോഗികളായി എത്തിയിരുന്നുള്ളൂ. ആശുപത്രിയിൽ പോകുന്നത് പാപമായി ജനങ്ങൾ കണക്കാക്കിയിരുന്നു. പ്രസവം വയറ്റാട്ടിമാരുടെ ശുശ്രൂഷയിൽ വീടുകളിലാണ് നടത്തിയിരുന്നത്. ശുചിത്വമില്ലായ്മയും അശാസ്ത്രീയമായ രീതികളും മൂലം അക്കാലത്ത് പ്രസവുമായി ബന്ധപ്പെട്ട് ഗർഭിണികളുടെയും നവജാതശിശുക്കളുടെയും മരണനിരക്ക് കൂടുതലായിരുന്നു. പ്രസവവുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ ചികിത്സാരീതികൾ അവലംബിക്കേണ്ടതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഡോ.മേരി പുന്നൻ ലൂക്കോസ് തന്റെ ആദ്യ പ്രസവം തൈക്കാട് ആശുപത്രിയിൽ നടത്തി. അവർ വയറ്റാട്ടിമാരുടെ പെൺമക്കൾക്ക് പ്രസവശുശ്രൂഷയിലും ശിശുപരിപാലനത്തിലും പരിശീലനം നൽകി.

ഇന്ത്യയിലെ ആദ്യ ടി.ബി. സാനിറ്റോറിയം നാഗർകോവിലിൽ സ്ഥാപിച്ചു. തിരുവനന്തപുരത്ത് എക്സ്റേ, റേഡിയം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയും അവർ സ്ഥാപിച്ചു. തിരുവിതാംകൂറിലെ പല



സ്ഥലങ്ങളും ആശുപത്രികളും സന്ദർശിച്ച് പൊതുജനാരോഗ്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി. ബ്രിട്ടണിലായിരുന്ന സമയത്ത് വൈ.ഡബ്ല്യൂ.സി.എ.(യങ്ങ് വിമൻസ് ക്രിസ്ത്യൻ അസോസിയേഷൻ) യിൽ പ്രവർത്തിച്ചു. 1918ൽ വൈ.ഡബ്ല്യൂ.സി.എ. യുടെ ഒരു ചാപ്റ്റർ തിരുവനന്തപുരത്ത് ആരംഭിച്ചു. അൻപത് വർഷത്തോളം അതിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു. കൂടാതെ ഇന്ത്യൻ സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ ചീഫ് കമ്മീഷണർ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സ്ഥാപക അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.

ആരോഗ്യമേഖലയെ നയിക്കുമ്പോഴും രാഷ്ട്രീയത്തിലും അവർ പങ്കാളിയായി. 1919 ലെ തെരഞ്ഞെടുപ്പ് പരിഷ്കാരത്തിന്റെ ഭാഗമായി ഭൂനികുതിയായോ തൊഴിൽകരമായോ അഞ്ചുരൂപ കരം തീരുവയുള്ളവർക്കും സർവ്വകലാശാല ബിരുദധാരികൾക്കും മാത്രമായിരുന്നു വോട്ടവകാശം. 1922 ൽ റാണി സേതുലക്ഷ്മിഭായി ജനപ്രതിനിധി സഭകളിൽ സ്ത്രീകൾക്ക് അംഗമാകാനുള്ള അവകാശം നൽകിയപ്പോൾ ആദ്യ അവസരം ലഭിച്ചത് മേരി പുന്നൻ ലൂക്കോസിനാണ്. തിരുവിതാംകൂറിൽ 1922 ഏപ്രിൽ 27 നു നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് രൂപീകരിക്കപ്പെട്ട ലെജിസ്ലേറ്റീവ് കൗൺസിലിൽ Durbar Physician എന്ന നിലയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥ അംഗമായിരുന്ന ഡോ.പീറ്റർ എൻ. ലക്ഷ്മണൻ വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേക്കാണ് ഡോ.മേരി പുന്നൻ ലൂക്കോസ് (Surgeon in charge of the Durbar Physician's duties) നാമനിർദ്ദേശം ചെയ്യപ്പെട്ടത്. 1925-28, 1928-31 എന്നീ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലുകളിലും അംഗമായിരുന്നു. 1933 ജനുവരി ഒന്നിനു നിലവിൽ വന്ന ശ്രീമൂലം സഭയുടെ ഒന്നും (1933-1937) രണ്ടും (1937-1944) സഭകളിലും ശ്രീചിത്ര സ്റ്റേറ്റ് കൗൺസിലിന്റെ ഒന്നും (1933-1937) രണ്ടും (1937-1944) സമിതികളിലും ഡോ.മേരി പുന്നൻ ലൂക്കോസ് കുറച്ചു കാലം നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥ അംഗമായിരുന്നു.

ആരോഗ്യമേഖലയെ പ്രതിനിധാനം ചെയ്യുമ്പോൾ സുപ്രധാനമായ പൊതുജനാരോഗ്യ സംരംഭങ്ങൾക്ക് അവർ നേതൃത്വം നൽകി. 1925 ഫെബ്രുവരി 10 ന് തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ തിരുവിതാംകൂറിലെ മുനിസിപ്പാലിറ്റികളിൽ വാക്സിനേഷൻ നിർബന്ധമാക്കേണ്ടതില്ലായെന്ന പ്രമേയത്തിന്റെ ചർച്ചയിൽ ഡോ.മേരി പുന്നൻ പ്രമേയത്തെ ശക്തിയുക്തം എതിർത്തു സംസാരിച്ചു. ആ പ്രമേയം സഭ പാസ്സാക്കിയില്ല. അന്നത്തെ സാമൂഹികാവസ്ഥയെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കേണ്ട ആവശ്യകതയെക്കുറിച്ചും ഡോ.മേരി സഭയിൽ സംസാരിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. 2018 ലെ ഒൻപതാം ബജറ്റ് അവതരണ സമയത്ത് ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് കേരളത്തിലെ ആരോഗ്യ സംവിധാന ചർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ പ്രതിഭയാണ് മേരി പുന്നൻ ലൂക്കോസ് എന്ന് അനുസ്മരിച്ചു.

ആരോഗ്യവകുപ്പിലെ നഴ്സുമാരുടെ സേവനവ്യവസ്ഥകളെപ്പറ്റിയുള്ള ചർച്ചകളിൽ അവിവാഹിതർക്ക് മാത്രമേ നഴ്സായി ജോലി നൽകാവൂ എന്ന നിയമം അനാവശ്യമാണെന്ന് ഒരു വിഭാഗം വാദിച്ചു. ഇക്കാര്യം തിരുവിതാംകൂർ നിയമനിർമ്മാണ കൗൺസിലിലും ചർച്ചാവിഷയമായി. ആരോഗ്യവകുപ്പിനെ പ്രതിനിധീകരിച്ചിരുന്ന ഡോ.മേരി പുന്നൻ ലൂക്കോസ് ഈ നിയമത്തെ ന്യായീകരിച്ചു. കുടുംബത്തിന്റെ ഉത്തരവാദിത്തമുള്ള സ്ത്രീകൾക്ക് നഴ്സിംഗ് ജോലി കാര്യക്ഷമമായി ചെയ്യാൻ കഴിയില്ലെന്നും രണ്ടിനും കൂടെയുള്ള ഊർജ്ജവും സമയവും അവർക്കുണ്ടാകില്ല എന്നുമായിരുന്നു മേരി പുന്നൻ ലൂക്കോസിന്റെ അഭിപ്രായം.

1976 ഒക്ടോബർ 2 ന് മേരി ഈ ലോകത്തോട് വിട പറഞ്ഞു. തൊണ്ണൂറാം വയസ്സിലും ഊർജ്ജ്വസ്വലയായി വൈ.ഡബ്ല്യൂ.സി.എ.യിലും മറ്റു സംഘടനകളിലും പ്രവർത്തിച്ചിരുന്നു.

1935 ൽ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് 'വൈദ്യശാസ്ത്ര കുശല' എന്ന സ്ഥാനം നൽകി. 1975 ൽ സിവിലിയൻ ബഹുമതിയായ പത്മശ്രീ നൽകി രാഷ്ട്രം ഡോ.മേരി പുന്നൻ ലൂക്കോസിനെ ആദരിച്ചു.

In my opinion, the evils resulting from vaccination are not of such a nature as to call for any special investigation at present. If public opinion is really strongly opposed to vaccination, the authorities responsible for vaccination in this country will attend to it. I have given the House the statistics of other countries, I have not put forward the statistics of Travancore because, if I read them out, the House may not be inclined to believe them; as they support too well my contention.

-Dr.Mary Poonen Lukose

(An extract from the proceedings of Travancore Legislature Council on 10.02.1925)

'ഇവിടെയെന്നല്ല ഇൻഡ്യയിൽ എവിടെയെങ്കിലും സ്ത്രീവർഗ്ഗത്തിൽപ്പെട്ട ഒരു ദേഹത്തിനു ഡർബാർ ഫിസിഷ്യനാകാൻ ഇടയായിട്ടുണ്ടെന്നു തോന്നുന്നില്ല. ഇവിടുത്തെ നിയമനിർമ്മാണ സഭയിൽ സ്ത്രീകൾക്കും സാമാജിക സ്ഥാനാർത്ഥികളായി നിൽക്കാമെന്നു നിയമം അനുവദിച്ചിട്ടുണ്ടെങ്കിലും അതിലേക്കാരും ഇതുവരെ തയ്യാറായിട്ടില്ല. എന്നാൽ നമ്മുടെ നിയമത്തിൽ അന്തർഭവിച്ചിട്ടുള്ള ആ മഹത്തായ ഉദ്ദേശത്തിന് ഈ നിയമനത്താൽ ഫലപ്രാപ്തി സിദ്ധിച്ചിരിക്കുന്നു. നിയമസഭയിൽ ഒരു മഹതിക്ക് ആദ്യമായി മെംബർ സ്ഥാനം കിട്ടാൻ ഇടയായയതു തിരുവിതാംകൂറിലാണെന്നുള്ള സംഗതി നമുക്കെല്ലാവർക്കും അഭിമാനകരമായിട്ടുള്ള ഒന്നാണെന്നും പറയേണ്ടതില്ലല്ലോ......'

ടി.കുമാരപിള്ള (ഇരണിയൽ - വിളവൻകോട് നിയോജക മണ്ഡലം)

[ഡോ.മേരി പുന്നൻ ലൂക്കോസ് ആദ്യ നിയമസഭാംഗമായതു സംബന്ധിച്ച് , 1924 സെപ്റ്റംബർ 25 ന് തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്]

'കേരളത്തിലെ ആരോഗ്യ സംവിധാന വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ പ്രതിഭകളിൽ ഓരാളാണ് ഡോ. മേരി പുന്നൻ ലൂക്കോസ്. യൂണിവേഴ്സിറ്റി കോളേജിലെ ആദ്യത്തെ വിദ്യാർത്ഥിനി, ബ്രിട്ടനിൽ മെഡിക്കൽ ബിരുദം നേടിയ ആദ്യ ഇന്ത്യൻ വനിതാ ഡോക്ടർ, തിരുവിതാംകൂറിലെ ആദ്യത്തെ വനിത നിയമസഭ സാമാജിക, ലോകത്തെ ആദ്യത്തെ വനിത സർജന്റ് ജനറൽ എന്നീ നിലകളിലൊക്കെ അവർ തിളങ്ങി. ഇവരുടെ തലമുറ അസ്ഥിവാരമിട്ട ആധുനിക വൈദ്യശാസ്ത്ര ആതുരാലയങ്ങളുടെ ശൃംഖലയും വാക്സിനേഷനും പകർച്ചവ്യാധികളെ കേരളത്തിൽ നിന്നും അകറ്റി. സംസ്ഥാന രൂപീകരണവേളയിൽപ്പോലും 45 ആയിരുന്ന പ്രതിശീർഷ ആയുസിനെ 76 ആയി ഉയർത്തി. ഈ അനുഭവങ്ങളെ മറന്നുകൊണ്ട് വാക്സിനേഷനും ആധുനിക വൈദ്യശാസ്ത്രത്തിനുമെതിരെ സംഘടിതമായ എതിർപ്പ് ചില കോണുകളിൽ നിന്ന് ഉയരുന്നുവെന്നത് സഗൗരവമായി കാണേണ്ടതുണ്ട്.'



**ഡോ.ടി.എം. തോമസ് ഐസക്.**

(2018 ലെ ബജറ്റ് പ്രസംഗത്തിൽ നിന്ന്)

ജില്ലാ തല പരിപാടികൾ

## പൊന്നാനിയിൽ 'ജനാധിപത്യ കലാലയം'

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ജനാധിപത്യ ഭരണക്രമം, നിയമസഭാ ചരിത്രം എന്നിവ സംബന്ധിച്ച് 'ജനാധിപത്യ കലാലയം' എന്ന പരിപാടി പൊന്നാനി എം.ഇ.എസ്. കോളേജിൽ സംഘടിപ്പിച്ചു. പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രാധാന്യം, പാർലമെന്ററി നടപടികൾ എന്നിവ മനസ്സിലാക്കുന്നതിനായി ഭരണഘടനാ പഠന ക്ലാസ്, ഡിബേറ്റ് മത്സരങ്ങൾ, വിദ്യാർത്ഥി പങ്കാളിത്തത്തോടെയുള്ള മാതൃകാ നിയമസഭ എന്നിവ ഉൾപ്പെടുന്നതായിരുന്നു പരിപാടി. ഇതോടൊപ്പം




നിയമസഭാ മ്യൂസിയത്തിന്റെ ചരിത്രപ്രദർശനവും സംഘടിപ്പിച്ചു. ജനുവരി 23, 24 തീയതികളിലാണ് പരിപാടി സംഘടിപ്പിച്ചത്. നിയമസഭാ സ്പീക്കർ , നിയമസഭാ സെക്രട്ടറി എന്നിവരുടെ സാന്നിധ്യത്തിൽ പൊന്നാനി മുനിസിപ്പാലിറ്റി ചെയർമാൻ സി.പി.മുഹമ്മദ് കുഞ്ഞ് ചരിത്രപ്രദർശനം ഉദ്ഘാടനം ചെയ്തു.

## ചേലേമ്പ്രയിൽ മാതൃകാ നിയമസഭ

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസിന്റെയും നിയമസഭാ മ്യൂസിയത്തിന്റെയും ആഭിമുഖ്യത്തിൽ ജനുവരി 9, 10 തീയതികളിൽ മലപ്പുറം ജില്ലയിലെ ചേലേമ്പ്ര എൻ.എൻ.എം. ഹയർ സെക്കണ്ടറി സ്കൂളിൽ മാതൃകാ നിയമസഭയും പ്രദർശനവും സംഘടിപ്പിച്ചു. വള്ളിക്കുന്ന് എം.എൽ.എ. പി.അബ്ദുൽ ഹമീദിന്റെ അഭ്യർത്ഥന പ്രകാരമാണ് നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് മാതൃകാ നിയമസഭയും മ്യൂസിയത്തിന്റെ പ്രദർശനവും സംഘടിപ്പിച്ചത്.

പി.അബ്ദുൽ ഹമീദ് എം.എൽ.എ. പരിപാടി ഉദ്ഘാടനം ചെയ്തു. യുവാക്കളിൽ അരാഷ്ട്രീയവാദം വളരെയധികം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളിൽ രാഷ്ട്രീയ അവബോധം വളർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിപ്പിച്ച അദ്ദേഹം സ്കൂൾ തലത്തിൽ ഇത്തരം പരിപാടികൾ



സംഘടിപ്പിക്കുന്നത് അതിന് സഹായകരമാകുമെന്നും അഭിപ്രായപ്പെട്ടു. രണ്ടു ദിവസത്തെ നിയമസഭാ നടപടികൾ ഉൾപ്പെടുത്തിയ മാതൃകാ നിയമസഭയിൽ ആദ്യ ദിവസം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗവും രണ്ടാം ദിവസം ചോദ്യോത്തരവേള, അടിയന്തര പ്രമേയം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച തുടങ്ങിയ നടപടികളുമാണ് ഉൾപ്പെടുത്തിയത്. വിദ്യാർത്ഥികളും നാട്ടുകാരുമുൾപ്പെടെ ആയിരത്തിലധികം പേരാണ് മാതൃകാ നിയമസഭയും പ്രദർശനവും വീക്ഷിച്ചത്.

ഇതരസഭാ വാർത്തകൾ

# ഡൽഹിയിൽ പുതിയ നിയമസഭ രൂപീകൃതമായി

ഫെബ്രുവരി 8 ന് ഡൽഹി നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ആകെയുള്ള 70 സീറ്റുകളിൽ 62 എണ്ണം നേടി അരവിന്ദ് കെജ്രിവാളിന്റെ നേതൃത്വത്തിലുള്ള ആം ആദ്മി പാർട്ടി ഭരണത്തിൽ വന്നു. ബി.ജെ.പി. 8 സീറ്റ് നേടി. അരവിന്ദ് കെജ്രിവാൾ ഫെബ്രുവരി 16 ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. തുടർച്ചയായി മൂന്നാം തവണയാണ് ആം ആദ്മി പാർട്ടി സർക്കാർ ഡൽഹിയിൽ അധികാരത്തിലെത്തുന്നത്. തെരഞ്ഞെടുപ്പുഫലം പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ആറാം ഡൽഹി നിയമസഭ ലഫ്.ഗവർണർ അനിൽ ബൈജാൻ ഫെബ്രുവരി 11- ന് വൈകുന്നേരം പിരിച്ചു വിട്ടു.

ഏഴാമത് ഡെൽഹി നിയമസഭയിൽ രാം നിവാസ് ഗോയലാണ് സ്പീക്കർ. 2015 മുതൽ അദ്ദേഹം ഡൽഹി നിയമസഭാംഗമാണ്. ആറാം നിയമസഭയിലും സ്പീക്കറായിരുന്നു. ശാഹ്ദരാ നിയോജകമണ്ഡലത്തിൽ നിന്നുള്ള അംഗമാണ്.

ഡൽഹിയിൽ തുടർച്ചയായി രണ്ടാംവട്ടവും മുഖ്യമന്ത്രിക്കസേരയിലെത്തിയ അരവിന്ദ് കെജ്രിവാൾ അഴിമതിക്കെതിരായ പോരാട്ടങ്ങളിലൂടെ ദേശീയതലത്തിൽ ശ്രദ്ധേയനായി. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ അദ്ദേഹം ഇന്ത്യൻ റവന്യൂ സർവ്വീസിൽ ഇൻകം ടാക്സ് ജോയിന്റ് കമ്മീഷണർ സ്ഥാനം രാജി വച്ചാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. 2012 ൽ അദ്ദേഹം രൂപീകരിച്ച ആം ആദ്മി പാർട്ടി, 2015 ൽ ഡൽഹി നിയമസഭാ


രാം നിവാസ് ഗോയൽ

തെരഞ്ഞെടുപ്പിൽ എഴുപത് സീറ്റുകളിലും ജയിച്ച് ചരിത്രം കുറിച്ചു.

ജൻലോക്പാൽ ബിൽ അവതരിപ്പിക്കാൻ പാർലമെന്റിനുമേൽ ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ട് അന്നാ ഹസാരെ നടത്തിയ പോരാട്ടത്തിൽ പങ്കാളിയായതോടെയാണ് അരവിന്ദ് കെജ്രിവാൾ പൊതുജനശ്രദ്ധ നേടുന്നത്. പാർലമെന്റിൽ ലോക്പാൽ പാസാക്കുന്നതിൽ പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് നടന്ന സമരത്തിൽ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ഇതിനെ തുടർന്നാണ് രാഷ്ട്രീയ പാർട്ടി രൂപീകരണം എന്ന ആശയത്തിലേക്ക് അദ്ദേഹം എത്തിയതും ആം ആദ്മി പാർട്ടി പിറവിയെടുക്കുന്നതും. മദർ തെരേസയുടെ കൊൽക്കത്തയിലെ മിഷനറീസ് ഓഫ് ചാരിറ്റി, വടക്കുകിഴക്കൻ ഇന്ത്യയിലെ രാമകൃഷ്ണ മിഷൻ, നെഹ്റു യുവകേന്ദ്ര എന്നിവിടങ്ങളിലും കെജ്രിവാൾ പ്രവർത്തിച്ചിട്ടുണ്ട്. പാവപ്പെട്ടവരുടെ ഉന്നമനത്തിനും വിവരാവകാശ നിയമം പ്രാവർത്തികമാക്കുന്നതിനും ഡൽഹി കേന്ദ്രമാക്കി 'പരിവർത്തൻ' എന്ന കൂട്ടായ്മ രൂപീകരിച്ചുകൊണ്ട് പൊതുപ്രവർത്തനത്തിന് നേതൃത്വം നൽകിയത് കണക്കിലെടുത്ത് 2006 -ൽ കെജ്രിവാളിന് മാഗ്സസെ അവാർഡ് ലഭിച്ചിരുന്നു.



# സഭാദ്ധ്യക്ഷന്മാരുടെ ദേശീയ സമ്മേളനം



പാർലമെന്റിന്റെയും സംസ്ഥാന നിയമനിർമ്മാണ സഭകളുടെയും അദ്ധ്യക്ഷൻമാരുടെ ദേശീയ സമ്മേളനം 2019 ഡിസംബർ 17 മുതൽ 20 വരെ ഉത്തരാഖണ്ഡ് തലസ്ഥാനമായ ഡെറാഡൂണിൽ നടന്നു. ഉത്തരാഖണ്ഡ് നിയമസഭാമന്ദിരത്തിലെ സ്ഥലപരിമിതി കണക്കിലെടുത്ത് ഡെറാഡൂൺ നഗരത്തിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ അകലെയുള്ള റിജന്റ് ഹോട്ടൽ ആയിരുന്നു സമ്മേളന വേദി.

ആദ്യ ദിവസം നടന്ന സെക്രട്ടറിമാരുടെ യോഗത്തിൽ ചർച്ച ചെയ്യപ്പെട്ട രണ്ടു വിഷയങ്ങളിൽ ഒരെണ്ണം കേരള നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായരാണ് അവതരിപ്പിച്ചത്. കേരള നിയമസഭാ സെക്രട്ടേറിയറ്റ് നിർദ്ദേശിച്ചിരുന്ന 'Legislature - Opening new windows for reaching masses' എന്ന വിഷയത്തിൽ ചർച്ച നടന്നു. രാജ്യസഭാ സെക്രട്ടേറിയറ്റ് നിർദ്ദേശിച്ച 'Need to review the Procedure for Expunction in the Legislatures'എന്ന വിഷയവും ചർച്ച ചെയ്യപ്പെട്ടു.

ലോക്സഭാ സെക്രട്ടറി ജനറൽ സ്നേഹലതാ ശ്രീവാസ്തവയുടെ അദ്ധ്യക്ഷതയിൽ ഉദ്ഘാടന സമ്മേളനം ചേർന്നു. ഉത്തരാഖണ്ഡ് നിയമസഭാ സെക്രട്ടറി ജഗദീഷ് ചന്ദ്ര അഗർവാൾ സ്വാഗതമാശംസിച്ചു. രാജ്യസഭാ സെക്രട്ടറി ജനറൽ ദേശ് ദീപക് വർമ്മ യോഗത്തെ അഭിസംബോധന ചെയ്ത് സഭാ നടപടികൾ തടസ്സപ്പെടുന്നത് സംബന്ധിച്ച റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനം, രണ്ട് രാജ്യസഭാംഗങ്ങളെ അയോഗ്യരാക്കിയ നടപടി, സഭാ പ്രവർത്തനങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെ വിനിയോഗം, രാജ്യസഭാ ടി.വി.യുടെ പുതിയ മുന്നേറ്റങ്ങൾ തുടങ്ങിയ കാര്യങ്ങളെ കുറിച്ച് സംസാരിച്ചു.

തുടർന്ന് ലോക്സഭാ സെക്രട്ടറി ജനറൽ യോഗത്തെ അഭിസംബോധന ചെയ്തു. 17-ാം ലോകസഭയുടെ ഘടന, സഭാ രേഖകളിൽ നിന്ന് വാക്കുകൾ നീക്കം ചെയ്യൽ, സഭാ രേഖകളുടെ ഡിജിറ്റൈസേഷൻ, അംഗങ്ങൾക്ക് പ്രസംഗങ്ങൾ വാട്ട്സ് ആപ് മുഖേന അയച്ചുകൊടുക്കൽ തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം പരാമർശിച്ചു.

രാജ്യസഭാ സെക്രട്ടറി ജനറൽ 'സഭാ രേഖകളിൽ നിന്ന് വാക്കുകൾ നീക്കം ചെയ്യുന്നതിന്റെ നടപടിക്രമങ്ങളുടെ പുനരവലോകനം' എന്ന വിഷയം അവതരിപ്പിച്ചു. നിലവിലെ ചട്ടങ്ങൾ പ്രകാരം വാക്കുകൾ നീക്കം ചെയ്താൽ പലപ്പോഴും പ്രസംഗം പിന്നീട് വായിക്കുമ്പോൾ അർത്ഥവത്തല്ലാതാകുമെന്നും നീക്കം ചെയ്യേണ്ട വാക്കുകൾക്കു പകരം അതേ ആശയം ധ്വനിപ്പിക്കുന്നതും സഭ്യവുമായ വാക്കുകൾ പകരം ചേർക്കാവുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ തെലങ്കാന, ഹരിയാന എന്നീ നിയമസഭകളിലെ സെക്രട്ടറിമാരും അഭിപ്രായം രേഖപ്പെടുത്തി.

കേരള നിയമസഭാ സെക്രട്ടറി 'Legislature - Opening new windows for reaching masses' എന്ന വിഷയം അവതരിപ്പിച്ചു. ഒഡിഷ, തെലങ്കാന, രാജസ്ഥാൻ, ഹരിയാന തുടങ്ങിയ സംസ്ഥാന നിയമസഭകളിലെ സെക്രട്ടറിമാർ തുടർന്ന് സംസാരിച്ചു. ഉത്തരാഖണ്ഡ് നിയമസഭാ സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു. സന്ധ്യയ്ക്ക് അത്താഴവിരുന്നും കലാപരിപാടികളുമുണ്ടായിരുന്നു.

രണ്ടാം ദിവസം ബുധനാഴ്ച രാവിലെ സമ്മേളന വേദിയായ റിജന്റ് ഹോട്ടലിന്റെ ഉമ്മറത്ത് ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് സ്വീകരണവും ഗാർഡ് ഓഫ് ഓണറും നൽകി. ഉത്തരാഖണ്ഡ് നിയമസഭാ സെക്ര ട്ടേറിയറ്റ് തയ്യാറാക്കിയ പ്രദർശനം അദ്ദേഹം ഉദ്ഘാടനം ചെയ്തു. തുടർന്ന് റിജന്റ് ഹോട്ടലിന്റെ മേവാർ ഹാളിൽ പ്രിസൈഡിങ് ഓഫീസേഴ്സ് കോൺഫറൻസിന്റെ ഉദ്ഘാടനം നടന്നു. യോഗത്തിൽ ഉത്തരാഖണ്ഡ് ഗവർണ്ണർ ബേബി റാണി മൗര്യ, ലോക്സഭാ സ്പീക്കർ ഓം ബിർള, ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ത്രിവേന്ദ്ര സിങ് റാവത്ത്, ഉത്തരാഖണ്ഡ് നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ രഘുനാഥ്സിങ് ചൗഹാൻ തുടങ്ങിയവർ സംബന്ധിച്ചു. ഉത്തരാഖണ്ഡ് നിയമസഭാ സ്പീക്കർ പ്രേംചന്ദ് അഗർവാൾ സ്വാഗതമാശംസിച്ചു.

തുടർന്ന് നടന്ന സഭാദ്ധ്യക്ഷന്മാരുടെ കോൺഫറൻസിൽ ലോക്സഭാ സ്പീക്കർ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ സംബന്ധിച്ച കേന്ദ്ര മാനവവിഭവശേഷി മന്ത്രിയും ഉത്തരാഖണ്ഡിൽ നിന്നുള്ള പാർലമെന്റംഗവുമായ ഡോ. രമേഷ് പൊക്രിയാൽ യോഗത്തിൽ പങ്കെടുത്ത എല്ലാ സഭാദ്ധ്യക്ഷന്മാർക്കും ആശംസകൾ നേർന്നു.

കോൺഫറൻസിൽ പ്രധാനമായും 'ഭരണഘടനയുടെ പത്താം പട്ടികയും സ്പീക്കർമാരുടെ പങ്കും' 'നിയമ നിർമ്മാണ കാര്യങ്ങളിൽ സാമാജികരുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള നടപടികൾ' എന്നീ വിഷയങ്ങളെ സംബന്ധിച്ചാണ് ചർച്ചയുണ്ടായത്. വളരെ അർത്ഥവത്തായ ചർച്ചയിൽ കേരള നിയമസഭാ സ്പീക്കറോടൊപ്പം രാജസ്ഥാൻ നിയമസഭാ സ്പീക്കറും മുൻ കേന്ദ്രമന്ത്രിയുമായ സി.പി. ജോഷിയും ഡൽഹി, ഗുജറാത്ത്, ഹരിയാന, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ നിയമസഭാ സ്പീക്കർമാരും ഡെപ്യൂട്ടി സ്പീക്കർമാരും പങ്കെടുത്തു. 'നിയമസഭാ സെക്രട്ടേറിയറ്റിന്റെ ധനപരമായ സ്വാതന്ത്ര്യം' എന്ന വിഷയവും ചർച്ച ചെയ്യപ്പെട്ടു. ഉച്ചയ്ക്കുശേഷം കോൺഫറൻസ് സംബന്ധിച്ച് പത്ര സമ്മേളനവുമുണ്ടായിരുന്നു. കോൺഫറൻസിനുശേഷം ഋഷികേശ് യാത്രയും ഗംഗാആരതിയും തദ്ദേശീയ കലാപരിപാടികളും ഉണ്ടായിരുന്നു. അടുത്ത ദിവസം മസൂറി, ഹരിദ്വാർ തുടങ്ങിയ തീർത്ഥാടന-വിനോദ സഞ്ചാര കേന്ദ്ര ങ്ങളിലേക്ക് യാത്രാപരിപാടിയും സംഘടിപ്പിച്ചിരുന്നു.

79-ാമത് പ്രിസൈഡിംഗ് ഓഫീസേഴ്സ് കോൺഫറൻസായിരുന്നു 2019 ഡിസംബറിൽ സംഘടിപ്പിച്ചത്. സ്വാതന്ത്ര്യത്തിനു മുമ്പ് തുടങ്ങിയ ഈ സമ്മേളനം ഇപ്പോഴും വിജയകരമായി തുടരുന്നു എന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയരേഖയായി വിലയിരുത്തപ്പെടുന്നു.

# പ്രവാസികൾക്ക് ആദായ നികുതി: കേന്ദ്ര നിർദ്ദേശത്തിനെതിരെ **നിയമസഭാ പ്രമേയം**

പ്രവാസികളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ 1961 ലെ ആദായ നികുതി നിയമത്തിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്യുന്ന കേന്ദ്രബജറ്റ് നിർദ്ദേശം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് വേണ്ടി വ്യവസായ വകുപ്പുമന്ത്രി ഇ.പി.ജയരാജൻ ഫെബ്രുവരി 6 ന് പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി. നിലവിൽ ഒരു ഇന്ത്യൻ പൗരനോ ഇന്ത്യൻ വംശജനോ ഒരു സാമ്പത്തികവർഷം 182 ദിവസമോ അതിൽ കൂടുതലോ ഇന്ത്യയിൽ താമസിക്കുന്ന ഘട്ടത്തിലാണ് ആദായനികുതിയുടെ കാര്യത്തിൽ 'റസിഡന്റ്' ആയി കണക്കാക്കപ്പെടുന്നത്. 2021 ഏപ്രിൽ ഒന്നു മുതൽ ഈ കാലാവധി 120 ദിവസമോ അതിൽ കൂടുതലോ ആയി കുറയ്ക്കുമെന്നും മറ്റേതെങ്കിലും വിദേശരാജ്യത്ത് നികുതി നൽകാത്ത ഇന്ത്യൻ പൗരനെ ഇന്ത്യൻ പൗരനായി കണക്കാക്കി നികുതി ചുമത്തുമെന്നുമാണ് ഭേദഗതി നിർദ്ദേശം.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലിയെടുക്കുന്ന ചെറുകിട ബിസിനസ് സംരംഭകരുടെ വരുമാനം ഗണ്യമായി കുറയ്ക്കുന്നതിന് ഇത് ഇടവരുത്തും. 240 ദിവസമെങ്കിലും വിദേശത്ത് തങ്ങിയാൽ മാത്രമേ അവർക്ക് നോൺ റസിഡന്റ് സ്റ്റാറ്റസ് നിലനിർത്താനാകൂ. എണ്ണ റിഗ്ഗുകളിലും മറ്റും തൊഴിൽ ചെയ്യുന്ന വ്യക്തികൾ ഒരു മാസം ഓഫ് ഡ്യൂട്ടിയായി നാട്ടിൽ വരാറുണ്ട്. ഇവരേയും ഈ ഭേദഗതി പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയുണ്ട്.

നികുതി വെട്ടിപ്പ് തടയാനാണെന്ന നിലയിൽ കൊണ്ടുവന്ന ഭേദഗതി നിർദ്ദേശം പ്രവാസികൾക്ക് കുടുംബത്തോടൊപ്പം വന്നു തങ്ങാൻ കഴിയാത്ത അവസ്ഥയുണ്ടാക്കുമെന്നും പ്രവാസികൾ നാട്ടിൽ വന്നു പോകുമ്പോൾ നടത്തുന്ന ഉപഭോഗവും മറ്റു ചെലവുകളും നമ്മുടെ വ്യവസായ - വ്യാപാരമേഖലയുടെ വളർച്ചയുടെ ഒരു പ്രധാന ഘടകമായതിനാൽ ഈ നിർദ്ദേശം നടപ്പായാൽ ദേശീയ സാമ്പത്തികമാന്ദ്യം കൂടി കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ തിരിച്ചടി നേരിടേണ്ടിവരുമെന്നും പ്രമേയം ആശങ്ക പ്രകടിപ്പിച്ചു. മറ്റേതെങ്കിലും വിദേശരാജ്യത്ത് നികുതിയടയ്ക്കാത്ത ഇന്ത്യൻ പൗരനെ ഇന്ത്യൻ പൗരനെന്ന് കണക്കാക്കി നികുതി ഈടാക്കുമെന്ന ആദായനികുതി വകുപ്പ് ഭേദഗതി വ്യക്തിഗത ആദായനികുതിയോ ഇന്ത്യയുമായി ഇരട്ടനികുതി ഉടമ്പടി കരാറോ ഇല്ലാത്ത രാജ്യങ്ങളിൽ ജോലിചെയ്യുന്ന സാധാരണക്കാർക്ക് ദോഷകരമായിത്തീരുമെന്നും പ്രമേയം വിലയിരുത്തി. മറ്റ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന ഇന്ത്യൻ പൗരന്മാരെ നികുതിവലയത്തിൽ ഉൾപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെയല്ല ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന് കേന്ദ്ര സർക്കാർ പത്രക്കുറിപ്പിലൂടെ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ധനബിൽ - 2020 ലെ നിർദ്ദേശങ്ങൾ 1961 ലെ ആദായനികുതി നിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടാൽ മറിച്ചൊരു സ്ഥിതിവിശേഷമാകും സംജാതമാകുകയെന്നും ആശങ്കയുണ്ട്. ഈ സാഹചര്യത്തിൽ പ്രവാസികളെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലുള്ളവരെ ദോഷകരമായി ബാധിക്കുന്ന 1961 ലെ ആദായനികുതി നിയമത്തിലെ 6-ാം വകുപ്പിലെ ഭേദഗതി നിർദ്ദേശം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പ്രമേയം കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടു.

# നിയമസഭാ സമുച്ചയത്തിൽ ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക്കിനു **സമ്പൂർണ്ണ നിരോധനം**

സംസ്ഥാനത്ത് 2020 ജനുവരി 1 മുതൽ ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ നിയമസഭാ സമുച്ചയത്തിലും നിരോധനം ഏർപ്പെടുത്തി. പ്ലാസ്റ്റിക് നിർമ്മിത ക്യാരി ബാഗുകൾ, മേശവിരികൾ, ഒറ്റത്തവണ ഉപഭോഗമുള്ള ടംബ്ലർ, കപ്പ്, പ്ലേറ്റ്, സ്പൂൺ, ഫോർക്ക്, സ്ട്രോ, ഡിഷ്, സ്റ്റിറർ, ഫ്ളാഗ്, ബണ്ടിംഗ്, വാട്ടർ പൗച്ച്, ഗാർബേജ് ബാഗ്, ഭക്ഷണ പായ്ക്കറ്റ്, 500 മി.ലിറ്റർ സംഭരണശേഷിക്കു താഴെയുള്ള PET/PETE കുടിവെള്ള കുപ്പികൾ തുടങ്ങിയവ നിരോധിച്ചിട്ടുള്ള വസ്തുക്കളിൽപ്പെടുന്നു. പ്ലാസ്റ്റിക് കോട്ടിങ്ങ് ഉള്ള പേപ്പർ നിർമ്മിത കപ്പ്, പ്ലേറ്റ്, ബൗൾ, ബാഗ് എന്നിവയ്ക്കും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. തെർമോകോൾ, സ്റ്റൈറോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റ്, കപ്പ്, അലങ്കാര വസ്തുക്കൾ എന്നിവയ്ക്കും പി.വി.സി ഫ്ളക്സ് നിർമ്മിത വസ്തുക്കൾക്കും വിലക്ക് ഏർപ്പെടുത്തി. ഇത്തരം വസ്തുക്കളുടെ ഉപഭോഗം നിർബന്ധമായും ഒഴിവാക്കിക്കൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റ് സർക്കുലർ പുറപ്പെടുവിച്ചു.

ഹരിത ഓഫീസ് എന്ന നിലയിൽ ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയതിന്റെ ഭാഗമായി നിയമസഭാ ജീവനക്കാരും സന്ദർശകരും പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച ബോർഡുകൾ നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചു.

# വേർപാട്

## മുൻമന്ത്രി എം.കമലം

മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എം.കമലം (94) അന്തരിച്ചു. കോഴിക്കോട് ചക്കോരത്തുകുളത്തെ വീട്ടിൽ ജനുവരി 30 ന് പുലർച്ചെയായിരുന്നു അന്ത്യം. കോൺഗ്രസിന്റെ



കേരളത്തിലെ ഏറ്റവും പ്രമുഖയായ വനിതാനേതാവായിരുന്നു കമലം. 1946 ൽ കോഴിക്കോട് നഗരസഭയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ചുകൊണ്ടാണ് സ്വാതന്ത്ര്യസമരസേനാനിയായിരുന്ന കമലത്തിന്റെ രാഷ്ട്രീയപ്രവേശം. ദീർഘകാലം കോഴിക്കോട് മുനിസിപ്പൽ കൗൺസിൽ അംഗമായിരുന്നു. കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, എ.ഐ.സി.സി. അംഗം തുടങ്ങിയ നിലകളിൽ ഏഴു പതിറ്റാണ്ടുകാലം പൊതുരംഗത്ത് കർമനിരതയായിരുന്നു. 1980 ലും 1982 ലും കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഏഴാം കേരള നിയമസഭയുടെ കാലയളവിൽ കെ.കരുണാകരന്റെ മന്ത്രിസഭയിൽ സഹകരണ വകുപ്പുമന്ത്രിയായിരുന്നു. വിമോചന സമര കാലത്തും അടിയന്തരാവസ്ഥ കാലത്തും ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്. സംസ്ഥാന വനിതാകമ്മീഷൻ അദ്ധ്യക്ഷയായിരുന്നു. പരേതനായ മാമ്പറ്റ സാമിക്കുട്ടിയാണ് ഭർത്താവ്.

## മുൻ മന്ത്രി പി.ശങ്കരൻ


മുൻ മന്ത്രിയും എം.പി.യും അഭിഭാഷകനുമായിരുന്ന മുതിർന്ന കോൺഗ്രസ് നേതാവ് പി.ശങ്കരൻ (73) ഫെബ്രുവരി 25 ന് അന്തരിച്ചു. 1998-99 കാലഘട്ടത്തിൽ കോഴിക്കോട് നിന്ന് ലോക്സഭാംഗമായി. പതിനൊന്നാം കേരള നിയമസഭയിൽ കൊയിലാണ്ടിയിൽ നിന്നും കേരള നിയമസഭയിൽ അംഗമായി . 26.5.2001 മുതൽ 10.02.2004



വരെ ആരോഗ്യ വകുപ്പ് മന്ത്രിയായും 11.02.2004 മുതൽ 29.8.2004 വരെ ടൂറിസം വകുപ്പ് മന്ത്രിയായും സേവനമനുഷ്ടിച്ചു. 2005 ജൂലൈ 5 ന് നിയമസഭാംഗത്വം രാജിവച്ചു. .

എ.ഐ.സി.സി. അംഗം, കെ.പി.സി.സി. എക്സിക്യൂട്ടീവ് അംഗം, കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, യു.ഡി.എഫ്. കോഴിക്കോട് ജില്ലാ കമ്മിറ്റി ചെയർമാൻ, തിരുവനന്തപുരം കോ-ഓപ്പറേറ്റീവ് ഇൻഷുറൻസ് സൊസൈറ്റി ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ആദ്യ വിദ്യാർത്ഥി സിൻഡിക്കേറ്റ് മെമ്പറും (1975-76) കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ വൈസ് ചെയർമാനുമായിരുന്നു (1973-74).

## മുൻ ഗവർണർ എച്ച്.ആർ.ഭരദ്വാജ്



മുൻ കേരള ഗവർണറും മുൻ കേന്ദ്രമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എച്ച്. ആർ.ഭരദ്വാജ് (82) മാർച്ച് 8 ന് അന്തരിച്ചു. 2009-2014 കാലയളവിൽ കർണാടക ഗവർണറായിരുന്ന എച്ച്.ആർ.ഭരദ്വാജ് 2012 ജനുവരി മുതൽ 2013 മാർച്ച് വരെ കേരള ഗവർണറുടെ അധികച്ചുമതല വഹിച്ചിട്ടുണ്ട്. ഹരിയാനയിലെ റോത്തക് സ്വദേശിയായ അദ്ദേഹം രാജീവ് ഗാന്ധിയുടേയും പി.വി. നരസിംഹറാവുവിന്റെയും മന്ത്രിസഭകളിൽ നിയമസഹമന്ത്രിയായിരുന്നു. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്ര മന്ത്രിസഭയിൽ നിയമ മന്ത്രിയായിരുന്നു. അഞ്ചു തവണ രാജ്യസഭാംഗമായിരുന്നു.

## മുൻ എം.എൽ.എ. ടി.നാണു മാസ്റ്റർ

കുന്നത്തൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് എട്ട്, ഒമ്പത്, പത്ത് നിയമസഭകളിൽ അംഗമായിരുന്ന ടി.നാണു മാസ്റ്റർ(78) മാർച്ച് 6 ന് അന്തരിച്ചു. ശാസ്താംകോട്ട ആയിക്കുന്നം




ചരിഞ്ഞവിള പുത്തൻ വീട്ടിൽ വി.തേവന്റേയും കുഞ്ഞിലിയുടെയും മകനായി 1942 ൽ ജനിച്ച നാണു മാസ്റ്റർ അദ്ധ്യാപക വൃത്തിയിൽ നിന്നുമാണ് രാഷ്ട്രീയത്തിലെത്തിയത്. ആർ.എസ്.പി. യിൽ നിന്ന് മത്സരിച്ചാണ് നിയമസഭാംഗമാകുന്നത്. കോൺഗ്രസിന്റെ പ്രമുഖ നേതാവായിരുന്ന കെ.കെ. ബാലകൃഷ്ണനെതിരെ വിജയം നേടി 1987 ൽ ആദ്യമായി നിയമസഭാംഗമായി. 2001 ൽ കോൺഗ്രസിൽ ചേർന്ന നാണു മാസ്റ്റർ കെ.പി.സി.സി. നിർവ്വാഹക സമിതി അംഗവും ദേശീയ കർഷക ഫെഡറേഷൻ സംസ്ഥാന സെക്രട്ടറിയുമായിരുന്നു. ആർ.എസ്.പി. സംസ്ഥാന കമ്മിറ്റി അംഗമായും കേരള കാഷ്യു വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു.

എട്ടാം കേരള നിയമസഭയുടെ പത്താമത് സമ്മേളനത്തിൽ ചെയർമാൻമാരുടെ പാനലിൽ അദ്ദേഹം അംഗമായിരുന്നു.

# സഭയുടെ ആദരാഞ്ജലി

## തോമസ് ചാണ്ടി



അന്തരിച്ച എം.എൽ.എ. തോമസ് ചാണ്ടിക്ക് കേരള നിയമസഭ ആദരാഞ്ജലി അർപ്പിച്ചു. 2020 ജനുവരി 31 നാണ് തോമസ്ചാണ്ടിക്ക് ചരമോപചാരം അർപ്പിച്ച് സഭ പിരിഞ്ഞത്. സൗഹൃദത്തിന് കക്ഷിരാഷ്ട്രീയം അതിരിടാത്ത വ്യക്തിത്വമായിരുന്നു തോമസ് ചാണ്ടിയുടേതെന്നും പ്രളയമുൾപ്പെടെ പ്രതിസന്ധിഘട്ടങ്ങളിൽ കുട്ടനാട്ടുകാർക്കൊപ്പം നിന്ന് അവരുടെ കണ്ണീരൊപ്പിയ ആളാണ് അദ്ദേഹമെന്നും സ്പീക്കർ അനുസ്മരിച്ചു. കായൽ ടൂറിസത്തിനു സാധ്യതകളൊന്നും കൽപ്പിക്കാതിരുന്ന കാലത്ത് തന്റെ വിദേശാനുഭവങ്ങളുടെ ബലത്തിൽ കായൽ ടൂറിസം മേഖലയിൽ മുതൽമുടക്കാൻ ധൈര്യം കാണിച്ച വ്യക്തിയാണ് അദ്ദേഹമെന്നും സ്പീക്കർ പറഞ്ഞു.

മുഴുവൻ വോട്ടർമാർക്കും പ്രാപ്യനായ ജനപ്രതിനിധിയും വികസന പദ്ധതികൾക്ക് ഖജനാവിൽ നിന്ന് പണം അനുവദിച്ചുകിട്ടാൻ കാത്തുനില്ക്കാതെ സ്വന്തം പണമുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കാനിറങ്ങിയ നേതാവുമാണ് തോമസ് ചാണ്ടിയെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. നേടിയതെല്ലാം നാടിനും നാട്ടുകാർക്കും ഉപകരിക്കുന്ന വിധത്തിൽ കുട്ടനാട്ടിൽ ചെലവിടാനാണ് അദ്ദേഹം ആഗ്രഹിച്ചതെന്നും ചരമോപചാരത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

ശ്രദ്ധേയമായ നിർദ്ദേശങ്ങളും മനുഷ്യത്വമുള്ള ഇടപെടലുമായിരുന്ന മനുഷ്യസ്നേഹിയായ രാഷ്ട്രീയ നേതാവും ജനകീയനായ വ്യവസായിയുമായ തോമസ്ചാണ്ടിയെ വ്യത്യസ്തനാക്കിയതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അനുസ്മരിച്ചു. വിവിധ കക്ഷിനേതാക്കൾ അനുശോചനം രേഖപ്പെടുത്തി സംസാരിച്ചു. അന്തരിച്ച വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.



## എൻ. വിജയൻ പിള്ള

ചവറ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച നിയമസഭാംഗം എൻ. വിജയൻ പിള്ളയ്ക്ക് മാർച്ച് 10 ന് കേരള നിയമസഭ ആദരാഞ്ജലി അർപ്പിച്ചു. ചവറയിലെ ആബാലവൃദ്ധം ജനങ്ങൾക്കും സുപരിചിതനായ എൻ. വിജയൻ പിള്ള കൊല്ലം ജില്ലയുടെയും വിശിഷ്യാ ചവറയുടേയും പുരോഗതിക്കായി അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ച വ്യക്തിയായിരുന്നുവെന്ന് സ്പീക്കർ അനുസ്മരിച്ചു. അദ്ദേഹം യുവാക്കൾക്കുവേണ്ടി നൈപുണ്യാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുന്നതിനും മേഖലയിലെ പ്രമുഖ ബിസിനസുകാരേയും പ്രവാസികളേയും ഏകോപിപ്പിച്ച് തൊഴിൽ നൽകുന്നതിനും ശ്രദ്ധേയ പ്രവർത്തനങ്ങൾ നടത്തി. ദീർഘകാലം പഞ്ചായത്തംഗമായിരുന്നതിന്റെ അനുഭവ സമ്പത്തും അതിലൂടെ ഉരുത്തിരിഞ്ഞ വ്യക്തിബന്ധങ്ങളുമാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിന് കരുത്തേകിയതെന്ന് സ്പീക്കർ സ്മരിച്ചു.

ചുറ്റുമുള്ളവരിലേയ്ക്ക് ഊർജ്ജം പകർന്നു നൽകി സ്വയമൊരു വിളക്കായി മാറാൻ ശ്രമിച്ച മനുഷ്യത്വത്തിന്റെ പ്രതീകമാണ് എൻ. വിജയൻ പിള്ള എന്ന് മുഖ്യമന്ത്രി പറഞ്ഞു. പാവപ്പെട്ടവർക്കുതകുന്ന ഒരു കാര്യവും മാറ്റിവച്ചുകൂടാ എന്ന കാര്യത്തിൽ അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നെന്നും ഈ സ്നേഹവും കരുതലുമാണ് വിജയൻ പിള്ളയെ ജനങ്ങൾക്ക് പ്രിയങ്കരനാക്കി മാറ്റിയതെന്നും അദ്ദേഹം അനുസ്മരിച്ചു.


ചെറിയ ചെറിയ പ്രശ്നങ്ങൾക്ക് ചെവി കൊടുത്തും അതു പരിഹരിച്ചും പ്രാദേശികമായി ജനകീയത നിലനിർത്തുന്നതിൽ വിജയിച്ച നേതാവായിരുന്നു എൻ. വിജയൻ പിള്ള എന്ന് പ്രതിപക്ഷ നേതാവ് അഭിപ്രായപ്പെട്ടു. വിജയൻ പിള്ളയുടെ നിര്യാണം മൂലം നിസ്വാർത്ഥനായ ഒരു പൊതുപ്രവർത്തകനെയാണ് നഷ്ടമായിരിക്കുന്നതെന്നും അദ്ദേഹം അനുസ്മരിച്ചു.

വിവിധ കക്ഷി നേതാക്കൾ ആദരാഞ്ജലി അർപ്പിച്ച് സംസാരിച്ചു. മൗനാചരണത്തിന് ശേഷം സഭ പിരിഞ്ഞു.

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...




### അഹന്തയും മുൻവിധിയും
ജെയ്ൻ ഓസ്റ്റിൻ
വിവ.ശ്രീകുമാരി രാമചന്ദ്രൻ
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O111,3JAN 32Q9
(ജെയ്ൻ ഓസ്റ്റിന്റെ 'Pride & Prejudice'എന്ന നോവലിന്റെ മലയാള പരിഭാഷ.)




### A Secret History of Compassion
Paul Zacharia
Chennai: Westland Publications, 2019
Call No: O111,3PAU Q9
((Novel)


### മാജിക് മൗണ്ടൻ



തോമസ് മൻ
വിവ.എൻ. മൂസക്കുട്ടി
തൃശ്ശൂർ: കറന്റ് ബുക്സ്, 2019
Call No: O113,3THO 32Q9
(തോമസ് മന്നിന്റെ 'Der Zauberberg'എന്ന ജർമ്മൻ നോവലിന്റെ മലയാള പരിഭാഷ)




### ജൂഠൻ: ഒരു ദളിതന്റെ ജീവിതം
ഓംപ്രകാശ് വാല്മീകി
വിവ.പി.എ. ഹമീദ്
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O152,1wN50OMP 32Q9
(എഴുത്തുകാരനും കവിയുമായ ഓംപ്രകാശ് വാല്മീകിയുടെ ആത്മകഥ)



### ദൈവത്തിന്റെ ചാരന്മാർ
ജോസഫ് അന്നംകുട്ടി ജോസ്
കോട്ടയം: ഡി.സി.ബുക്സ്, 2019
Call No: O32wJOSQ9
(ഓർമ്മക്കുറിപ്പുകൾ)




### അഷിതോർമ
എൻ. ശ്രീകുമാർ, എഡി.
വിവ. എൻ. മൂസക്കുട്ടി
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3wN56ASH Q9
(മലയാളത്തിന്റെ പ്രിയ കഥാകാരിയായ അഷിതയെക്കുറിച്ച് എഴുത്തുകാരും വായനക്കാരും സുഹൃത്തുക്കളും എഴുതിയ അനുസ്മരണ ലേഖനങ്ങൾ. ഒപ്പം പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ഏഴ് കഥകളും)





### ഹൈഡ്രേഞ്ചിയ
ലാജോ ജോസ്
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: O32,3LAJ Q9
(കുറ്റാന്വേഷണ നോവൽ)



### ദേശഭാവനയുടെ ആട്ടപ്രകാരങ്ങൾ
കലാചരിത്രം/ സാംസ്കാരിക ചരിത്രം
സുനിൽ പി. ഇളയിടം
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: NS 32 Q9
(ഭരതനാട്യം എന്ന ക്ലാസിക്കൽ നൃത്ത രൂപത്തെയും അതിന്റെ ചരിത്രത്തെയും വിശകലന വിധേയമാക്കുന്ന ഏഴ്പ്രബന്ധങ്ങളുടെ സമാഹാരം)





### എന്റെ കഥ
മെർലിൻ മൺറോ
കോഴിക്കോട്: പുസ്തകപ്രസാധക സംഘം, 2019
Call No: NWwN21MAR32Q9
(മെർലിൻ മൺറോയുടെ 'My Story'എന്ന ആത്മകഥയുടെ മലയാള പരിഭാഷ)




### My Seditious Heart
Collected Non-fiction
Arundhati Roy
Gurgaon: Penguin Random House, 2019
Call No: W.2 Q9
(Collection of political essays)




### ജനാധിപത്യ കേരളം
കെ. ബാലകൃഷ്ണൻ
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019
Call No: W.212 32Q9
(കേരളത്തിലെ ജനാധിപത്യത്തിന്റെ പിറവിയും വികാസ പരിണാമങ്ങളും ഹ്രസ്വമായും സമഗ്രമായും അവതരിപ്പിക്കുന്ന ഗ്രന്ഥം)




### Early Indians: The Story of Our Ancestors and Where We Came From
Tony Joseph
New Delhi: Juggernaut Books, 2019
Call No: V2 Q9
(This book provides an overview of the early stages of ancient Indian history, starting with the immigration from Africa of current humans to the age of Vedas )

### തിരുത്ത്
01/2020 ലക്കത്തിൽ 'മലബാർ ഡിസ്ട്രിക്ട് ബോർഡും ഖസാക്കിന്റെ ഇതിഹാസവും' എന്ന ലേഖനത്തിലെ പത്താം ഖണ്ഡികയിൽ ഒ.വി. ഉഷ എന്നത് ഒ.വി. ശാന്ത എന്നും നിയമസഭാ സമുച്ചയത്തിലെ പരിപാടികളിൽ ഭരണഘടനാ ദിനം നവംബർ 25 എന്നത് നവംബർ 26 എന്നും തിരുത്തി വായിക്കണമെന്നഭ്യർത്ഥിക്കുന്നു. - എഡിറ്റർ

## വിജ്ഞാനപഥം / ബജറ്റ്

1. കേരള നിയമസഭയിലെ ആദ്യ ബജറ്റ് അവതരിപ്പിച്ചത് ?

**സി.അച്യുതമേനോൻ** (1957 ജൂൺ 7 ന്)

2. കേരള നിയമസഭയിൽ ബജറ്റ് അവതരിപ്പിച്ച ആദ്യ മുഖ്യമന്ത്രി ?

**ആർ. ശങ്കർ** (1964 ഫെബ്രുവരി 28 ന്)

[സി.അച്യുത മേനോൻ (19.3.1971), ഇ.കെ.നായനാർ (28.3.1987), ഉമ്മൻ ചാണ്ടി (12.2.2016) എന്നീ മുഖ്യമന്ത്രിമാരും ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്.]

3. ബജറ്റിന് ഭരണഘടനയിൽ പ്രതിപാദിക്കുന്ന പേര്?

Annual Financial Statement -വാർഷിക ധനവിവരപത്രിക [അനുച്ഛേദം 112, 202]

4. ബജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് നിയമം മൂലം പ്രാബല്യം നൽകുന്ന ബിൽ?

**ധനകാര്യ ബിൽ (ഫിനാൻസ് ബിൽ)**

5. കേരള നിയമസഭയിൽ ഏറ്റവും അധികം തവണ ബജറ്റ് അവതരിപ്പിച്ച ധനകാര്യമന്ത്രി?

**കെ.എം.മാണി** ( 13 തവണ)

[ആദ്യ ബജറ്റ് അവതരണം 1976 ൽ, 1980 മുതൽ 1986 വരെ തുടർച്ചയായി 7 ബജറ്റുകൾ, 2011 മുതൽ 2015 വരെ 5 ബജറ്റുകൾ]

6. ഒരേ വർഷം രണ്ട് ബജറ്റ് അവതരിപ്പിക്കേണ്ടി വരുമ്പോൾ (തെരഞ്ഞെടുപ്പ് വർഷങ്ങളിൽ) ആദ്യ ബജറ്റിലെ തുകകൾ ഭേദഗതി വരുത്തി രണ്ടാമത്തെ ബജറ്റിനോടൊപ്പം സമർപ്പിക്കുന്ന രേഖ ?

Memorandum of Alterations (ഭേദഗതി പത്രിക)

7. ബജറ്റിന് നിയമസഭയുടെ അംഗീകാരം ലഭിക്കുന്നതു വരെയുള്ള കാലയളവിൽ ധനവിനിയോഗത്തിനായി സഭയിൽ അവതരിപ്പിക്കുന്ന സ്റ്റേറ്റ്മെന്റ്?

**വോട്ട് ഓൺ അക്കൗണ്ട്**

8. കേന്ദ്ര ബജറ്റ് അവതരിപ്പിച്ച മലയാളി?

**ജോൺ മത്തായി** - 1950 ഫെബ്രുവരി 28 ന് ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ആദ്യ ബജറ്റ് പാർലമെന്റിൽ അവതരിപ്പിച്ചു. (1949 -50 കാലയളവിൽ കേന്ദ്ര ധനകാര്യ മന്ത്രിയായിരുന്നു. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ റെയിൽ മന്ത്രി)


9. കേന്ദ്ര ബജറ്റ് അവതരിപ്പിച്ച ആദ്യ പ്രധാനമന്ത്രി?


**ജവഹർലാൽ നെഹ്റു** (1958-59). [ഇന്ദിരാഗാന്ധി (1969-71), രാജീവ്ഗാന്ധി (1987-88) എന്നീ പ്രധാനമന്ത്രിമാരും ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്.]

10. സ്വതന്ത്ര്യ ഇന്ത്യയുടെ ആദ്യ ബജറ്റ് അവതരിപ്പിച്ച ധനകാര്യ മന്ത്രി?

**ആർ.കെ.ഷൺമുഖം ചെട്ടി** [ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി (ലെജിസ്ലേറ്റീവ്) യിൽ 1947 നവംബർ 26 ന്]


സി.അച്യുതമേനോൻ


ആർ. ശങ്കർ


കെ.എം.മാണി


ജോൺ മത്തായി


ജവഹർലാൽ നെഹ്റു


ആർ.കെ.ഷൺമുഖം ചെട്ടി

# സെമിത്തേരികളിൽ ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം നിയമസഭ ബിൽ പാസ്സാക്കി

മലങ്കര ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾക്കിടയിൽ തർക്കമുള്ള പള്ളികളിൽ ശവസംസ്കാരം നടത്തുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾക്ക് നിയമനിർമ്മാണത്തിലൂടെ പരിഹാരമായി. ഇതു സംബന്ധിച്ച് 2020 ഫെബ്രുവരി 6 ന് സഭയിലവതരിപ്പിച്ച ബിൽ നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചു. തർക്കമുള്ള പള്ളികളോട് ചേർന്നുള്ള സെമിത്തേരികളിൽ ശവസംസ്കാരം നടത്തുന്നതിന് ഇരു വിഭാഗത്തിനും നിയമപരമായ അവകാശം നിയമം വ്യവസ്ഥ ചെയ്യുന്നു. എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും ബാധകമാകുന്ന വിധത്തിലായിരുന്നു ആദ്യം ബിൽ അവതരിപ്പിച്ചതെങ്കിലും പിന്നീട് ഓർത്തഡോക്സ് , യാക്കോബായ വിഭാഗങ്ങൾക്ക് മാത്രമായി ഇത് പരിമിതപ്പെടുത്തി.

ഫെബ്രുവരി 6-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ച ബിൽ അന്നേ ദിവസം തന്നെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നോ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നോ ആവശ്യപ്പെടുന്ന 105 ഭേദഗതി നോട്ടീസുകൾ ലഭിച്ചു. 2020 ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2020 ഫെബ്രുവരി 7-ാം തീയതി സഭയിൽ സമർപ്പിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 2020 ഫെബ്രുവരി 11-ാം തീയതി സഭ പരിഗണിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ സർക്കുലേറ്റ് ചെയ്യണമെന്നോ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നോ ആവശ്യപ്പെടുന്ന 103 ഭേദഗതി നോട്ടീസുകൾ ലഭിച്ചു. ബില്ലിലെ വിവിധ വകുപ്പുകൾ സംബന്ധിച്ച് 289 ഭേദഗതി നോട്ടീസുകൾ ലഭിച്ചു. ബില്ലിലെ ചില വകുപ്പുകൾക്ക് പുറമേ ശീർഷകത്തിലും ഭേദഗതി വരുത്തി 2020 ഫെബ്രുവരി മാസം 11-ാം തീയതി ബിൽ നിയമസഭ പാസ്സാക്കി. ഗവർണറുടെ അനുമതി ലഭിച്ച ബിൽ 2020 ലെ 1-ാം നമ്പർ ആക്ടായി പ്രസിദ്ധപ്പെടുത്തി.

ഒരു ബില്ലിന്റെ ശീർഷകം ഭേദഗതി ചെയ്യാനുള്ള ശിപാർശ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലാണ് ഉൾപ്പെടുത്തുന്നത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിന്റെ ശീർഷകത്തിൽ ഈ മാറ്റം വരുത്താറില്ല. ബില്ലിന്റെ ശീർഷകത്തിലെ മാറ്റം നിയമസഭയിലാണ് നടത്തുന്നത്.



# ഡൽഹിയുടെ രോദനങ്ങൾ

**പി. ശ്രീരാമകൃഷ്ണൻ**, സ്പീക്കർ

"മർദ്ദനത്തിന്റെയും ക്രൗര്യത്തിന്റെയും മലകൾ പഞ്ഞി പോലെ കാറ്റിൽ പറന്നകലുന്നത് ഞങ്ങൾ കാണും" - ഫയസ് അഹമ്മദ് ഫയസിന്റെ 'ഹം ദെഖേംഗേ' എന്ന കവിതയിലെ വരികളാണിത്. ആ വരികളുടെ ഊർജ്ജം ഉൾക്കൊണ്ടിട്ടാകണം ഡൽഹി ഷഹീൻബാഗിലെ തെരുവിൽ 'ഹം ദെഖേംഗേ' എന്ന് എഴുതിയിരിക്കുന്നത്. ഈ വരികൾ ഉദ്ധരിച്ചവരെ ദേശദ്രോഹികളായി കാണുന്നു, മുദ്ര കുത്തുന്നു. പാകിസ്ഥാനി ഇസ്ലാമായ കവി എഴുതിയ വരികളാണ് എന്ന ഒറ്റക്കാരണം മാത്രം നോക്കി ദേശദ്രോഹമെന്ന് അടയാളപ്പെടുത്തുമ്പോൾ അത് മതതീവ്രവാദത്തിന്റെ ഇരുപക്ഷങ്ങളായി മാത്രമേ കാണാനാകൂ (ഒരു മതത്തെ കുറിച്ച് സംസാരിക്കുന്നത് ദേശസ്നേഹവും മറ്റൊരു മതത്തെക്കുറിച്ച് സംസാരിക്കുന്നത് ദേശദ്രോഹവുമാകുന്നത് ഒരു ജനാധിപത്യ വ്യവസ്ഥയ്ക്ക് ചേർന്നതല്ലെന്ന് എങ്ങനെയാണ് നമുക്ക് പഠിപ്പിക്കാൻ കഴിയുക? ജനങ്ങൾ അധികാരത്തിലേറ്റിയവർ ജനതാല്പര്യത്തെ മാനിക്കണമെന്ന് എങ്ങനെയാണ് നാം മനസ്സിലാക്കിക്കുക?). അതുകൊണ്ടുതന്നെ, പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള




പ്രക്ഷോഭത്തിൽ ഈ വരികൾ ഉദ്ധരിക്കപ്പെടുമ്പോൾ അതിന് പല മാനങ്ങൾ ഉണ്ട് എന്നതാണ് ശരി. ബ്രിട്ടീഷ് ഇന്ത്യയിൽ ജനിച്ച്, വിഭജനത്തിന് ശേഷം പാകിസ്ഥാനിലായ ഒരു കവിയുടെ വരികളെ ഇന്ന് പൗരത്വ ഭേദഗതി നിയമത്തിന്റെ പശ്ചാത്തലത്തിൽ ഉദ്ധരിക്കുമ്പോൾ അതിൽ ചില ഓർമ്മപ്പെടുത്തലുകൾ കൂടി ഉണ്ട്, ചില മുന്നറിയിപ്പുകൾ ഉണ്ട്. ആ കവിത എഴുതപ്പെട്ട പശ്ചാത്തലമാണ് ഏറെ പ്രധാനം. സ്വതന്ത്ര പാകിസ്ഥാനിൽ, 1970 കളിൽ സിയ ഉൽ ഹഖ് സ്വയം തന്റെ ഭരണത്തെ 'പ്രവാചകന്റെ ഭരണ' മായി പ്രഖ്യാപിച്ച് ശരീഅത്ത് നിയമത്തിലൂടെ ഇസ്ലാമിക ഭരണം ശക്തിപ്പെടുത്താൻ നടത്തിയ സൈനിക നീക്കങ്ങളുടെ മർദ്ദന സ്വഭാവത്തേയും സ്ത്രീവിരുദ്ധതയേയും അഭിപ്രായസ്വാതന്ത്ര്യ നിഷേധത്തേയും പ്രകടമാക്കിയിരുന്നു. അതിനെ എതിർത്തുകൊണ്ട് ഫയസ് അഹമ്മദ് തന്റെ ഈ കവിത എഴുതുകയാണുണ്ടായത്. ആ ചരിത്ര സന്ദർഭം യഥാർത്ഥത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ഒന്ന്, അത് മതത്തെ മർദ്ദനോപകരണം ആക്കുന്നതിനെ എതിർക്കുന്നു. രണ്ടാമതായി സ്ത്രീകളടക്കമുള്ളവർക്ക് നീതി നിഷേധിക്കപ്പെടുക മാത്രമല്ല, അവർ ആക്രമിക്കപ്പെടുകയും ചെയ്യുന്നു. പിന്നെ, ഗുരുതരമായ രീതിയിൽത്തന്നെ അഭിപ്രായസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ ആ കവിത വന്ന കാലത്തിന്റേയും ചരിത്രത്തിന്റേയും സാഹചര്യങ്ങളെ ഒത്തുനോക്കുമ്പോൾ കവിതയുടെ പ്രസക്തിയും പ്രാധാന്യവും ഇന്ന് വളരെയധികം പ്രാമുഖ്യം നേടിയിരിക്കുന്നു.

അപ്പോൾ തീർച്ചയായും, ആ സാമൂഹിക - രാഷ്ട്രീയ അവസ്ഥ ഓർമ്മിപ്പിക്കപ്പെടുന്നു എന്നതിനാലാവണം ആ വരികൾ വീണ്ടും ഉദ്ധരിക്കപ്പെടുന്നത്. ഏത് മതവുമായി ബന്ധപ്പെട്ടതാണ് ആ വരികൾ എന്നതല്ല പ്രശ്നം. ആ വരികളിലൂടെ അദ്ദേഹം പ്രകടിപ്പിക്കാൻ ശ്രമിച്ച അഭിപ്രായസ്വാതന്ത്ര്യത്തിനും 'സ്വാതന്ത്ര്യം' എന്ന വാക്കിന്റെ മൂല്യത്തിനും വേണ്ടിയുള്ള ഒരു പോരാട്ടത്തിന്റെ പ്രതീകമാണ് ആ കവിത. അത് പാകിസ്ഥാനിൽ മറ്റൊരു തരത്തിലായിരുന്നുവെങ്കിൽ ഇന്ത്യയിൽ വേറൊരു തരത്തിലാണ് വായിക്കപ്പെടുന്നത് എന്ന് മാത്രം.

മതം രാഷ്ട്രത്തിന്റെ സ്വത്വത്തിലേക്ക് കടന്നു കയറാൻ ശ്രമിക്കുകയും മതവും അധികാരവും പരസ്പരം കൂടിക്കുഴയുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന ഒരു ദുരന്തത്തിലൂടെയാണ് പലപ്പോഴും നമ്മൾ കടന്നുപോകുന്നത്. എന്നാൽ ഈ സംഘർഷങ്ങളിലും ഏറ്റവും പ്രത്യാശ നൽകുന്നത് വിദ്യാർത്ഥികളുടേയും സ്ത്രീകളുടേയും അതിശക്തമായ ഇടപെടലുകൾ തന്നെയാണ്. ഇന്ത്യയുടെ മതേതര സ്വഭാവം ഉയർത്തിപ്പിടിക്കുന്നതിൽ വിദ്യാർത്ഥികളുടെ പങ്ക് ചെറുതല്ല എന്ന് ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള സർവകലാശാലകൾ തെളിയിച്ചു. നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രത്തിലും ഏറ്റവും ശക്തമായിരുന്ന ഒരു ധാരയായിരുന്നു വിദ്യാർത്ഥി സമൂഹത്തിന്റെ പോരാട്ടത്തിന്റെ ധാര.

വസ്ത്രത്തെപ്പോലും മതാത്മക യുക്തിയിൽ തളയ്ക്കുന്ന, മതേതരത്വം കാക്കാനുള്ള വിദ്യാർത്ഥികളുടെ പ്രക്ഷോഭത്തെ വർഗ്ഗീയ കലാപങ്ങളായി ചിത്രീകരിക്കാനാണ് പലപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് ചിത്രീകരിക്കാൻ ഭരണാധികാരികൾ ശ്രമിക്കുക സ്വാഭാവികമാണ്, ഇന്നത്തെ സാഹചര്യത്തിൽ. അവിടെ പോലീസ് എന്നത് നിയമപാലകരെന്നതിനേക്കാൾ മർദ്ദനോപകരണങ്ങളായി മാറുകയാണുണ്ടായത്. ഡൽഹി പോലീസിന്റെ 'ശാന്തി സേവ ന്യായ' എന്ന ആപ്തവാക്യത്തിന് ഒരു പരസ്യവാചകത്തിന്റെ വില പോലുമില്ലായെന്ന് അനുഭവങ്ങളിലൂടെ നമ്മൾ മനസ്സിലാക്കി. അശാന്തരായ എന്നല്ല, അക്രമാസക്തരായ ജനക്കൂട്ടം മാത്രമായി പോലീസ് മാറുമ്പോൾ എങ്ങനെയാണ് തങ്ങളുടെ കാവൽക്കാരായി ഒരു ജനാധിപത്യ സമൂഹം അവരെ കാണുക? ഒരു മർദ്ദനോപകരണത്തിനുപരിയായി ഒന്നുമല്ലാതെ ആവുന്നതുകൊണ്ടാണ് സഹപാഠിയെ വലിച്ചിട്ടു തല്ലുമ്പോൾ വിരൽ ചൂണ്ടിയ പെൺകുട്ടിക്കു മുമ്പിൽ അവർക്ക് തലകുനിക്കേണ്ടി വന്നത്. തങ്ങളുടെ ദേശത്തുയർന്ന മതിലിനപ്പുറമുള്ളവരും തങ്ങളുടെ സഹോദരങ്ങളാണെന്നും അവരുടെ സംരക്ഷണവും രാഷ്ട്രത്തിന്റെ ആഭ്യന്തര വിഷയമാണെന്നും ഭരിക്കുന്ന ഈ രാഷ്ട്രം അവരുടേത് കൂടിയാണെന്നും ചിന്തിക്കാനാവാത്ത അധികാരികളോട് ജനാധിപത്യ വിശ്വാസികൾക്ക് എങ്ങനെയാണ് രോഷം കൊള്ളാതിരിക്കാൻ സാധിക്കുക? എത്രയോ കൂടിയാലോചനകൾക്ക് ശേഷം, ലോകത്തിന്റെ വിവിധ രാജ്യങ്ങളിലെ അനുഭവങ്ങൾക്ക് ശേഷം, നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ആഴത്തിലുള്ള പഠനങ്ങൾക്ക് ശേഷം, വൈവിധ്യത്തിന്റെ, നമ്മുടെ വിശാലമായ സാഹചര്യങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്ക് ശേഷം സ്വാംശീകരിക്കപ്പെട്ട, പുരോഗമനവും വിശാലവുമായ സമത്വം എല്ലാവർക്കും ഉറപ്പാക്കിക്കൊണ്ട് രൂപം കൊടുത്ത ഭരണഘടനയുടെ അന്തഃസത്തയെയാണ് ചില ദിവസങ്ങൾ കൊണ്ട്, ചില അർദ്ധരാത്രി നേരങ്ങളിലെ കരുനീക്കങ്ങൾ കൊണ്ട് തച്ചുടയ്ക്കാൻ നോക്കുന്നത്. രാഷ്ട്രത്തിന്റെ ഭാവി വാഗ്ദാനങ്ങൾക്ക് എങ്ങനെയാണ് ഈ സാഹചര്യത്തിൽ നിഷ്ക്രിയരായിരിക്കാനാവുക? പുതിയ നിയമങ്ങൾ പെട്ടെന്ന് കൊണ്ടുവരുമ്പോഴും അതിന് പിന്നിൽ വർഷങ്ങളുടെ കുതന്ത്രങ്ങളും രാഷ്ട്രീയ ഉള്ളുകള്ളികളുമുണ്ടെന്ന് തിരിച്ചറിയുന്ന ഒരു സാധാരണ പൗരൻ എങ്ങനെയൊക്കെയാവും ചിന്തിക്കുക? എങ്ങനെയൊക്കെയാകും പ്രതികരിക്കുക?

ഇവിടെ ഷഹീൻബാഗ് ഒരു മാതൃകയാണ്. ഒരു പ്രത്യാശയാണ്. ജനാധിപത്യ സമരത്തിന്റെ ഉത്തമോദാഹരണമാണ്. പുതിയ കാലത്തിന്റെ സത്യാഗ്രഹമാണ്. രാജ്യമൊട്ടാകെ ഉള്ള പ്രതിഷേധങ്ങളെ പിന്തുണച്ച്, കേന്ദ്രസർവ കലാശാലകളിലെ വിദ്യാർത്ഥികൾക്കു നേരെയുണ്ടായ പോലീസ് അതിക്രമങ്ങൾക്കെതിരെ ഒരു നാട് മുഴുവൻ അണിനിരക്കുന്നത് നമ്മൾ കണ്ടു. അത് അതിന്റെ ജനകീയ സ്വഭാവത്തെയാണ് വെളിപ്പെടുത്തുന്നത്. കുട്ടികളേയുമെടുത്ത് രാപകൽ സ്ത്രീകൾ വളരെ അച്ചടക്കത്തോടെ സമരമുഖത്തിരിക്കുമ്പോഴും ഒരു രാഷ്ട്രീയ കക്ഷിയുടേയോ നേതാവെന്ന നിലയിൽ ചില വ്യക്തികളുടേയോ നേതൃത്വത്തിലല്ല ഒരു ജനക്കൂട്ടം അവിടെ സംഘടിക്കപ്പെട്ടത് എന്നത് അവരുടെ ഓരോരുത്തരുടേയും ഉള്ളിലെ ജനാധിപത്യ മൂല്യങ്ങളുടേയും ജനാധിപത്യ ദീപങ്ങളുടേയും രാഷ്ട്രീയ ബോധത്തിന്റെയും പ്രകടനമാണ്. അതുകൊണ്ടുതന്നെയാണ് ചർച്ച ചെയ്തും സമവായത്തിലെത്തിയും ആ സമരത്തെ അട്ടിമറിക്കാൻ ഭരണകൂടത്തിനാകാത്തത്. വീട്ടിടങ്ങളിൽ നിന്ന് തെരുവിടങ്ങളിൽ അവർ നിൽക്കുന്നത്. ഏറ്റവും സമാധാനപരമായി തങ്ങളുടെ വിയോജിപ്പും പ്രതിഷേധവും രേഖപ്പെടുത്തുന്നത് അവർക്ക് ജനാധിപത്യത്തിലുള്ള വിശ്വാസത്തേയും രാഷ്ട്രീയ ജാഗ്രതയേയുമാണ് വെളിപ്പെടുത്തുന്നത്. ഈ വർഷത്തെ റിപ്പബ്ലിക് ദിനത്തിൽ അവരുണ്ടാക്കിയ ചലനം ഇന്ത്യൻ ജനതയുടെ ഊർജ്ജമാണ്. പോസ്റ്ററുകളും ചുമർച്ചിത്രങ്ങളും കവിതാലാപനങ്ങളുമൊക്കെയായി ഏറ്റവും സർഗാത്മകമായി അവർ നടത്തുന്ന പ്രതിഷേധ പ്രകടനങ്ങൾ ഇന്നത്തെ ഇന്ത്യക്ക് സർഗാത്മക സമരത്തിന്റെ പുതിയ സൂര്യോദയമാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. അത് ഇന്ത്യയൊട്ടാകെ, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന മറ്റു രാഷ്ട്രങ്ങളിലേക്കുകൂടി പരക്കുന്ന ഒരു പ്രസ്ഥാനമായി വളരുക തന്നെ ചെയ്യും. കാരണം ഫാസിസത്തിന് എതിരെ ജനാധിപത്യ ഇന്ത്യയുടെ ഭരണഘടന ഉയർത്തിപ്പിടിച്ച് അവരോടൊപ്പം നമ്മളോരോരുത്തരും ഒറ്റയൊറ്റയായ - വേറിട്ട സ്വരങ്ങളിൽ എന്നാൽ ഒരുമിച്ച് പറയുക തന്നെ ചെയ്യും - 'We, the people of India' .

ഈ ചോദ്യങ്ങളും, ആശങ്കകളും ഞാൻ ഉന്നയിക്കുന്നത് 'അറിവോര' ത്തിലാണ്. നിയമസഭാ നടപടികൾ ജനങ്ങളിലേക്കെത്തിക്കാൻ ആരംഭിച്ച ഈ ന്യൂസ്ലെറ്റർ ജനാധിപത്യ മൂല്യങ്ങളുടെ ഫലമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷെ ഇതെഴുതുമ്പോൾ കേരളത്തിലെ രണ്ടു വാർത്താചാനലുകൾക്ക് കേന്ദ്രത്തെയും പോലീസ് ഇടപെടലിനേയും വിമർശിച്ചതിന്റെ പേരിൽ 48 മണിക്കൂർ വിലക്ക് നേരിടേണ്ട സാഹചര്യമുണ്ടായി എന്നത് നിർഭാഗ്യകരമാണ്, ഖേദകരമാണ്, അത് അവിശ്വസനീയവുമാണ്. ജനാധിപത്യത്തിന്റെ നാലാം തൂണെന്ന നിലയിൽ ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ പത്രമാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്. അതെപ്പോഴും ജനാധിപത്യത്തിലെ ശക്തവും നേരുള്ളതുമായ ഒരു പ്രതിപക്ഷമായി നിലകൊള്ളുന്നു; നിലകൊള്ളുകയും വേണം. എപ്പോഴും ജാഗരൂകമായ ഒരു കണ്ണെന്ന നിലയിൽ അധികാര ദുഃഷ്പ്രഭുത്വം ഭയക്കുകയും നിശ്ശബ്ദമാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ജനങ്ങളുടെ ജിഹ്വയുമാണത്. ആ ജനങ്ങളുടെ ജിഹ്വയെ തടഞ്ഞു വെച്ചാൽ എന്തു സംഭവിക്കുമെന്നത് എല്ലാക്കാലത്തും ചരിത്രം വ്യക്തമാക്കി തന്നിട്ടുണ്ട്.

സച്ചിദാനന്ദന്റെ വളരെ സുപ്രസിദ്ധമായ ഒരു കവിതയാണ് 'നാവുമരം'. ഒരു രാജ്യത്തെ സത്യം പറയുന്ന നാവുകളെല്ലാം അരിഞ്ഞ് ഒരു പൊട്ടക്കിണറ്റിൽ കൊണ്ടുപോയി കുഴിച്ചുമൂടാൻ ഭരണാധികാരി ആവശ്യപ്പെടുകയാണ്. ഭരണാധികാരിയുടെ ആവശ്യത്തിനനുസരിച്ച് നാവുകളെല്ലാം അരിഞ്ഞെടുത്ത് പൊട്ടക്കിണറ്റിലിട്ടെങ്കിലും പിന്നീട് അവിടെ ഒരു വൃക്ഷം വളർന്നുവന്നു. ആ വൃക്ഷത്തിന്റെ ചില്ലകളിൽ ഈ പറയുന്ന 'അരിഞ്ഞു വീഴ്ത്തിയ നാവുകൾ സത്യം ചിലച്ചുകൊണ്ടിരുന്നു' എന്നാണ് അദ്ദേഹം എഴുതിയത്. സത്യം എത്ര ആഴത്തിൽ കുഴിച്ചിട്ടാലും അത് ഇരുട്ടിനെ തുരന്ന് പുറത്തുവന്ന് വെളിച്ചത്തിലെത്തും എന്ന ഒരു വലിയ സന്ദേശം കൂടി അദ്ദേഹം 'നാവുമര' ത്തിലൂടെ നമുക്ക് നൽകുകയുണ്ടായി. നാവുമരത്തെക്കുറിച്ച് ഓർമ്മിച്ച്, സത്യം പറയുന്ന നാവുകളെ അരിഞ്ഞ് വീഴ്ത്തിയാൽ അത് ഏത് കാലത്തും പുറത്തു വരും എന്ന ഓർമ്മയും ഈ സന്ദർഭത്തിൽ നമുക്ക് അനിവാര്യമാണെന്ന് ഞാൻ കരുതുന്നു.



# സർക്കാരുകളിലെ സ്ത്രീപ്രാതിനിധ്യം ഉയരുന്നു

സർക്കാരുകളിലെ സ്ത്രീപ്രാതിനിധ്യം ആഗോളതലത്തിൽ ഉയരുന്നതായി പഠന റിപ്പോർട്ട്. രാഷ്ട്രീയത്തിൽ നയപരമായ തീരുമാനമെടുക്കുന്ന രംഗങ്ങളിലെ സ്ത്രീപ്രാതിനിധ്യം 2017 ലെയും 2019 ലെയും കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ നേരിയ പുരോഗതി കൈവരിച്ചതായി ഇന്റർ പാർലമെന്ററി യൂണിയന്റെ യു.എൻ. വിമൺമാപ് ഓഫ് വിമൺ ഇൻ പൊളിറ്റിക്സ് പുറത്തുവിട്ട കണക്കുകൾ പറയുന്നു. ഐക്യരാഷ്ട്രസഭയുടെ കമ്മീഷൺ ഓൺ ദ സ്റ്റാറ്റസ് ഓഫ് വിമൺ സംഘടിപ്പിച്ച പരിപാടിയിലാണ് സ്ത്രീപ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ പ്രഖ്യാപിച്ചത്.

2019 ൽ ലോകത്തെ 9 രാജ്യങ്ങളിലെങ്കിലും സ്ത്രീപ്രാതിനിധ്യം 50% ലേറെ ഉയർന്നിട്ടുണ്ട്. [ സ്പെയിൻ - 64.7%, നിക്കാരാഗ്വ-55.6%, സ്വീഡൻ - 54.4%, അൽബേനിയ- 53.3%, കൊളംബിയ- 52.9%, കോസ്റ്ററിക്ക - 51.9%, റുവാണ്ട - 51.9%, കാനഡ - 50%, ഫ്രാൻസ് - 50%] 2017 ൽ 6 രാജ്യങ്ങളിൽ മാത്രമേ 50% ലേറെ പ്രാതിനിധ്യമുണ്ടായിരുന്നുള്ളൂ.

ഇന്റർ പാർലമെന്ററി യൂണിയന്റെ 2019 ലെ ദ്വിവത്സര എഡിഷൻ റിപ്പോർട്ട് ലോക രാജ്യങ്ങളിലെ വനിതാമന്ത്രിമാരുടെ പ്രാതിനിധ്യം 2017 നെ അപേക്ഷിച്ച് 2.4% വർദ്ധിച്ചിട്ടുള്ളതായി ചൂണ്ടിക്കാട്ടുന്നു. ലോക വ്യാപകമായി വനിതാമന്ത്രിമാരുടെ പ്രാതിനിധ്യം അതിന്റെ എക്കാലത്തേയും മികച്ച ശതമാനമായ 20.7 ശതമാനത്തിൽ എത്തി നിൽക്കുന്നു.

ലോകാടിസ്ഥാനത്തിൽ വനിതാ എം.പി.മാരുടെ പങ്ക് 24.3% വും (2017 നെ അപേക്ഷിച്ച് 1 % കൂടുതൽ) വനിതാ സ്പീക്കർമാരുടെ എണ്ണം 19.7% വും (2017 നെ അപേക്ഷിച്ച് 0.6% കൂടുതൽ) ഡെപ്യൂട്ടി സ്പീക്കർമാരുടെ എണ്ണം 28.2% വും (2017 അപേക്ഷിച്ച് 1.6% കൂടുതൽ) ആണ്.

വനിതാ രാഷ്ട്രത്തലവൻമാരുടെ എണ്ണത്തിൽ കുറവാണ് സംഭവിച്ചിരിക്കുന്നത്. സർക്കാരിന്റെ തലപ്പത്തുള്ള സ്ത്രീകളുടെ എണ്ണം 5.7 ശതമാനത്തിൽ നിന്നും 5.2% ആയി കുറഞ്ഞു.

സർക്കാരിലെ കാബിനറ്റ് പദവിയുള്ള മന്ത്രിമാരുടെ എണ്ണത്തിൽ സ്ത്രീപ്രാതിനിധ്യത്തിന്റെ കാര്യത്തിൽ നേട്ടമുണ്ടാക്കിയ വിവിധ രാജ്യങ്ങളിലെ സ്ഥിതി താഴെപ്പറയും പ്രകാരമാണ്.

**എത്യോപ്യ** :- വനിതാ മന്ത്രിമാരുടെ എണ്ണം 2017 നെ അപേക്ഷിച്ച് 10% ൽ നിന്നും 2019 ൽ 47.6% ആയി വർദ്ധിച്ചു.

**മെക്സിക്കോ**:- വനിതാ മന്ത്രിമാരുടെ എണ്ണം 26.3% ത്തിൽ നിന്നും 42.1% ആയി ഉയർന്നു

**പാക്കിസ്ഥാൻ**: - വനിതാ മന്ത്രിമാർ ആരും ഇല്ലാത്ത 2012 ലെ അവസ്ഥയിൽ നിന്നും എക്കാലത്തേയും മികച്ച പ്രാതിനിധ്യമായ 12% ൽ എത്തിനിൽക്കുന്നു.


ഗബ്രിയേല ക്യൂവാസ്ബെറോൺ

**മിഡിൽ ഈസ്റ്റ് /വടക്കൻ ആഫ്രിക്കൻ രാജ്യങ്ങൾ**:- 31.8% വനിതാ പ്രാതിനിധ്യത്തോടെ മൗറിറ്റാനിയ ഒന്നാമതും 29%ത്തോടെ യു.എ.ഇ. രണ്ടാമതുമാണ്.

**പസഫിക്ക് റീജിയൺ**:- പലാവുവിന് രണ്ടും ടോങ്കോയ്ക്ക് ഒന്നും വനിതാ മന്ത്രിമാർ നിലവിലുണ്ട്.

ലോകവ്യാപകമായി മന്ത്രിതലത്തിലെ സ്ത്രീപ്രാതിനിധ്യം 2017 നെ അപേക്ഷിച്ച് നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും ചില രാജ്യങ്ങളിൽ ഗണ്യമായ തോതിൽ കുറഞ്ഞ സാഹചര്യവുമുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ സ്ലോവേനിയയിൽ 2017 നെ അപേക്ഷിച്ച് 25% കുറഞ്ഞു. 21.4% വനിതാ പ്രാതിനിധ്യമുണ്ടായിരുന്ന ലിത്വാനിയയിൽ വനിതാ മന്ത്രിമാരാരും ഇല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഫിലിപ്പീൻസിൽ 14.7%ൽ നിന്നും 10.3% ലേയ്ക്ക് താഴ്ന്നു. രണ്ട് വനിതാ മന്ത്രിമാരുണ്ടായിരുന്ന ജപ്പാനിൽ ഒരാളായി കുറഞ്ഞു.


ഫുംസില ലാംബോ ഗുവേക്ക

543 എം.പി.മാരുള്ള ഇന്ത്യയിൽ കാബിനറ്റ് പദവിയുള്ള വനിതാ മന്ത്രിമാരുടെ എണ്ണം 3 ആണ്; 2014 ൽ ഇത് 6 ആയിരുന്നു.


കെ.കെ.ശൈലജ ടീച്ചർ

വനിതാ മന്ത്രിമാർ ആരും തന്നെയില്ലാത്ത രാജ്യങ്ങളുടെ എണ്ണം 13 ൽ നിന്നും 11 ആയി കുറഞ്ഞിട്ടുണ്ട്. വനിതാ മന്ത്രിമാർ ഇല്ലാത്ത രാജ്യങ്ങൾ : അസർബൈജാൻ, കബലിസ, ബ്രൂണൈ, ഇറാഖ്, കിരിബാത്തി, ലിത്വാനിയ, പാപ്പുവ ന്യൂഗിനി, സെന്റ് വിൻസെന്റ്, സൗദി അറേബ്യ, തായ്‌ലണ്ട്, വന്വാതു.


ജെ. മെഴ്സികുട്ടിയമ്മ

വനിതാ മന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ കാര്യത്തിലും മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. പരമ്പരാഗതമായി സ്ത്രീകൾ കൈകാര്യം ചെയ്തിരുന്ന വകുപ്പുകൾ മാത്ര മല്ല പുരുഷൻമാർ കൈകാര്യം ചെയ്തിരുന്ന വകുപ്പുകളും ഇന്ന് സ്ത്രീകളുടെ കൈയ്യിൽ ഭദ്രമാണ്. 2017 ലെ കണക്കുകൾ പ്രകാരം ധനകാര്യവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെ എണ്ണത്തിൽ 53% ഉം പ്രതിരോധ വകുപ്പിൽ 30% വും വിദേശകാര്യത്തിൽ 14% ഉം വനിതാപ്രാതിനിധ്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

മെക്സിക്കൻ എം.പി.യും ഇന്റർ പാർലമെന്ററി യൂണിയന്റെ പ്രസിഡന്റുമായ ഗബ്രിയേല ക്യൂവാസ്ബെറോണിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. 'ജനാധിപത്യം യഥാർത്ഥത്തിൽ പ്രാതിനിധ്യപരവും കാര്യക്ഷമതയുള്ളതുമാകണമെങ്കിൽ സർക്കാർ തലത്തിൽ സ്ത്രീകളുടെ തുല്യപ്രാതിനിധ്യം അടിസ്ഥാനപരമായ ആവശ്യമാണ്. ഗുണകരമായ ചില നീക്കങ്ങളുണ്ടെങ്കിലും ഭൂരിഭാഗം സർക്കാരുകളുടെയും തലവൻമാർ പുരുഷൻമാർ തന്നെയാണ് എന്ന വസ്തുത നിലനിൽക്കുന്നു. ഇതു മാറ്റേണ്ടതിന്റെയും രാഷ്ട്രീയ തലത്തിൽ ലിംഗസമത്വം ഉറപ്പു വരുത്തേണ്ടതിന്റേയും ഉത്തരവാദിത്വം സ്ത്രീക്കും പുരുഷനും തുല്യമാണ്. തീരുമാനമെടുക്കുന്ന സ്ഥാനങ്ങളിലേയ്ക്ക് സ്ത്രീകൾ എത്തുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങളെ തിരിച്ചറിയേണ്ടത് ഈ ഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു'.

'മുന്നോട്ടുള്ളത് ക്ലേശകരമായ പാതയാണെങ്കിലും സ്ത്രീപ്രാതിനിധ്യത്തിലുള്ള വർദ്ധന ഒരു വലിയ പ്രചോദനമാണ്, പ്രത്യേകിച്ചും സ്ത്രീ പുരുഷ സമത്വം കൈവരിച്ച രാജ്യങ്ങളുടെ എണ്ണത്തിലുള്ള വർദ്ധന. വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന് ഇത്തരത്തിൽ ധീരമായ കാൽവയ്പുകളാണ് നമുക്ക് വേണ്ടത്.' (യു.എൻ. വിമൺ എക്സിക്യൂട്ടീവ് ഡയറക്ടർ, ഫുംസില ലാംബോ ഗുവേക്ക)

## കേരള നിയമസഭയിലെ സ്ത്രീപ്രാതിനിധ്യം

1957 മുതലുള്ള കേരള നിയമസഭകളിലെ സ്ത്രീപ്രാതിനിധ്യം താരതമ്യം ചെയ്യുമ്പോൾ 8 മുതൽ 14 വരെയുള്ള നിയമസഭകളിൽ വനിതാ പ്രാതിനിധ്യം നേരിയ തോതിൽ വർദ്ധിച്ചിട്ടുള്ളതായി കാണാം. ഒന്നാം കേരള നിയമസഭയിലെ വനിതാ പ്രാതിനിധ്യം

കേരള നിയമസഭകളിലെ സ്ത്രീ പ്രാതിനിധ്യം

| വർഷം | നിയമസഭ | വനിതാ അംഗങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1957-59 | I | 6 | 4.76% |
| 1960-64 | II | 7 | 5.56% |
| 1967-70 | III | 1 | 0.75% |
| 1970-77 | IV | 2 | 1.50% |
| 1977-79 | V | 1 | 0.71% |
| 1980-82 | VI | 5 | 3.57% |
| 1982-87 | VII | 5 | 3.57% |
| 1987-91 | VIII | 8 | 5.71% |
| 1991-96 | IX | 8 | 5.71% |
| 1996-2001 | X | 13 | 9.23% |
| 2001-2006 | XI | 8 | 5.71% |
| 2006-2011 | XII | 7 | 5% |
| 2011-2016 | XIII | 7 | 5% |
| 2016 | XIV | 9 | 6.42% |

4.76% ആയിരുന്നത് പത്താം കേരള നിയമസഭയിൽ എത്തുമ്പോൾ 9.23% ആയി വർദ്ധിച്ചിട്ടുണ്ട്. പതിനാലാം കേരള നിയമസഭയിലെ വനിതാ പ്രാതിനിധ്യം 6.42% ആണ്.

കേരള സംസ്ഥാനത്തിലെ മന്ത്രിസഭാംഗങ്ങളായിരുന്ന വനിതകൾ വിരലിലെണ്ണാവുന്നവർ മാത്രമാണ്. കെ.ആർ.ഗൗരി അമ്മ, എം.കമലം, എം.റ്റി.പത്മ, സുശീലാ ഗോപാലൻ, പി.കെ.ശ്രീമതി ടീച്ചർ, പി.കെ.ജയലക്ഷ്മി, കെ.കെ.ശൈലജ ടീച്ചർ, മേഴ്സിക്കുട്ടി അമ്മ എന്നിവരാണ് മന്ത്രിപദം അലങ്കരിച്ച വനിതകൾ. 1957 ലെ ഇ.എം.എസ്. മന്ത്രിസഭയിൽ റവന്യൂ മന്ത്രിയായിരുന്ന കെ.ആർ.ഗൗരി അമ്മ ഏറ്റവും കൂടുതൽ തവണ (6 തവണ) വനിതാ മന്ത്രിയായി പ്രവർത്തിച്ചു. ഗൗരിയമ്മ തന്നെയാണ് ഏറ്റവും കൂടുതൽ തവണ തെരഞ്ഞെടുക്കപ്പെട്ട വനിതാ എം.എൽ.എ.യും. കേരളത്തിലെ ആദ്യ പ്രോടെം സ്പീക്കർ ഒരു വനിതയായിരുന്നു എന്നത് ശ്രദ്ധേയമാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി സത്യപ്രതിജ്ഞ ചെയ്ത് നിയമസഭാംഗമായ റോസമ്മ പുന്നൂസ് ആദ്യ സഭയിലെ പ്രോടെം സ്പീക്കറുമായി.

1957 ൽ ആദ്യ നിയമസഭയിൽ കെ.ഒ.ഐഷാ ബായി ഡെപ്യൂട്ടി സ്പീക്കർ ആയി തെരഞ്ഞെടുക്കപ്പെട്ടു. 1960 ൽ എ. നഫീസത്ത് ബീവിയും ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. അവർ സ്പീക്കറുടെ പൂർണ്ണ ചുമതല വഹിച്ചിട്ടുണ്ട്. 1987 ൽ പ്രോടെം സ്പീക്കറായ ഭാർഗ്ഗവി തങ്കപ്പൻ അതേ നിയമസഭയിൽ തന്നെ ഡെപ്യൂട്ടി സ്പീക്കറായും തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽ ഒരേ സമയം രണ്ടു വനിതാ മന്ത്രിമാരുണ്ടായത് പതിനാലാം കേരള നിയമസഭയിലാണ്. 1960-64, 1970-77, 1977-79 കാലഘട്ടങ്ങളിൽ കേരളത്തിൽ വനിതാ മന്ത്രിമാരില്ലായിരുന്നു. കഴിഞ്ഞ രണ്ട് ദശകങ്ങൾ കേരളത്തിലെ പ്രാദേശിക രാഷ്ട്രീയ സാമൂഹ്യ രംഗത്തെ സ്ത്രീ സാന്നിദ്ധ്യത്തിന്റെ മുന്നേറ്റത്തിന് സാക്ഷ്യം വഹിച്ചു എന്നു പറയുമ്പോൾത്തന്നെ കേരളത്തിലെ മുഖ്യമന്ത്രിക്കസേരയിൽ ഇതുവരെ ഒരു വനിതയെ ഇരുത്തിയിട്ടില്ല എന്നുള്ളത് ചിന്തനീയമാണ്.

# ഇ – നിയമസഭ ; ഉപചോദ്യത്തിനുള്ള ബട്ടൺ റെഡി

കേരള നിയമസഭയുടെ പ്രവർത്തനം സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് കടലാസ് രഹിത നിയമസഭ എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി ആവിഷ്കരിച്ച 'ഇ-നിയമസഭ' പദ്ധതിക്ക് പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ തുടക്കമായി. ഇ-നിയമസഭ പദ്ധതി പ്രവർത്തനമാരംഭിക്കുന്നതായി ഗവർണർ പ്രഖ്യാപിച്ചു. ആദ്യഘട്ടമായി ഡിസ്പ്ലേ സൊല്യൂഷൻ എന്ന നിലയിൽ അംഗങ്ങളെ പദ്ധതി പരിചയപ്പെടുത്തി. ഗവർണർ വായിക്കുന്ന ക്രമത്തിൽ നയപ്രഖ്യാപന പ്രസംഗത്തിന്റെ പേജുകൾ കൺട്രോൾ റൂമിൽ നിന്നും അംഗങ്ങളുടെ ഡിസ്പ്ലേ ഡിവൈസുകളിൽ എത്തിച്ചു. ധനകാര്യവകുപ്പ് മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിനു ശേഷം പ്രസംഗം, ബജറ്റ് രേഖകൾ എന്നിവ അംഗങ്ങളുടെ കമ്പ്യൂട്ടറുകളിൽ ലഭ്യമായി.

ഇ-നിയമസഭയുടെ ഭാഗമായി സാമാജികരുടെ ഇരിപ്പിടങ്ങളിൽ 21 ഇഞ്ച് AIO (All in One) ടച്ച് കമ്പ്യൂട്ടർ സ്ഥാപിച്ചിരുന്നു. സ്പീക്കറുടെ ഡയസിൽ ക്രമീകരിച്ചിട്ടുള്ള രണ്ട് മോണിറ്ററുകളിലൂടെ അതതു സമയത്തെ ബിസിനസുകൾ കാണുന്നതിനും സഭാനടപടികൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നു. പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ ആപ്പ്, വെബ് പോർട്ടൽ എന്നിവ തയ്യാറാക്കുന്നതുവരെ അംഗങ്ങൾക്കായി നിലവിലുള്ള മൊബൈൽ ആപ്പിലൂടെ ബിസിനസ്സുകളുടെ രേഖകൾ ലഭ്യമാക്കി വരുന്നു.

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കുള്ള ഉത്തരം, ചോദ്യമുന്നയിച്ച അംഗത്തിനും മറുപടി പറയുന്ന മന്ത്രിക്കും ചോദ്യോത്തരവേള ആരംഭിക്കുന്നതിന് 15 മിനിറ്റ് മുൻപും, എല്ലാ അംഗങ്ങൾക്കും 'ലൈവ് സ്ട്രീമിംഗ്' ആയി മന്ത്രി മറുപടി നൽകുന്ന സമയത്തും ലഭിക്കുന്നതാണ്. ഉപചോദ്യങ്ങൾക്കായി കൈയുയർത്തുന്നതിനു പകരം തങ്ങളുടെ മേശപ്പുറത്തുള്ള കംപ്യൂട്ടറുകളിലൂടെ ഉപചോദ്യങ്ങൾക്ക് അവസരം ഒരുക്കി. ഈ സംവിധാനം നിരവധി അംഗങ്ങൾ പ്രയോജനപ്പെടുത്തി. ആപ്ലിക്കേഷനിലെ ഉപചോദ്യത്തിനുള്ള ബട്ടൺ പ്രസ് ചെയ്യുന്ന അംഗങ്ങളുടെ പട്ടിക സ്പീക്കറുടെ കമ്പ്യൂട്ടറിൽ ലഭ്യമാകുന്നതിലൂടെ, സ്പീക്കറുടെ ശ്രദ്ധയിൽപ്പെടാത്തതിനാൽ അംഗങ്ങൾക്ക് ഉപചോദ്യത്തിനുള്ള അവസരം ലഭിക്കാതെ വരുന്ന സാഹചര്യം ഒഴിവായി. നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി ഓൺലൈനായി ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാർ വകുപ്പുകളുമായി ചർച്ച നടത്തിയതിന്റെ ഫലമായി 50 ശതമാനത്തോളം ചോദ്യങ്ങൾക്ക് മറുപടി ഡിജിറ്റലായി ലഭിച്ചു.

ചോദ്യോത്തരവേള, അടിയന്തര പ്രമേയം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, നന്ദി പ്രമേയ ചർച്ച, ചരമോപചാരം തുടങ്ങി എല്ലാ ബിസിനസ്സുകളും പരിമിതമായെങ്കിലും ആപ്ലിക്കേഷനിലൂടെ നിർവ്വഹിക്കാൻ സാധിച്ചു. നടപടികളുമായി ബന്ധപ്പെട്ട രേഖകൾ അംഗങ്ങൾക്ക് കമ്പ്യൂട്ടറുകളിൽ ലഭ്യമാക്കുകയും തത്സമയത്തെ ബിസിനസ്സ് സംബന്ധിച്ച വിവരം, ബന്ധപ്പെട്ട അംഗങ്ങളുടെ പ്രൊഫൈൽ, ബിസിനസ്സ് സമയം, ചർച്ചയുടെ സമയക്രമം മുതലായവ സഭയിലെ പ്രധാന ഡിസ്പ്ലേകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു. അതതു സമയം നടക്കുന്ന ബിസിനസ്സുകൾ ഡിജിറ്റലായി എല്ലാ സാമാജികർക്കും മുന്നിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകളിലും, സഭയിലെ പ്രധാന ഡിസ്പ്ലേകളിലും ലഭ്യമാക്കി. ഇതിനായി പ്രസ് ഗ്യാലറിയോട് ചേർന്ന് കൺട്രോൾ റൂം സ്ഥാപിച്ചു.

മുഖ്യമന്ത്രി, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി എന്നിവർ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ മറുപടികളും, ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സബ്മിഷനുള്ള മറുപടിയും പുതിയ സംവിധാനം ഉപയോഗിച്ചാണ് വായിച്ചത്. ബജറ്റിൻമേലുള്ള പൊതുചർച്ചയ്ക്കുള്ള ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടി സമയത്ത് ബന്ധപ്പെട്ട രേഖകൾ അംഗങ്ങൾക്ക് ഡിജിറ്റലായി ലഭിച്ചു.

ഓരോ ദിവസത്തെയും 'ഡിജിറ്റൽ' കാര്യവിവരപ്പട്ടിക, കവർ എന്നിവ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തി. അംഗങ്ങൾക്ക് സ്പീക്കറുമായി സഭയ്ക്കുള്ളിൽ ആശയവിനിമയം നടത്തുന്നതിന് 'ചാറ്റ് 'സൗകര്യം ഏർപ്പെടുത്തി.

ഇ-നിയമസഭ' ആപ്ലിക്കേഷൻ അംഗങ്ങളെ പ്രാഥമികമായി പരിചയപ്പെടുത്തുന്നതിനായി നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. സമ്മേളന കാലയളവിൽ ആദ്യ ദിവസങ്ങളിൽ സഭയ്ക്കുള്ളിലും തുടർന്ന് കോൺഫറൻസ് ഹാൾ നം. 604 -ലും പരിശീലനം നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിന് സാമാജികരെ സഹായിക്കുന്നതിനായി സമ്മേളന സമയത്ത് നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സേവനം സഭാതലത്തിൽ ലഭ്യമാക്കി. സാമാജികർക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥിരം സംവിധാനമായി ഒരു ട്രെയിനിംഗ് ഹാൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇ-നിയമസഭാ പദ്ധതിയുടെ മേൽനോട്ടത്തിനും വിലയിരുത്തലിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സ്പീക്കർ ചെയർമാനും ഡെപ്യൂട്ടി സ്പീക്കർ, ഗവ. ചീഫ് വിപ്പ് എന്നിവരും സാമാജികരായ ജെയിംസ് മാത്യു, കെ.എൻ.എ. ഖാദർ, എ. പ്രദീപ് കുമാർ, കെ.എസ്. ശബരീനാഥൻ, ഷാഫി പറമ്പിൽ, എം. സ്വരാജ് എന്നിവർ അംഗങ്ങളുമായ ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ഇ-നിയമസഭ ആപ്ലിക്കേഷനുമായുള്ള ഇന്റഗ്രേഷൻ സംബന്ധിച്ച് സർക്കാർ വകുപ്പുകൾ, സ്പാർക്ക്, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ട്രഷറി, എൻ.ഐ.സി. എന്നിവരുമായി ചർച്ചകൾ നടന്നുവരുന്നു.

ഇ-നിയമസഭ പദ്ധതിയുടെ ഭാഗമായി അംഗങ്ങൾക്ക് ഐ-പാഡ് നൽകിക്കഴിഞ്ഞു. ബയോമെട്രിക് ലോഗിൻ സൗകര്യം, ഇ-വോട്ടിംഗ് സംവിധാനം എന്നിവ തുടർന്നുള്ള സമ്മേളനങ്ങളിൽ നടപ്പിലാക്കും.

## സഭാ ടി.വി. : ഉന്നതതല സമിതി രൂപീകരിച്ചു

സഭാ ടി.വി. യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നിയമസഭാ സാമാജികരെ ഉൾപ്പെടുത്തി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ഉന്നതതല സമിതി രൂപീകരിച്ചു. സഭാ ടി.വി.യുടെ പ്രോഗ്രാം എപ്പിസോഡുകളുടെ ഉള്ളടക്കവും പ്രോജക്ട് കോസ്റ്റും പരിശോധിച്ച് സംപ്രേഷണാനുമതി നൽകുന്നത് സംബന്ധിച്ച ശിപാർശ ചെയ്യുന്നതിനായി പതിമൂന്നംഗ സ്ക്രൂട്ടിണി/മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചു. മുൻ നിയമസഭാ സെക്രട്ടറി ഡോ.എൻ.കെ.ജയകുമാറാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ . നിലവിലുള്ള കണ്ടന്റ് ഡെവലപ്മെന്റ് കമ്മിറ്റിക്കു പുറമെയാണ് ഉന്നതതല സമിതിയും സ്ക്രൂട്ടിണി/ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിരിക്കുന്നത്.

സഭാ ടി.വി. യുടെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിനായി ചാനലുകളുമായി ചർച്ച നടത്തി. സംപ്രേഷണ സമയം, പ്രോഗ്രാം തുടങ്ങിയവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മുന്നോടിയായാണ് ചർച്ച നടത്തിയത്. ട്രയൽ റണ്ണിന്റെ ഭാഗമായി പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിൽ ചോദ്യോത്തരവേളയും ഗവർണറുടെ നയപ്രഖ്യാപന പ്രസംഗവും ബജറ്റ് പ്രസംഗവും ഫേസ് ബുക്ക്, യു-ട്യൂബ് - എന്നിവയിലൂടെ ലൈവ് സ്ട്രീമിംഗ് നടത്തിയിരുന്നു. ശൂന്യവേളയും നിയമനിർമ്മാണവും ഉൾപ്പെടെയുള്ള സഭാനടപടികൾ ഡെഫേർഡ്-ലൈവ് ആയും സ്ട്രീമിംഗ് ചെയ്തിരുന്നു. പത്തൊമ്പതാം സമ്മേളനവും ലൈവായും ഡെഫേർഡായും സ്ട്രീമിംഗ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സംപ്രേക്ഷണം ചെയ്ത പരിപാടികൾക്ക് സമൂഹമാധ്യമങ്ങളിൽ മികച്ച സ്വീകാര്യത ലഭിച്ചു.

## ചിത്രജാലകം


രക്തസാക്ഷി ദിനം: നിയമസഭ സമുച്ചയത്തിലെ മഹാത്മാ ഗാന്ധി പ്രതിമയിൽ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പുഷ്പാർച്ചന നടത്തുന്നു.


പഴയ അസംബ്ലി ഹാൾ നിയമസഭ സെക്രട്ടേറിയറ്റ് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നിയമസഭ സെക്രട്ടറി പൊതുഭരണ പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും താക്കോൽ സ്വീകരിക്കുന്നു


നിയമസഭാ സമുച്ചയത്തിലെ കരനെൽകൃഷി വിളവെടുക്കുന്നു.


നാഗാലാൻഡ് സ്പീക്കറും സെക്രട്ടറിയും കേരള നിയമസഭ സന്ദർശിച്ചപ്പോൾ


ഇ _ നിയമസഭ സംബന്ധിച്ച് മാധ്യമപ്രവർത്തകർക്കായി സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാം.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

# 'സരസ കവി' മൂലൂർ അനുസ്മരണം



ശ്രീമൂലം പ്രജാ സഭയിൽ അംഗമായിരുന്ന 'സരസ കവി' മൂലൂർ എസ്.പത്മനാഭപ്പണിക്കരുടെ 150-ാം ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് കേരള നിയമസഭയിലെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയും തിരുവനന്തപുരം മൂലൂർ ഫൗണ്ടേഷനും സംയുക്തമായി മൂലൂർ അനുസ്മരണം സംഘടിപ്പിച്ചു. ഫെബ്രുവരി 19 ന് നിയമസഭയുടെ ബാങ്ക്വറ്റ് ഹാളിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. ഡെപ്യൂട്ടി സ്പീക്കർ വി.ശശി അദ്ധ്യക്ഷത വഹിച്ച ചടങ്ങ് സഹകരണവും ടൂറിസവും വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. നിയമസഭാ മ്യൂസിയത്തിൽ സ്ഥാപിക്കുന്ന മൂലൂരിന്റെ ഛായാചിത്രം അദ്ദേഹം അനാച്ഛാദനം ചെയ്തു. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി അദ്ധ്യക്ഷ ഇ.എസ്.ബിജിമോൾ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ മുല്ലക്കര രത്നാകരൻ എം.എൽ.എ. പ്രഭാവർമ്മ, ജോർജ്ജ് ഓണക്കൂർ തുടങ്ങിയവർ സംസാരിച്ചു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ സ്വാഗതവും മൂലൂർ ഫൗണ്ടേഷൻ സെക്രട്ടറി പ്രൊഫ.എം.ആർ.സഹൃദയൻ തമ്പി കൃതജ്ഞതയും അർപ്പിച്ചു. തുടർന്ന് നടന്ന കവിയരങ്ങിൽ പ്രൊഫ. വി.മധുസൂദനൻ നായർ, മുരുകൻ കാട്ടാക്കട, സുമേഷ് കൃഷ്ണൻ. ഡോ.ആര്യാംബിക എസ്.വി. എന്നിവർ പങ്കെടുത്തു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

എ.എൻ.ഷംസീർ തലശ്ശേരി

## വികസനത്തിന്റെ പുതു മുഖവുമായി തലശ്ശേരി



തലശ്ശേരി നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പ്രതീക്ഷയായിരുന്ന ഇ.നാരായണൻ സ്മാരക തലശ്ശേരി സർക്കിൾ സഹകരണ യൂണിയൻ ഭവൻകെട്ടിടോദ്ഘാടനം ഫെബ്രുവരി 22 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

## പൊന്ന്യത്തങ്കം 2020

പൊന്ന്യം ഏഴരക്കണ്ടത്തിൽ പൊന്ന്യത്തങ്കം 2020 പരിപാടി വ്യവസായ വകുപ്പുമന്ത്രി ഇ.പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. വ്യത്യസ്ത കളരി സംഘങ്ങൾ ഏറ്റുമുട്ടുന്ന മെയ്യഭ്യാസങ്ങളും വാൾ പയറ്റിയുള്ള അഭ്യാസങ്ങളുമാണ് കാണികളിൽ ആവേശം പകർന്ന് ശ്രദ്ധേയമായത്.

## ഉശിരുള്ള കാലഘട്ടം ഉറങ്ങുന്ന മണ്ണിനിനി പുതുമോടി

തലശ്ശേരി പൈതൃകപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന തലശ്ശേരി സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ചിന്റെയും സെമിത്തേരിയുടെയും മറ്റു ഭൂപ്രകൃതിയുടെയും സംരക്ഷണത്തിന് 1.84 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.



## സാർത്ഥകമായ മറ്റൊരു ചുവടുവയ്പ്പ് കൂടി

ചമ്പാട്-കോപ്പാലം-തലശ്ശേരി-റോഡിന് 69 കോടി 79 ലക്ഷം രൂപയുടെ വികസന പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകി. ഏറെ ഗതാഗതകുരുക്ക് അനുഭവപ്പെടുന്ന ഈ റോഡ് വികസനവുമായി ബന്ധപ്പെട്ട നേരനുഭവം പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച വിശദമായ റിപ്പോർട്ടിനാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്.

# എ.പ്രദീപ് കുമാർ എം.എൽ.എ.യ്ക്ക് ടി.എൻ.ജി. പുരസ്കാരം



അടച്ചുപൂട്ടൽഭീഷണിയിൽനിന്ന് സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കാൻ യത്നിച്ച കോഴിക്കോട് നോർത്ത് നിയമസഭാംഗം എ.പ്രദീപ് കുമാറിന് ഏഷ്യാനെറ്റ് ചാനൽ ഏർപ്പെടുത്തിയ ടി.എൻ.ജി. പുരസ്കാരം. മണ്ഡലത്തിലെ സർക്കാർ വിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്കുയർത്തിയ 'പ്രിസം പദ്ധതി' ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതാണ് അദ്ദേഹത്തെ അവാർഡിനർഹനാക്കിയത്. പ്രശസ്ത മാധ്യമപ്രവർത്തകനും ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ ഇൻ ചീഫുമായിരുന്ന ടി.എൻ. ഗോപകുമാറിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയതാണ് ടി.എൻ.ജി. പുരസ്കാരം.

2006 ലാണ് എ. പ്രദീപ് കുമാർ ആദ്യമായി നിയമസഭാംഗമായത്. 13-ാം കേരള നിയമസഭയിലും അംഗമായിരുന്നു. സി.പി.എം വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന അദ്ദേഹം കോഴിക്കോടിന്റെ കലാകായിക- സാമൂഹ്യ ജീവിതത്തിൽ തനതായ പ്രവർത്തനശൈലിയുള്ള രാഷ്ട്രീയ നേതാവാണ്.



## കുടുംബസംഗമം

മണ്ഡലത്തിൽ ലൈഫ് പദ്ധതിയിലൂടെ വീട് ലഭിച്ചവരുടെ കുടുംബസംഗമവും മെഗാ അദാലത്തും കണ്ണൂർ കളക്ടറേറ്റ് മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ കെ.കെ.ശൈലജ ടീച്ചർ , ഇ.പി.ജയരാജൻ , രാമചന്ദ്രൻ കടന്നപ്പള്ളി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.



# ഐഡിയൽ സ്പീക്കർ പുരസ്കാരം സമ്മാനിച്ചു

പൂനെ എം.ഐ.ടി. സ്കൂൾ ഓഫ് ഗവൺമെന്റ് ഏർപ്പെടുത്തിയ 'ഐഡിയൽ സ്പീക്കർ' പുരസ്കാരം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഏറ്റുവാങ്ങി. ഫെബ്രുവരി 20 ന് ഡൽഹിയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ഉപരാഷ്ട്രപതി എം.വെങ്കയ്യ നായിഡുവാണ് അവാർഡ് സമ്മാനിച്ചത്.


സ്പീക്കറുടെ മറുപടി പ്രസംഗത്തിൽ നിന്ന്

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഏറ്റവും സുപ്രധാനവും ദുർഘടം പിടിച്ചതുമായ ഒരു കാലഘട്ടത്തിലൂടെയാണ് ഇന്ന് നമ്മുടെ രാജ്യം കടന്നുപോകുന്നത്. അധിനിവേശത്തിന്റെയും വർഗ്ഗവിവേചനത്തിന്റെയും മാനസിക തലത്തിൽ നിന്നും എല്ലാ പൗരന്മാർക്കും രാഷ്ട്രീയ സാമൂഹിക സാമ്പത്തിക നീതിയും മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും ഉറപ്പാക്കുന്ന ഒരു മതേതര ജനാധിപത്യ രാഷ്ട്രമായി നമ്മുടെ സ്വത്വത്തെ നാം ക്രമേണ മാറ്റിയെടുത്തു. ഭരണഘടനയുടെ ആമുഖത്തിൽത്തന്നെ നമ്മുടെ രാഷ്ട്രശില്പികൾ 'ഇന്ത്യ' എന്ന രാഷ്ട്രത്തിനും 'ഇന്ത്യ' എന്ന ആശയത്തിനും ഏറ്റവും സ്പഷ്ടവും ലളിതവുമായ വിശദീകരണം നൽകി. ആ രാഷ്ട്രത്തെയാണ് നാമെല്ലാവരും സേവിക്കുന്നത്. ആ രാഷ്ട്രസങ്കല്പത്തെയാണ് ഇന്നേവരെ നാം സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. വിഭജനവാദങ്ങളും അസഹിഷ്ണുതയും കൊടികുത്തിവാഴുന്ന ഈ വർത്തമാന കാലഘട്ടത്തിൽ, നമ്മുടെ ഭരണഘടനയിൽ ആലേഖനം ചെയ്തിട്ടുള്ള അടിസ്ഥാന തത്ത്വങ്ങളിൽ നമുക്കുള്ള വിശ്വാസത്തെ ആവർത്തിച്ച് പ്രഖ്യാപിക്കുകയും ഉറപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

വിഭജനവാദത്തിന്റെയും വിവേചനങ്ങളുടെയും കറുത്ത ശക്തികൾക്കെതിരായി പാർലമെന്റിന്റെ ഇരുസഭകളിലും നേതാക്കൾ നടത്തുന്ന പോരാട്ടത്തിനൊപ്പം എന്റെ സംസ്ഥാനത്തിലെ രാഷ്ട്രീയ നേതാക്കളും ജനപ്രതിനിധികളും ഒട്ടനവധി കുരിശുയുദ്ധങ്ങൾതന്നെ നടത്തി ക്കൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷങ്ങളിൽനിന്നും ഭൂരിപക്ഷങ്ങളിൽനിന്നും ഉയർന്നുകൊണ്ടിരിക്കുന്ന മൗലികവാദ ചിന്താഗതി നമ്മുടെ രാഷ്ട്രത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായിരിക്കുകയാണ്. കലുഷിതമായ ഈ വർത്തമാന കാലഘട്ടത്തിൽ എങ്ങനെ നമ്മുടെ രാഷ്ട്രത്തെ നേർവഴിക്ക് നയിക്കാൻ സാധിക്കും എന്നതിനെക്കുറിച്ചുള്ള ചിന്തകളും ചർച്ചകളും വിശകലനങ്ങളും ഇപ്പോൾ തുടങ്ങാനിരിക്കുന്ന ഈ യോഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ജനാധിപത്യം ഒരു ജീവിതരീതിയാണ്. നിഷേധിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരും തീക്ഷ്ണമായി കാംക്ഷിക്കുന്ന ഒരു മാന്ത്രിക ഭരണരീതിയാണത്. അതേസമയം, ജനാധിപത്യത്തിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ചവരാകട്ടെ അതിനെ ദുരുപയോഗം ചെയ്യുകയും നിരാകരിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു. ജനാധിപത്യം ചിലപ്പോഴെങ്കിലും ഒരു രോഗമായി മാറുന്നുണ്ടെങ്കിൽ, ജനാധിപത്യം തന്നെയാണ് അതിന്റെ പ്രതിവിധിയും.

പ്രിയ വിദ്യാർത്ഥികളെ, ജനാധിപത്യമൂല്യങ്ങളെ മുറുകെപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ട്, ഏതു വെല്ലുവിളികളെയും വിജയകരമായി അതിജീവിക്കുന്ന, കൂടുതൽ ശക്തമായ ഒരു ഇന്ത്യ വരുംതലമുറകൾക്ക് കൈമാറുകയെന്നത് നാളെയുടെ നാളങ്ങളായ നിങ്ങളുടെ ഉത്തരവാദിത്തമാണ്. ആ ഇന്ത്യ മാനവരാശിക്കുതന്നെ പ്രത്യാശയുടെ ഒരു തെളിദീപമായിരിക്കും. ഇത്രയും വിഭിന്നവും സംസ്കാരിക വൈവിധ്യം നിറഞ്ഞതുമായ ഒരു സമൂഹത്തിൽനിന്ന് ജനസമ്മതി നേടുകയെന്നത് ചെറിയ കാര്യമേയല്ല എന്ന് തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിലേക്കിറങ്ങിയ ഓരോരുത്തർക്കും അറിയാം. കേരള നിയമസഭയുടെ അധ്യക്ഷ പദവിയിലിരിക്കെ എന്റെ പ്രവർത്തനമേഖലയിൽ പാരമ്പര്യ രീതികളെ പുനർനിർവചിക്കാനും നൂതനാശയങ്ങളും അനുരഞ്ജനവും സമന്വയിപ്പിക്കാനും എളിയ രീതിയിൽ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ജനാധിപത്യമൂല്യങ്ങൾ വികസിപ്പിക്കാനുള്ള എന്റെ ഈ ശ്രമങ്ങൾ- വിദ്യാർത്ഥികൾക്കുവേണ്ടി ആയിരം ഭരണഘടനാ ക്ലാസ്സുകൾ, നിയമ നിർമ്മാണത്തിൽ പൊതുജനപങ്കാളിത്തം വർദ്ധിപ്പിക്കൽ, ഗ്രീൻ പ്രോട്ടോക്കോൾ, ഇ-നിയമസഭ, നാഷണൽ സ്റ്റുഡൻറ്സ് പാർലമെൻറ്. 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി'യോടനുബന്ധിച്ച് നിയമസഭാ വളപ്പിൽ നടത്തിയ സമ്മേളനങ്ങൾ, പാസ്സാക്കിയ നിയമങ്ങളുടെ പ്രഭാവം സംബന്ധിച്ചു നടത്തിയ പഠനങ്ങൾ, കേരള നിയമസഭയ്ക്കായി ഒരു ടി.വി. ചാനൽ എന്നിവയൊക്കെ - വിദൂര ദേശങ്ങളിലും വിചാരമതികളിലും മതിപ്പുളവാക്കിയിരിക്കുന്നു എന്ന വസ്തുത അത്യന്തം പ്രോത്സാഹജനകമാണ്. ഈ മഹത്തായ ബഹുമതിക്ക് എന്നെ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്ത ബഹുമാന്യനായ ഉപരാഷ്ട്രപതി ശ്രീ.വെങ്കയ്യ നായിഡുജി, എം. ഐ. ടി. കുടുംബം, അവാർഡ് സെലക്ഷൻ കമ്മിറ്റി എന്നിവരോടുള്ള എന്റെ അകൈതവമായ നന്ദി ഈ അവസരത്തിൽ ഞാൻ അറിയിച്ചുകൊള്ളുന്നു. വ്യത്യസ്ത വഴികളിലൂടെയാണെങ്കിലും നാം - എം. ഐ. ടി. വേൾഡ് പീസ് യൂണിവേഴ്സിറ്റിയും കേരള നിയമസഭയും ജനാധിപത്യ മൂല്യങ്ങൾക്കായി എന്നും അശ്രാന്തം പരിശ്രമിക്കുന്നവരാണെന്ന എന്റെ വിശ്വാസം ഇവിടെ പറയാതിരിക്കാൻ വയ്യ. മാത്രമല്ല, എം. ഐ. ടി. വേൾഡ് പീസ് യൂണിവേഴ്സിറ്റിയുമായി യോജിച്ച് പ്രവർത്തിക്കാൻ അവസരം ലഭിച്ചത് രണ്ടുകൂട്ടർക്കും അങ്ങേയറ്റം ചാരിതാർത്ഥ്യജനകവുമായിരുന്നു. പരിപാടിക്ക് എല്ലാവിധ വിജയവും ആശംസിച്ചുകൊണ്ടും നമ്മുടെ കാലഘട്ടത്തിലെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ ഭാരതീയ ഛാത്ര സൻസദ്ന്റെ ഈ പതിപ്പും തുടരുമെന്ന പ്രത്യാശയോടെയും ഉപസംഹരിക്കുന്നു.



# കെ.എസ്.ശബരീനാഥൻ മികച്ച യുവ സാമാജികൻ

എം.ഐ.ടി. സ്കൂൾ ഓഫ് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര യുവജന മന്ത്രാലയത്തിന്റെ സഹായത്തോടെ ഏർപ്പെടുത്തിയ ഭാരതീയ ഛാത്ര സൻസദിന്റെ ഏറ്റവും മികച്ച യുവ നിയമസഭ സാമാജികനുള്ള ദേശീയ പുരസ്കാരം കെ.എസ്. ശബരീനാഥൻ ഏറ്റുവാങ്ങി. കേന്ദ്ര ടൂറിസം മന്ത്രി പ്രഹ്ലാദ് സിംഗ് പട്ടേൽ, ഗോവ നിയമസഭാ സ്പീക്കർ രാജേഷ് പറ്റ്നേക്കർ, കേരള ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ എന്നിവർ ചേർന്നാണ് അവാർഡ് സമ്മാനിച്ചത്.

# മികച്ച സഭാനാഥനും സാമാജികനും ജീവനക്കാരുടെ സ്നേഹാദരം



'മാതൃകാ നിയമസഭാ സ്പീക്കർ' അവാർഡ് നേടിയ സ്പീക്കർ പി.ശ്രീരാമകൃഷ്ണനും 'മികച്ച യുവ നിയമസഭാ സാമാജികൻ' അവാർഡ് ജേതാവ് കെ.എസ്. ശബരീനാഥനും നിയമസഭാ ജീവനക്കാരുടെ സ്നേഹാദരം. കേരള നിയമസഭാ പ്രവർത്തനത്തിലെ നവീന ഉദ്യമങ്ങളും പരിഷ്കാരങ്ങളുമാണ് പൂനെ എം.ഐ.ടി. ഏർപ്പെടുത്തിയ ഇന്ത്യയിലെ മികച്ച സ്പീക്കർക്കുള്ള പുരസ്കാരത്തിന് പി.ശ്രീരാമകൃഷ്ണനെ അർഹനാക്കിയത്.

നിയമസഭയുടെ മെമ്പേഴ്സ് ലോഞ്ചിൽ ഫെബ്രുവരി 29 ന് സംഘടിപ്പിച്ച ചടങ്ങിലാണ് ഇരുവരെയും അനുമോദിച്ചത്. സഹകരണവും ദേവസ്വവും വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ ഇരുവർക്കും നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഉപഹാരം സമ്മാനിച്ചു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ, സ്പെഷ്യൽ സെക്രട്ടറി സി.ജോസ്, സർവ്വീസ് സംഘടനാ നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# സർഗ്ഗാത്മക നിയമസഭ സാമാജികരുടെ സാംസ്കാരിക കൂട്ടായ്മ

പതിനാലാം കേരള നിയമസഭയിലെ സാമാജികർക്കായി സഭാ സമ്മേളന ദിവസങ്ങളിൽ വൈവിധ്യമാർന്ന കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ലോകോത്തര സിനിമകൾ പ്രദർശിപ്പിക്കുന്നതിനുമായി ഒരു സാംസ്കാരിക കൂട്ടായ്മ പ്രവർത്തനപഥത്തിൽ. പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പീക്കർ അദ്ധ്യക്ഷനായി സാമാജികരുടെ ആറംഗ കമ്മിറ്റി രൂപീകരിച്ചു. പ്രൊഫ. കെ.യു. അരുണൻ, ജോൺ ഫെർണാണ്ടസ്, മുഹമ്മദ് മുഹസിൻ പി., ഡോ. എം.കെ. മുനീർ, ഐ.ബി. സതീഷ്, പി.ടി. തോമസ് എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ, ഡെപ്യൂട്ടി സെക്രട്ടറിമാരായ ജി.പി. ഉണ്ണിക്കൃഷ്ണൻ, വി.ജി. റിജു, അണ്ടർ സെക്രട്ടറി പി. ഹരിശങ്കർ, ഡെപ്യൂട്ടി ചീഫ് എഡിറ്റർ എസ്. ഷീജ, ഡെപ്യൂട്ടി ലൈബ്രേറിയൻ കെ.ആർ. പ്രീതാറാണി, സെക്ഷൻ ഓഫീസർ കെ.എം. കിരൺ ബോസ്, സ്പീക്കറുടെ പേഴ്സണൽ അസിസ്റ്റന്റ് സി. വിനോദ് എന്നീ ഉദ്യോഗസ്ഥരേയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സുപ്രീം കോടതി വിധി

# സുപ്രീം കോടതിക്ക് നേരിട്ട് അപ്പീലധികാരം നൽകുന്ന സംസ്ഥാന നിയമത്തിലെ വ്യവസ്ഥ നിലനിൽക്കുന്നതല്ല



സുപ്രീം കോടതിയുടെ അധികാരപരിധി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്ന നിയമ നിർമ്മാണത്തിന് സംസ്ഥാന ങ്ങൾക്ക് അവകാശമില്ലെന്ന് സുപ്രീം കോടതി. കക്ഷികൾക്ക് അപ്പീലിനായി സുപ്രീം കോടതിയെ നേരിട്ട് സമീപിക്കാമെന്ന ഛത്തിസ്ഗഡ് റെന്റ് കൺട്രോൾ ആക്ട് 2011 റദ്ദാക്കിക്കൊണ്ടാണ് പരമോന്നത കോടതിയുടെ വിധി. നിയമത്തിലെ 13(2) വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി വിധിച്ചു.

2019 ഡിസംബർ 10 നാണ് സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് ഛത്തിസ്ഗഡ് റെന്റ് കൺട്രോൾ ആക്ട് , 2011 ന്റെ 13(2) വകുപ്പ് ഭരണഘടനാ വിരുദ്ധമെന്ന് വിധിച്ചത്. 13(2) വകുപ്പ് പ്രകാരം റെന്റ് കൺട്രോൾ ട്രിബ്യൂണൽ വിധിക്കെതിരെ സുപ്രീം കോടതിയിൽ നേരിട്ട് അപ്പീൽ സമർപ്പിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ഛത്തിസ്ഗഡ് റെന്റ് കൺട്രോൾ ട്രിബ്യൂണൽ വിധിക്കെതിരെ ഒരു ഭൂവുടമ സുപ്രീം കോടതിയെ സമീപിച്ചതോടെയാണ് ഇക്കാര്യത്തിലെ ഛത്തിസ്ഗഡ് നിയമസഭയുടെ നിയമനിർമ്മാണാധികാരം സുപ്രീം കോടതിയുടെ പരിശോധനയ്ക്ക് വിധേയമായത്.

ഛത്തീസ്ഗഡ് നിയമസഭ പാസാക്കിയ നിയമം സുപ്രീം കോടതിക്ക് പുതിയ ന്യായാധികാരം വ്യവസ്ഥ ചെയ്യുന്നതല്ലെന്ന വാദം സുപ്രീം കോടതി അംഗീകരിച്ചില്ല. റെന്റ് കൺട്രോൾ ആക്ട് പ്രകാരം വ്യവസ്ഥ ചെയ്യുന്ന ന്യായാധികാരം ഭരണഘടനയുടെ അനുച്ഛേദം 136 പ്രകാരം സുപ്രീം കോടതിക്കുള്ള ന്യായാധികാരത്തിന് ആനുഷംഗികമായി / കൂട്ടിച്ചേർത്തതായി മാത്രമുള്ളതാണെന്ന വാദവും നിലനിൽക്കില്ലെന്ന് കോടതി വിധിച്ചു. അനുച്ഛേദം 136 പ്രകാരം സുപ്രീം കോടതി ഒരു സാധാരണ അപ്പീൽ കോടതി (regular court of appeal)യായല്ല പ്രവർത്തിക്കുന്നത്. അനുച്ഛേദം 136 പ്രകാരമുള്ള സുപ്രീംകോടതിയുടെ അപ്പീൽ അധികാരം എന്നതിനെ സാധാരണ അപ്പീൽ കോടതികളുടേയും ട്രൈബ്യൂണലുകളുടേയും അപ്പീൽ അധികാരവുമായി കൂട്ടിക്കുഴക്കേണ്ടതില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി.

സംസ്ഥാന നിയമസഭ പാസാക്കുന്ന നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അത് നിലവിലുള്ള കേന്ദ്ര നിയമത്തിന് വിരുദ്ധമായാലും സംസ്ഥാനത്ത് നിയമസാധുതയുള്ളതായിരിക്കും എന്ന വാദവും കോടതി നിരാകരിച്ചു. രാഷ്ട്രപതിയുടെ അംഗീകാരം എന്നത് സംസ്ഥാനത്തിന്റെയോ കേന്ദ്രത്തിന്റെയോ ഭരണഘടനാപരമായ നിയമനിർമ്മാണ അധികാരത്തിന്റെ കാര്യത്തിൽ ഒരു മാറ്റവും വരുത്തുന്നില്ല. രാഷ്ട്രപതിയുടെ അനുമതി ലഭിച്ചാലും സംസ്ഥാനത്തിന്റെ നിയമനിർമ്മാണാധികാരത്തിന് പുറത്തുള്ള ഒരു നിയമ നിർമ്മാണത്തിന് സാധുതയില്ലെന്ന് സുപ്രീം കോടതി വിധിച്ചു. ജസ്റ്റിസുമാരായ അരുൺ മിശ്ര, ഇന്ദിരാ ബാനർജി, വിനീത് ശരൺ, എം.ആർ. ഷാ, രവീന്ദ്ര ഭട്ട് എന്നിവരടങ്ങിയ ബഞ്ചാണ് 10.12.2019-ന് വിധി പുറപ്പെടുവിച്ചത്

(Rajendra Diwan v. Pradeepkumar Ranibala and Another)

സുപ്രീം കോടതിയുടെ ന്യായാധികാരപരിധി സംബന്ധിച്ച് നിയമങ്ങൾ നിർമ്മിക്കാൻ പാർലമെന്റിനു മാത്രമേ ഭരണഘടനാപരമായി അവകാശമുള്ളൂ എന്ന് കോടതി വ്യക്തമാക്കി. സുപ്രീം കോടതി ഒഴികെയുള്ള കോടതികളുടെ ന്യായാധികാരം സംബന്ധിച്ച നിയമങ്ങൾ മാത്രമേ സംസ്ഥാന നിയമസഭകൾക്ക് നിർമ്മിക്കാനാകൂ എന്നും കോടതി വിധിച്ചു.

സഭാ സമിതി ശിപാർശകൾ

# വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സംരക്ഷണത്തിന് നൂതന പദ്ധതികൾ നടപ്പിലാക്കണം : നിയമസഭാ സമിതി


കേരളത്തിന്റെ വനവിസ്തൃതി സംരക്ഷിക്കുന്നതിനും വനസമ്പത്ത് നിലനിർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതിനുപയുക്തമായ ശിപാർശകളടങ്ങിയ പ്രത്യേക റിപ്പോർട്ട് 2020 ഫെബ്രുവരി 5 ന് വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി അദ്ധ്യക്ഷൻ സഭയിൽ സമർപ്പിച്ചു.

മനുഷ്യസമൂഹത്തിന്റെ ദുരാഗ്രഹങ്ങളാണ് വികലമായ വികസന കാഴ്ചപ്പാടിലൂടെ അമൂല്യമായ വനസമ്പത്തിനും വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്കും ഭീഷണിയാകുന്നതെന്ന് സമിതി വിലയിരുത്തി. കാലാവസ്ഥാ വ്യതിയാനവും മഴയുടെ ലഭ്യതയിലുണ്ടായ കുറവും അനുദിനം ഉയരുന്ന അന്തരീക്ഷ താപനിലയും നൽകുന്ന സൂചനകൾ വിസ്മരിച്ച് പ്രവർത്തിച്ചതിന്റെ ഫലമാണ് കഴിഞ്ഞ വർഷത്തെ പ്രളയത്തിലൂടെ പ്രകൃതി തിരിച്ചു നൽകിയതെന്ന് സമിതി നിരീക്ഷിച്ചു. വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ദീർഘവീക്ഷണത്തോടെ നൂതന പദ്ധതികൾ നടപ്പിലാക്കണമെന്നും, നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

100% കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വന്ന പല പദ്ധതികളും പിന്നീട് 60% കേന്ദ്ര വിഹിതവും, 40% സംസ്ഥാന വിഹിതവും എന്ന രീതിയിൽ ക്രമീകരിക്കപ്പെട്ടു. 2017-18 സാമ്പത്തികവർഷം മുതൽ കേന്ദ്രവിഹിതം ലഭിച്ചതിനുശേഷം മാത്രം സംസ്ഥാന വിഹിതം നൽകുന്നതുമൂലം വന്യജീവി സങ്കേതങ്ങളുടെ പരിപാലനത്തിനായി ലഭിച്ചിരുന്ന തുകയിൽ ഗണ്യമായ കുറവ് ഉണ്ടാകുകയും, അത് ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നു എന്ന് സമിതി നിരീക്ഷിച്ചു. മുൻകാലങ്ങളിലെപ്പോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വന്യജീവി സങ്കേതങ്ങളുടെ പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാന വിഹിതമായ 40% തുക കേന്ദ്രസഹായം ലഭിക്കുന്നതിന് മുൻപ് ചെലവാക്കാനനുവദിക്കണമെന്നും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി നിയന്ത്രണത്തിൽ ഇളവ് നൽകണമെന്നും സമിതി ശിപാർശ ചെയ്തു. കേന്ദ്രസഹായം കുറവുവരുകയോ ലഭിക്കാതെ വരികയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വന്യജീവി സങ്കേതങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വരും വർഷം മുതൽ ഒരു പ്രത്യേക ബജറ്റ് ശീർഷകത്തിൽ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## പ്രധാന ശിപാർശകൾ

- കാട്ടാനശല്യം കുറയ്ക്കുന്നതിനായും കാട്ടാനകളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുമായി ആനകളുടെ സഞ്ചാരപഥത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളും ആനയുടെ ആവാസവ്യവസ്ഥകൾക്കിടയിൽ പ്രത്യേകം വേർതിരിക്കപ്പെട്ടുകിടക്കുന്ന പൊതുസ്ഥലങ്ങളും ഏറ്റെടുത്ത് ആനത്താരകളുടെ പുനരുദ്ധാരണം അടിയന്തരമായി നടപ്പിലാക്കണം.



ഫോട്ടോ: സി.സുശീൽ കുമാർ, മുൻ ജോയിന്റ് സെക്രട്ടറി, കേരള നിയമസഭ

- വന്യജീവി സംരക്ഷണ മേഖലകളോട് ചേർന്നു കിടക്കുന്നതും വന്യജീവി ശല്യം രൂക്ഷമായതുമായ സ്ഥലങ്ങളിലും ഉൾവനങ്ങളിലും അധിവസിക്കുന്നവരെ ഉഭയസമ്മത പ്രകാരം മതിയായ നഷ്ടപരിഹാരവും വനത്തിനു പുറത്ത് ഭൂമിയും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് അടിയന്തരമായി നടപ്പിലാക്കണം.
- വന്യജീവി ആക്രമണം രൂക്ഷമാകുന്ന സ്ഥലങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളെ ശാക്തീകരിക്കുന്നതിനും ആവശ്യമായ മുന്നറിയിപ്പുകളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. വന്യജീവികളുടെ ആവാസവ്യവസ്ഥ സമ്പുഷ്ടമാക്കുന്നതിനായി അവയുടെ ആഹാരത്തിന് ഉതകും വിധം മിശ്രഫല വൃക്ഷങ്ങൾ യഥേഷ്ടം വച്ചുപിടിപ്പിക്കുക, വെള്ളം, ഭക്ഷണം എന്നിവ കാട്ടിനുള്ളിൽത്തന്നെ ലഭിക്കുന്നതിനായി കാട്ടരുവികളും, ചതുപ്പുനിലങ്ങളും സംരക്ഷിക്കുക, ഈറ്റ, മുള തുടങ്ങിയവ വളർത്തുന്നതിനും നിലവിലുള്ളവയെ സംരക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക, നഷ്ടപ്പെട്ട പുൽമേടുകൾ പുനഃസ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കണം. വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ ജലസ്രോതസ്സുകളുടെ നവീകരണം, തടയണ നിർമ്മാണം എന്നീ പ്രവൃത്തികൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണം.
- കേന്ദ്ര സർക്കാരുമായി ചേർന്ന് വന്യജീവി കണക്കെടുപ്പുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും എല്ലാ വനമേഖലകളിലും വനം സ്റ്റേഷനുകൾ സ്ഥാപിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.
- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ട മുന്നൊരുക്കം വേനൽക്കാലത്തിന് മുൻപ് ആരംഭിക്കുകയും വനാതിർത്തികളിൽ ഒരുക്കുന്ന 5.20 മീറ്റർ വീതിയിലുള്ള ഫയർ ലൈനുകളുടെ നിർമ്മാണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുകയും ഇതിനായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യണം.
- വനങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെ സുരക്ഷിതമായ വിനോദസഞ്ചാരം നടത്തുന്നതു സംബന്ധിച്ച് വിനോദ സഞ്ചാരികൾക്ക് ബുക്ക്ലെറ്റുകൾ വഴിയും സോഷ്യൽ മീഡിയയിലൂടെയും മാർഗ്ഗ നിർദ്ദേശം നൽകണം.
- കുളത്തൂപ്പുഴ അരിപ്പയിൽ ആരംഭിച്ച ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫയർ ട്രെയിനിംഗ് സെന്ററിൽ കാട്ടുതീ പ്രതിരോധിക്കുന്നതിനുള്ള ട്രെയിനിംഗ് നൽകുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുകയും പരിശീലനം നൽകുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെ അടിയന്തരമായി നിയമിക്കുകയും ചെയ്യണം.
- കുട്ടികളിൽ വനസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കണം.

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512493, 2512667, 2512353; ഇ-മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org